# ദാഹിക്കുന്ന ആത്മാവ്



പി.വി.കുരിയാക്കോസ്

T62
K95

# ദാഹിക്കുന്ന ആത്മാവ്

NATIONAL BOOK STALL
SPCS
LTD.
KOTTAYAM

# ദാഹിക്കുന്ന ആത്മാവ്

(നാടകം)

DHARMARAM COLLEGE LIBRARY, BANGALORE. 26817

ഗ്രന്ഥകർത്താ
കുര്യാക്കോസ്

വില 1—50

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
ബേക്കർറോഡ് : : കോട്ടയം.

(Malayalam)

**DAHIKKUNNA ATMAVU**

(PLAY)

By P. V. KURIAKKOSE

irst Edition
ly 1967

**Price Rs. 1—50**

Copyright reserved.

Published by:
**The Vidyarthi Mithram Press & Book Depot,**
**Baker Road, Kottayam.**

Printed at
**The Vidyarthi Mithram Press,**
**Y. M. C. A. Road, Kottayam.**

O. N. 2623 1000

## ഈ നാടകത്തെക്കുറിച്ച്:—

ആറുവർഷങ്ങൾക്കു മുമ്പ് ഞാനൊരു നാടകമെഴുതി. എന്റെ ആദ്യത്തെ നാടകം. അതിന് ''ദാഹിക്കുന്ന ആത്മാവ്'' എന്നു പേരിട്ടു.

അന്നുതന്നെ ബോംബെയിലെ കലാപ്രേമികളായ ചില സുഹൃത്തുക്കളും ഞാനും ചേർന്ന് ദാഹിക്കുന്ന ആത്മാവ് രംഗത്തവതരിപ്പിച്ചു.

ഇന്ന്, പുസ്തകരൂപത്തിലാക്കുവാൻ വേണ്ടി ഞാനീ നാടകം പകർത്തിയെഴുതി; ഒട്ടേറെ മാററങ്ങളോടെ. എല്ലാം തികഞ്ഞ ഒരു നാടകമാണിതെന്ന് എനിക്കു പോലും അഭിപ്രായമില്ല. ഇനിയും, കൂടുതൽ നല്ല നാടകങ്ങൾ എഴുതണമെന്നാഗ്രഹമുണ്ടെനിക്ക്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ, ഞാനെന്റെ ഹൃദയത്തിന്റെ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുകയാണ്.

ഈ നാടകം ആദ്യമായി രംഗത്തവതരിപ്പിക്കുവാൻ എന്നോടൊപ്പം സഹകരിച്ച സുഹൃത്തുക്കളോട്, അന്ന് നിരൂപണലേഖനങ്ങളെഴുതി എനിക്ക് വെളിച്ചത്തിലേയ്ക്കു വഴികാണിച്ച സാഹിത്യകാരന്മാരോട്, എല്ലാററിലുമുപരി, എന്നെ 'നാടകകൃത്താ'ക്കി ഉയർത്തിയ ശ്രീ. തെങ്ങമം ബാലകൃഷ്ണനോട്, അങ്ങനെ പലരോടും എനിക്കു കടപ്പാടുകളുണ്ട്. അതൊക്കെ, ഒന്നോ രണ്ടോ വാചകങ്ങളിൽ പറഞ്ഞു തീർക്കാവുന്നതല്ല.

ബോംബെ,
25–1–'67.

കുര്യാക്കോസ്.

## കുര്യാക്കോസിൻെറ നാടകങ്ങൾ

ദാഹിക്കുന്ന ആത്മാവ്

കതിരുകാം

കുടുംബദോഷികാം

കുമ്പസാരം

## കഥാപാത്രങ്ങൾ

ബീന
രാജു
ജോണി
ജോസ്
ഭാസി
മേരി
വിൻസൺ
തോമാച്ചൻ
കൊച്ചേലി
കുഞ്ഞവിര.

ഇവരുടെയൊക്കെ ആത്മാവുകൾ ദാഹിക്കുന്നവയാണ്. ഓരോന്നും ഓരോന്നിനു വേണ്ടി.

## രംഗം 1

[ബോംബെയിലുള്ള ഒരു ഹോസ്പിററലിലെ നെഴ്സസ്സ് ക്വാർട്ടേഴ്സിൻെറ സന്ദർശകമുറി. കസേരകളും ടീപ്പോയികളും നിരത്തിയിരിക്കുന്നു. ടീപ്പോയ്മേലൊക്കെ ഫ്ളവർവേസും അതിൽ പൂക്കളുമുണ്ട്. ഒരരികുചേർന്ന് സ്റ്റൂളും അതിന്മേൽ ടെലഫോണും.]

രംഗം തുറക്കുമ്പോൾ "രാജു" 25 കാരനായ ഒരു യുവാവ് ഒരു ഇംഗ്ലീഷ് മാസിക മറിച്ചുനോക്കിക്കൊണ്ട്, ആരുടെയോ വരവും പ്രതീക്ഷിച്ചിരിക്കുന്നു. അടുത്തൊരു കസേരയിൽ 'അഴകിയ രാവണനെ'പ്പോലെ വേഷധാരണംചെയ്ത മറെറാരു യുവാവ് സിഗരററ് വലിച്ചുകൊണ്ടിരിപ്പുണ്ട്. ടെലഫോൺ മണിയടിച്ചുതുടങ്ങി. കുറെനേരം അതങ്ങിനെ തുടന്നു. പിന്നെ, കാക്കിവേഷധാരിയായ പ്യൂൺ പ്രവേശിച്ച് ഫോൺ കയ്യിലെടുത്തു്.

''ഹാല്ലോ...., കോൻ പായ്ജിയേ?....ങേ? കോൻ? ....വ്വ! റോംഗ് നമ്പർ''

അയാൾ പുറത്തേക്ക് നടക്കാനായി തിരിഞ്ഞപ്പോൾ ടെലഫോൺ വീണ്ടും മണിയടിച്ചുതുടങ്ങി. പ്യൂൺ അസഹ്യത ഭാവിച്ച് മടങ്ങിവന്നു്, റിസീവർ എടുത്തു് സ്റ്റൂളിന്മേൽവച്ചിട്ട് പുറത്തേക്കു പോയി. സിഗരററ് വലിച്ചുകൊണ്ടിരുന്ന യുവാവ് എഴുന്നേററു വന്നു് റിസീവർ കയ്യിലെടുത്തു് പറഞ്ഞു–

''യെസ്സ്, ഫയർബ്രിഗേഡ്, സെൻട്രൽസ്റ്റേഷൻ.''

[മറുവശത്തുനിന്നു് ഫോൺ ഡിസ്കണക്ററു് ചെയ്യുന്ന ശബ്ദം കേട്ട്, ചിരിച്ചുകൊണ്ട് അയാൾ പഴയസ്ഥാനത്തു വന്നിരുന്നു. അപ്പോൾ, മറെറാരു യുവാവ് പ്രവേശിക്കുന്നു. വേഷവിധാനത്തിൽ അയാളും മോശമല്ല. രണ്ടാമതു് പ്രവേശിച്ചയാൾ, ഒന്നാമനോടായി. ]

രണ്ടാമൻ:—ഹല്ലോ, നേരത്തെഎത്തിയോ? ആരെ കാത്തിരിക്കുകയാണ്?

ഒന്നാമൻ:—നീയാരെത്തേടിയാണ് എഴുന്നെള്ളിയത്?

രണ്ടാമൻ:—(ചിരിച്ച്) അതു നിനക്കറിഞ്ഞുകൂടെ അളിയാ....?''

ഒന്നാമൻ:—എന്നാൽപിന്നെ, അങ്ങിനെയൊരു ചോദ്യം എന്നോടു ചോദിക്കണോ?

രണ്ടാമൻ:—(നിരാശയോടെ)ഒരു രക്ഷേമില്ലളിയാ.

ഒന്നാമൻ:—നിരാശപ്പെടാനില്ല. ഒരു പുതിയ ബാച്ചു വന്നിട്ടുണ്ട്. പത്തെണ്ണത്തിനെ കേറിഹെഡ് ചെയ്താൽ, ഒന്നെങ്കിലും വീണുകിട്ടാതിരിക്കുമോ?

രണ്ടാമൻ:—പുതിയ ഇറക്കുമതിയാണെങ്കിൽ വലയിൽ വീഴാൻ എളുപ്പമുണ്ട്.

ഒന്നാമൻ:—(കൂട്ടുകാരൻെറ 'ടൈ'' പിടിച്ച് ഭംഗിയാസ്വാദിച്ചുകൊണ്ട്) ഇന്ന് പതിവിലധികം മിനുങ്ങിയാണല്ലോ പുറപ്പാട്. ഇതിനെന്തുകൊടുത്തു?

രണ്ടാമൻ:—നീയതിൽപിടിച്ചു വലിച്ച് അതിൻെറ കെട്ടഴിക്കല്ലേ. പിന്നെ ഞാനിതു് പോക്കററിലിട്ട് പോകേണ്ടിവരും.

ഒന്നാമൻ:—അതെന്താ, വീണ്ടും കെട്ടിക്കൂടെ?

രണ്ടാമൻ:—എൻെറ അളിയാ, ഇതേ, നമ്മുടെ അടുത്ത മുറിയിൽ താമസിക്കുന്ന മേനോൻെറ വകയാണ്. അയാളുതന്നെ കെട്ടിച്ചു വിട്ടതാ.... എനിക്കുണ്ടോ.... കഴുത്തിൽ കോണകം കെട്ടുന്ന പതിവ്?

ഒന്നാമൻ:–പിന്നെന്തിനാടെ ഇന്നീ ആത്മഹത്യയ്ക്കൊരുങ്ങിയത്.

രണ്ടാമൻ:—ഒരിംപ്രഷൻ ഒക്കെ വേണ്ടേ? (ടൈ തൊട്ടുകൊണ്ട്) ഇവൻ അക്കാര്യത്തിൽ സഹായിയാണ്.

[രാജു, ഈ യുവാക്കളുടെ സംസാരവും പെരുമാററവും ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുണ്ടെങ്കിലും, അയാൾ അവിടെയിരിക്കുന്നതായിപ്പോലും മററുള്ളവർ ഭാവിക്കുന്നില്ല.]

രണ്ടാമൻ:—ആട്ടെ, നീയിവിടെവന്നിട്ട് എത്രനേരമായി?

ഒന്നാമൻ:—അരമുക്കാൽ മണിക്കൂറായി.

രണ്ടാമൻ:—ആരെയും കണ്ടില്ലെ?

ഒന്നാമൻ:—ഒരു ജന്തുവിനെയും കണ്ടില്ല.

രണ്ടാമൻ:-നമുക്ക് പുറത്തിറങ്ങി, ഗേററിൻെറ സൈഡിൽ നിൽക്കാം. അതാണ് രക്ഷ.

ഒന്നാമൻ:—ശരിയാണ്. മണി അഞ്ചുകഴിഞ്ഞു. ശ്രീമതിമാരിപ്പോഠം ഈവനിംഗ്‌വാക്കിന് പുറത്തേക്കിറങ്ങും.

രണ്ടാമൻ:—(ശബ്ദം താഴ്ത്തി) ആ ഇരിക്കുന്നവനേതാണ്? മലയാളിയോ മറേറാ ആണോ?

ഒന്നാമൻ:—ഹേയ്. ഏതോ കൺട്രിയാണ്. അവൻെറയൊരു വേഷം കണ്ടില്ലെ?

രണ്ടാമൻ:-ഒരു ഷൂസുപോലും ഇല്ലാതെയല്ലെ നെഴ്‌സസ്കാർട്ടേഴ്‌സിലേക്ക് എഴുന്നള്ളിയിരിക്കുന്നത്!

ഒന്നാമൻ:-ഈയുള്ളവനൊക്കെ, 'അംബാസിഡർ'ഷൂസും വുള്ളൻ പ്യാൻറും, ടെരിലിൻ ഷർട്ടും, 'സോഡിയാക്'' ടൈയുമായി നടന്നുതുടങ്ങിയിട്ട് മാസങ്ങളായി. പച്ചതൊടാൻ പററിയിട്ടില്ല. എന്നിട്ടാണ് പിന്നെ ഇവനൊക്കെ രക്ഷകിട്ടുന്നത്!

[യുവാക്കളിരുവരും പുറത്തേക്കു പോയി. രാജു വായന നിറുത്തി ചിന്താധീനനായി ഇരിക്കുമ്പോൾ, ''ബീന'' കയ്യിൽ ചില പൊതിക്കെട്ടുകളുമായി കടന്നുവരുന്നു. ഇരുപതോ ഇരുപത്തിരണ്ടോ വയസ്സുള്ള, സുന്ദരിയായ ഒരു നെഴ്‌സാണ് ബീന.]

ബീന:—ഒററയ്ക്കിരുന്ന് മുഷിഞ്ഞോ?

രാജു:-ഒരു പ്രാവശ്യം വേഷം മാറാൻ ഇത്രയും സമയമെടുക്കുമെങ്കിൽ, ആയുസ്സിൻെറ മൂന്നിലൊന്ന് വേഷം മാറാൻ മാത്രമായി ചെലവാക്കണമല്ലോ.

ബീന:—കേട്ടോ പറയുന്നതു്? ഞാനെത്ര നേരമെടുത്തു? യൂണിഫോറമൊക്കെ മാററി, ഒന്നു് മേൽ കഴുകി. പിന്നെ സാരിയൊന്നുടുത്തു. അത്രയല്ലേയുള്ളു?

രാജു:—എന്നിട്ടാണോ....മുഖത്തു മൂന്നുകോട്ടു് പൗഡർ അടിച്ചിരിക്കുന്നതു്?

ബീന:—(ചിരിച്ചു്, സാരിത്തുമ്പുകൊണ്ടു് മുഖം തുടച്ചുകളഞ്ഞിട്ടു്...) ഓ, നന്നായിപ്പോയി. എന്റെ മുഖത്തല്ലേ?

രാജു:—പക്ഷേ, അതു കാണാൻ ഞാനിപ്പോഴും നിർബ്ബന്ധിതനാണല്ലോ.

ബീന:—(മന്ദഹസിച്ചു്, കാര്യമായി) പൗഡർ അധികമുണ്ടോ?

രാജു:—ഇല്ല.

ബീന:—കൂട്ടുകാരൻ വന്നില്ലേ?

രാജു:—ഇല്ല. ഉടനെ വരുമായിരിക്കും.

ബീന:—വന്നാൽ, വാർഡിലല്ലേ തിരക്കുകയുള്ളു?

രാജു:—അല്ല. ഞാൻ സിസ്റററിനോടു് പറഞ്ഞേല്പിച്ചിട്ടുണ്ടു്. ജോണി ഇങ്ങോട്ടു വരും.

ബീന:—എന്താ സിസ്റററോടു് പറഞ്ഞതു്? ടി. ബി. വാർഡിൽനിന്നു് നെഴ്സസ്സു് ക്വാർട്ടേഴ്സിലേക്കു മാററം കിട്ടിയെന്നോ?

[രാജു പൊട്ടിച്ചിരിക്കുന്നു. കൂടെ ബീനയും. അവരങ്ങിനെ ചിരിച്ചുകൊണ്ടിരിക്കുമ്പോൾ ടെലിഫോൺ മണിയടിച്ചു. പ്യൂൺ പ്രവേശിച്ചു്, റിസീവർ കയ്യിലെടുത്തു്.]

''ഹല്ലോ...., കോൻ പായ്ജിയേ...?....കോൻ?...ജോഗ്ലേക്കർ ബാബാ....? ഓ...ടീ കെ. ജേരാ താബ.......''

[റിസീവർ സ്റ്റാൻഡിന്മേൽ വച്ചിട്ടു് അയാൾ പുറത്തേക്കു പോയി.]

ബീന:—(കയ്യിലിരുന്ന പൊതിക്കെട്ട് രാജുവിനെ ഏല്പിച്ചുകൊണ്ട്) ഇതു കുറെ വിററാമിൻ ടോണിക്കാണ്. കൊണ്ടുപോയി കുടിച്ച് ഒത്തിരി വണ്ണം വയ്ക്കണം കേട്ടോ.

[രാജുവിൻെറ പ്രസന്നത മാഞ്ഞുപോവുകയും മുഖം മങ്ങുകയും ചെയ്തു. അല്പനേരത്തെ നിശ്ശബ്ദത.]

ബീന:—രാജു എന്താണീ ചിന്തിക്കുന്നത്?

രാ:ജു—ഞാനെൻെറ അമ്മച്ചിയെക്കുറിച്ചോർത്തുപോയി. ഞാൻ ക്ഷീണിച്ചിരിക്കുന്നതിൽ അമ്മച്ചിക്കെന്നും വേദനയായിരുന്നു. എന്തൊക്കെ ചെയ്തു നോക്കിയെന്നോ. ആ അമ്മച്ചി ഇന്നില്ല. അതിൽപിന്നീട് ക്ഷീണിച്ചിരിക്കുന്ന എന്നെക്കുറിച്ച് വേദനപ്പെടുന്നത് ബീനമാത്രമാണ്.

ബീന:—അങ്ങിനെയൊക്കെയാണ് രാജു. ചിററമ്മയുടെ ആട്ടും തുപ്പും അനുഭവിച്ചറിഞ്ഞാണല്ലോ ഞാനും വളന്നതു്. അതൊക്കെ ഓത്താൽ ഇന്നുമെനിക്കെൻെറ കണ്ണുനിറയും.

രാജു:—അമ്മച്ചി മരിച്ചതിനുശേഷം, ഞാൻ അച്ചാച്ചൻെറ വീട്ടിൽതാമസിച്ചാണ് പഠിച്ചതും വളന്നതും. ഒരു കാര്യത്തിനും അപ്പച്ചനെ ബുദ്ധിമുട്ടിച്ചിട്ടില്ല. ആദ്യമായി അല്പം കാശു് ആവശ്യപ്പെട്ടതു്, ക്ഷയരോഗിയായി ആശുപത്രിയിൽ കിടക്കുമ്പോഴാണ്. എന്നിട്ട്...എന്നിട്ട്.... (അയാരം സങ്കടമൊതുക്കി)

ബീന:—വീട്ടിൽനിന്നു് പണം വരാതിരുന്നതുകൊണ്ട്, രാജുവിൻെറ ആവശ്യങ്ങളൊന്നും സാധിക്കാതിരുന്നില്ലല്ലൊ.

രാജു:—ഇല്ല. എന്നാലും ഒരു മറുപടിപോലും അപ്പച്ചൻ എനിക്കയച്ചില്ലല്ലോ. എന്നോക്കുമ്പോരം വേദന തോന്നുന്നു ബീനേ,

ബീന:—അതൊക്കെ മറക്കാൻ ശ്രമിക്കൂ. ങാ, ഒരു കാര്യം പറഞ്ഞേക്കാം. മരുന്നു കഴിച്ച് വിശ്രമമെടുത്താൽ മാത്രം പോരാ. സന്തോഷമായിരിക്കുകയും വേണം. അല്ലെങ്കിൽ, ചിലപ്പോഠം, വീണ്ടും 'അററാക്കു' ണ്ടാകും.

രാജു:—മരുന്നു് പണം കൊടുത്താൽ കിട്ടും. ജോലിയൊന്നു മില്ലാത്തവനു്, വിശ്രമത്തിനും പ്രയാസമില്ല. സന്തോഷത്തിനു് എവിടെപോകും?

ബീന:—രാജുവിനു്എന്തോത്തിട്ടാണു് സന്തോഷക്കുറവു്?

രാജു:—അതു് ശരിയാണു്. മുകളിലേക്കു് നോക്കിയാൽ ആകാശവും, താഴെ ഭൂമിയും. പിന്നെ സന്തോഷക്കു റവിനു് കാരണമൊന്നുമില്ല.

ബീന:—ഇത്രയേറെ നിരാശ മനുഷ്യനു് നന്നല്ല.

രാജു:—ഉപദേശംപോലെ എളുപ്പമുള്ള മറെറാരു കാര്യ മില്ല.

ബീന:—ഇതു് കയ്യിൽ വച്ചോളൂ. (അവഠം ചെറിയൊരു പേഴ്സു് രാജുവിനെ ഏല്പിച്ചു)

[രാജു പേഴ്സ് തുറന്നുനോക്കി. അതിൽ പത്തുരൂപാനോട്ടുക ളാണു്. അയാളതു് തിരിച്ചുകൊടുക്കാൻ ശ്രമിക്കുന്നു.]

രാജു:—വേണ്ട ബീനേ... ഇതു വേണ്ട.

ബീന:—എന്തേ രാജു?

രാജു:—ഈ പണം എനിക്കു വേണ്ട.

ബീന:—ഓ ...? നെഴ്സിന്റെ പണമായതുകൊണ്ടായി രിക്കും

രാജു;—(വേദനയോടെ ഒന്നു നോക്കിയതേയുള്ളൂ. മിണ്ടി യില്ല.)

ബീന:—ആ നോട്ടുകളൊന്നു മണപ്പിച്ചുനോക്കൂ അതിൽ എന്റെ വിയർപ്പിന്റെ മണം മാത്രമെ കാണൂ.

രാജു:—അല്ലെന്നു് ഞാൻ പറഞ്ഞോ?

ബീന:—രാജു പറഞ്ഞില്ല. പക്ഷെ പലക്കുമൊരു ധാരണയുണ്ടു്....നെഴ്സിൻെറ പണം പരിശുദ്ധമല്ലെന്നു്.

രാജു:—ശരിയാണു്. ബീനയെ കണ്ടുമുട്ടുന്നതിനു് മുമ്പു്, നിങ്ങളെയൊക്കെക്കുറിച്ചു് എനിക്കും ചില തെററായ ധാരണകളുണ്ടായിരുന്നു. എന്നാൽ ഞാനതു തിരുത്തി.

ബീന:—എങ്ങിനെ തിരുത്തി?

രാജു:—നെഴ്സിനെക്കുറിച്ചെന്താണഭിപ്രായം? എന്നു് ഇപ്പോഴാരെങ്കിലും എന്നോടു് ചോദിച്ചാൽ, നിസ്വാർത്ഥതയുടെ സംഗീതം പാടുന്ന സ്നേഹത്തിൻെറ മാലാഖമാർ എന്നേ ഞാനുത്തരം പറയൂ.

ബീന:—കവിതയൊക്കെ വീട്ടിൽ ചെന്നിട്ടു്. ഇപ്പോരം വേറെ വല്ലതും പറയൂ.

രാജു:—എന്താ പറയേണ്ടതു്?

ബീന:—രാജു ഇപ്പോഴെങ്ങോട്ടാണു് പോകുന്നതു്?

രാജു:—നിങ്ങരം ഇവിടുന്നു പുറത്താക്കുകയല്ലേ? ഇനി എങ്ങോട്ടെങ്കിലും പോകാതെ പററുമോ?

ബീന:—സുഖക്കേടു് മാറിയാലും ഇവിടെത്തന്നെ ഇട്ടേക്കുമെന്നാണോ കരുതിയതു്....? പറയൂ രാജു ...എങ്ങോട്ടാണു് പോകുന്നതു്?

രാജു:—ജോണിയുടെ മുറിയിലേക്കു്. വേറെവിടെ പോകാൻ?

ബീന:—പോകുന്നതിനു മുമ്പു് ആ പാട്ടൊന്നു കുറിച്ചുതരണമെന്നു് പറഞ്ഞിട്ടു് തന്നില്ലല്ലൊ.

രാജു:—ഏതു പാട്ടു്?

ബീന:— അന്നു് വാർഡിൽ കിടന്നു് ഒരിക്കൽ പാടിയില്ലേ?

''മാലാഖമാരെ''—എന്ന ഒരു പാട്ട്.

രാജു:—(മനഃപൂർവ്വം)ഓ-ഞാൻ അതങ്ങു മറന്നുപോയി.

ബീന:—അത്രയ്ക്കേയുള്ളു ഞാൻ ചോദിച്ചതു് അപ്പോഴെ മറന്നു. ഇവിടെ നിന്നിറങ്ങിയാൽ എന്നെയും മറക്കും.

രാജു:—മറക്കും.

ബീന:—എനിക്കറിയാമെന്നേ.

രാജു:—''അറിയാൻ പാടില്ല'' എന്നു ഞാൻ പറയുന്നു. [പാൻറിൻെറ പോക്കററിൽനിന്നു് പാട്ടെഴുതിയ കട ലാസു് എടുത്തു കൊടുക്കുന്നു.]

(ഡോക്ടർ വിത്സൺ കടന്നു വരുന്നു.)

ബീന:—ഗുഡ്ഈവനിംഗ് ഡോക്ടർ.

ഡോക്ടർ:—ഗുഡ്ഈവനിംഗ്. മേരി വർഗ്ഗീസിനെ കണ്ടുവോ?

ബീന:—അവരു ഡ്രസ്സു് ചെയ്യുന്നു.

ഡോക്ടർ:—(രാജുവിനെ നോക്കി) ഇതു്, ററി. ബി. വാർഡിൽ ഉണ്ടായിരുന്ന പേഷ്യൻറല്ലെ?

ബീന:-അതെ ഡോക്ടർ.

ഡോക്ടർ:—നൗ, ഹീയീസു് ആംററൈറു്...., നോ—?

ബീന:—യെസു് ഡോക്ടർ.

ഡോക്ടർ:—ആ മേരിവർഗ്ഗീസിനോടൊന്നു പറയൂ. ഞാനിവിടെ വെയിററു് ചെയ്യുന്നെന്നു്.

ബീന:—(രാജുവിനോടു്) ഒരു മിനിററു്. ഇതാ വരുന്നേ.

(അവൾ എഴുന്നേററു് വാതിൽക്കലോളം ചെന്നപ്പോൾ, മേരി വരുന്നതു കാണുന്നു. തിരിഞ്ഞു നടന്നുകൊണ്ടു് ''അവൾ വരുന്നുണ്ടു് ഡോക്ടർ'' എന്നു പറഞ്ഞു് രാജുവിൻെറ സമീപം വന്നിരുന്നു.)

രാജു:—ആ പ്യൂൺ ടെലഫോൺ എടുത്തു് താഴെ വച്ചിട്ടു് പോയിട്ടു് ഇതു വരെ കണ്ടില്ലല്ലൊ.

ബീന:—അയാളു ആ വഴി എവിടെയെങ്കിലും പോയിക്കാണും.

രാജു:—എന്നാൽ ആ റിസീവർ എടുത്തു് നേരെ വയ്ക്കുകയെങ്കിലും ചെയ്യുകൂടെ?

ബീന:—ഇവിടെ ഇങ്ങനെയൊക്കെയാണു്.

(മേരി കടന്നു വരുന്നു. ഉത്തരേന്ത്യൻമട്ടിൽ വേഷം ധരിച്ചു് വേണ്ടതിലധികം മേയ്ക്കപ്പ് ചെയ്ത ഒരു മുപ്പതുകാരി സ്ത്രീ. വന്നയുടനെ ബീനയോട്ട്)

മേരി:—ങാ—ഹാ, ഇവിടെ വന്നിരിക്കാനാണോ വേഷവും കെട്ടി ഇറങ്ങിയതു്. പുള്ളിക്കാരനെ ഇങ്ങെടുത്തോടീ?

ബീന:—പോടീ അവിടുന്നു്. അസംബന്ധം പറയാതെ.

മേരി:—സംബന്ധത്തെ കുറിച്ചാ പെണ്ണേ ഞാൻ പറഞ്ഞതു്.

(തന്നെക്കുറിച്ചുള്ള ഈ പരാമർശം കേട്ടു് രാജു വല്ലാതെയൊന്നു ചൂളി)

ഡോക്ടർ:—കമോൺ മേരി, ലററസ്ഗോ.

മേരി:—ഓ യെസ്, ബീനാ, ഞങ്ങളൊന്നു് 'ഔട്ടിൽ' പോകുന്നു കെട്ടോ. ലേററ്പാസുണ്ടു്. ഞാൻ വൈകും. നീയുറങ്ങിക്കോ.

(ഡോക്ടർ വിത്സണും മേരിവർഗ്ഗീസും പുറത്തേക്കു പോയി. മേരിയുടെ വേഷവും ഭാവവും കണ്ടു് രാജു അങ്ങിനെയിരുന്നു പോയി.)

ബീന:— എന്താ രാജു അന്തിച്ചു പോയതു്?

രാജു:—ആ വേഷവും മട്ടും കണ്ടാൽ ആരാണന്തിച്ചു പോകാത്തതു്?

ബീന:—എന്റെ റൂംമേററാണു്. ജീവിതം ശരിക്കും ആസ്വദിക്കുന്ന ഒരു പെണ്ണാണവൾ.

രാജു:—ഇത്തരം ആസ്വാദനസ്വഭാവക്കാരാണു്, ആദരണീയമായ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെക്കുറിച്ചു് അപവാദങ്ങൾ പറയിപ്പിക്കുന്നതു്.

(ഭാസി—ഒരു സുന്ദരവിഡ്ഢി—തന്റെ സ്വതസിദ്ധമായ പച്ചച്ചിരിയുമായി കടന്നു വരുന്നു.)

ഭാസി:—(ബീനയോടു് വലിയ പരിചയഭാവത്തിൽ) ഗുഡ്ഈവനിംഗ് സിസ്റ്റർ.

ബീന:—ഗുഡ്ഈവനിംഗ്. പിന്നെ എന്തൊക്കെയാണ് മി: ഭാസി, സുഖമല്ലെ?

ഭാസി:—ഒഫ്കോഴ്സ്. ബൈ ആംമീൻസ്. ബൈ ദവേ, (രാജുവിനെ നോക്കി) ഹൂ യീസ് ദിസ് ജൻറിൽമാൻ?

ബീന:— (അല്പമൊന്നു പരുങ്ങിയിട്ട്) ങാ...അദ്ദേഹം എൻെറ സ്വന്തത്തിലുള്ളതാണ്.

ഭാസി:—(രാജുവിൻെറ കൈ ചാടിപ്പിടിച്ച് കുലുക്കിക്കൊണ്ട്)വെരി ഗ്ലാഡ് റു മീററ്യൂ. ഞാൻ ഭാസി. കേട്ടു കാണും. ഇൻറർനാഷണൽ ട്രേഡേഴ്സിൻെറ ജനറൽ മാനേജർ ആണ്. എല്ലാം കൂടി, ഐയാം ഗററിംഗ് എബൗട്ട് തൗസൻറ് റുപ്പീസ് മന്ത്ലി. പക്ഷെ...., (മുഖം ചുളിച്ച്) മോശം. ഉള്ളതു പറയാമല്ലൊ; ഒന്നും തികഞ്ഞു പററുന്നില്ല. നൗ എ ഡെയ്സ് റൂ എക്സ്പെൻസീവ്. ഇല്ലേ സിസ്റ്റർ?

ബീന:— (വെറുതെ സമ്മതിക്കും പോലെ) ശരിയാണ്.

(ഭാസി ചാർമിനാർ സിഗരററ് രാജുവിനു നീട്ടുന്നു.)

രാജു:—താങ്ക്സ്. ഞാനീ സിഗരററ് വലിക്കാറില്ല.

ഭാസി:—എക്സ്യൂസ് മി സിസ്റ്റർ—എനിക്ക് (ചിരിച്ചിട്ട്) നമ്മുടെ മേരിവർഗ്ഗീസിനെ ഒന്നു കാണണമായിരുന്നല്ലൊ.

ബീന:—മേരി പുറത്തേക്ക് പോയല്ലൊ. മിസ്റ്റർഭാസീ.

ഭാസി:—പുറത്തേക്കോ? ഒററയ്ക്കോ?

ബീന:—ഒററയ്ക്കല്ല; ഡാക്ടർ വിത്സണും ഉണ്ടായിരുന്നു.

ഭാസി:—(വളിച്ചമുഖം) ഐസീ! റീഗലിലേക്ക് രണ്ടു ടിക്കററുണ്ടായിരുന്നു. ഇനി ഒരു പാർട്നറെ എവിടുന്ന് സമ്പാദിക്കും ? (രാജുവിനോട്) വുഡ് യൂ ലൈക്ററു കം?

രാജു.—താങ്ക്സ്. ഞാൻ വരുന്നില്ല.

ഭാസി:—ആംറൈററ്. ഞാൻ പോകട്ടെ സിസ്റ്റർ? (ചിരി)

ബീന:—ശരി.

ഭാസി:—(രാജുവിൻെറ കൈ പിടിച്ചു കുലുക്കിയിട്ട്) വീണ്ടും കാണാം.

(ഭാസി കടന്നു പോകുന്നു.)

രാജു:—എന്തൊരു സൃഷ്ടിയാണ് ദൈവമേ! ഈയ്യാളീ പറയുന്നതൊക്കെ ശരിയാണോ?

ബീന:—ആവോ—എനിക്കറിയില്ല. എന്നും വൈകുന്നേരം ഇതിലെയൊക്കെ കാണാം.

രാജു:—ബീനേ?

ബീന:—എന്തോ?

രാജു:—ഇനി എന്നാണ് കാണുന്നത്?

ബീന:—രാജു വല്ലപ്പോഴും വരില്ലേ?

രാജു:—മൂന്നു മാസത്തേയ്ക്ക് മുറിയ്ക്കു പുറത്തിറങ്ങിപോകരുതെന്നാണ് ജോണിയുടെ ഉത്തരവ്. ഞാൻ അലഞ്ഞു നടക്കുമത്രെ.

ബീന:—ശരിയാണത്. കംപ്ലീററ് റസ്റ്റാണാവശ്യം.

രാജു:—ബീന, ഞങ്ങളുടെ റൂമിലേക്ക് വരുമോ?

ബീന:—എവിടെയാണെന്നോർത്താ?

രാജു:—ആ പാട്ടെഴുതിയ കടലാസിൽ വിലാസം കുറിച്ചിട്ടുണ്ട്. ഒരു പോസ്റ്റ്കാർഡെഴുതി അറിയിച്ചിട്ട് വരാമെങ്കിൽ ഞാൻ ബസ്റ്റാൻഡിൽ കാത്തുനില്ക്കാം.

ബീന:—ഓ! വല്ലമനുഷ്യരുമറിഞ്ഞാലെന്തു പറയും?

രാജു:—പറയാനിരിക്കുന്നവർ എന്തെങ്കിലുമൊക്കെ പറയട്ടെ. നമുക്കൊരു മനസ്സാക്ഷിയുണ്ടല്ലൊ. അതിൻെറ പ്രേരണയ്ക്കൊത്ത് നാം ജീവിക്കുക. പിന്നെ മററുള്ളവർ എന്തു പറയുന്നു എന്ന് ചിന്തിക്കേണ്ട കാര്യമേയില്ല.

(ജോണി—മുപ്പതുവയസ്സോളം പ്രായമുള്ള ഒരു യുവാവ്—കടന്നു വരുന്നു.)

ജോണി:—(രാജുവിനോടായി) ഞാൻ നിന്നെ വാർഡിൽ തിരക്കി. പോകാം ..ടാക്സി വിളിച്ചു നിറുത്തിയിരിക്കുന്നു.

രാജു:- പോകാം. (അയാൾ എഴുന്നേററു, ഒപ്പം ബീനയും.)

ജോണി:—ഞങ്ങൾ ഇറങ്ങട്ടെ സിസ്റ്റർ? നിങ്ങൾ ചെയ്ത ഉപകാരങ്ങൾക്കു് നന്ദി പറയാൻ ശ്രമിക്കുന്നതു് നന്ദികേടാവും. അതുകൊണ്ടു് ഞാനൊന്നും പറയുന്നില്ല. എല്ലാ പ്രതിഫല'വും ദൈവം തരും.

ബീന:—ഇങ്ങിനെയൊക്കെ പറയുവാൻ ഞാൻ ഒന്നും ചെയ്തില്ലല്ലൊ. ഞാൻ ചെയ്തതു് എൻെറ ഡ്യൂട്ടി. അതു് ഞാനല്ലെങ്കിൽ മറെറാരാൾ ചെയ്യുമായിരുന്നു.

ജോണി:—ഒരിക്കലുമില്ല. രാജുവിൻെറ കാര്യത്തിൽ, സിസ്റ്റർ വളരെയധികം ബുദ്ധിമുട്ടു് സഹിച്ചിട്ടുണ്ടു്.

(ബീനയുടെ മുഖത്തു് സംതൃപ്തിയുടെ പുഞ്ചിരി പരന്നു. സന്തോഷം കൊണ്ടോ, സങ്കടം കൊണ്ടോ, ആ നിഷ്കളങ്കയുടെ കണ്ണിൽ ജലം നിറഞ്ഞു.)

ജോണി:—ഞങ്ങളിറങ്ങട്ടെ സിസ്റ്റർ. (കൈകൂപ്പുന്നു.)

ബീന:—(കൈകൂപ്പികൊണ്ടു്) ശരി.

(രാജുവും ജോണിയും നടന്നകന്നു. ബീന രണ്ടു മൂന്നു് ചുവടു് അവരെ അനുഗമിച്ചിട്ടു്, നിശ്ചലയായി നോക്കി നിന്നു. രാജുമാത്രം മടങ്ങി വരുന്നു.)

രാജു:—ബീന അടുത്തയാഴ്ച റൂമിൽ വരണം കേട്ടോ. വിലാസം, ആ കടലാസിൽ എഴുതിയിട്ടുണ്ടു്. ഞാൻ കാത്തിരിക്കും.

ബീന:—(നിശ്ശബ്ദം)

രാജു:—വരില്ലെ? എന്താ മിണ്ടാത്തതു്?

ബീന;—വരാൻ നോക്കാം.

രാജു:—എന്നാൽ ഞാനിപ്പോൾ പോകട്ടെ?

ബീന:—അങ്ങിനെയാകട്ടെ.

രാജു പുറത്തേക്കു പോയി. ബീന, പാട്ടെഴുതിയ കടലാസു് നിവത്തു് വിലാസം പരിശോധിച്ചു. പിന്നെ, പാട്ടിൻെറ വരികൾ മൂളി നോക്കി. അണിയറയിൽനിന്നു് ആ ഗാനം പുരുഷശബ്ദത്തിൽ കേൾക്കുന്നു—"ഹൃദയത്തിൽ ഏകാന്തതയുടെ വേദനനിറഞ്ഞു ഞരമ്പുകൾ പിരിമുറുക്കം കൊണ്ടപ്പോൾ, കുരുക്കുകൾ അഴിച്ചു നീക്കുവാൻ മന്ദസ്മിതവുമായി കടന്നു വന്നവളേ, എല്ലാ നിയമങ്ങളെയും ലംഘിച്ചുകൊണ്ടു് ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന ഗാനം.

(യവനിക.)

## രംഗം 2

[ജോണിയുടെ വസതി. ഒരൊററ മുറിയാണു്. കർട്ടൻവച്ചു് രണ്ടായി തിരിച്ചിരിക്കുന്നു. ഒരു വാതിലും ഒരു ജനലുമേയുള്ളു. ഒരു ഭാഗം അടുക്കളയും മറുഭാഗം കിടപ്പുമുറിയുംപോലെയാണു് സജ്ജീകരിച്ചിരിക്കുന്നതു്. ജോണി, അടുക്കളയിൽ ചായ തയ്യാറാക്കുകയും രാജു, ഇങ്ങേവശത്തു് എന്തോ എഴുതിക്കൊണ്ടിരിക്കുകയുമാണു്. ജോണി രണ്ടുപാത്രം ചായയുമായി പ്രവേശിച്ചിട്ടു്...]

**ജോണി:**—താനിതുവരെ എഴുതിതീർത്തില്ലേ?

**രാജു:**—തീർത്തുപൊന്നേ—തീർത്തു! അവസാനരംഗത്തിനു് ഒരു ചെറിയ റീ ടച്ചിംഗ് നടത്തുകയായിരുന്നു.

**ജോണി:**—എന്തുചെയ്തു—മാററിയെഴുതിയോ?

**രാജു:**—മാററിയിട്ടൊന്നുമില്ല (ചായകുടിച്ചുകൊണ്ടു്) പൊട്ടക്കണ്ണനും ഒററക്കയ്യനുമായിത്തീർന്ന കഥാനായകൻ, എന്നും തന്നെ ശുശ്രൂഷിക്കുവാൻ നായികയെ ക്ഷണിക്കുകയാണു്. എരിഞ്ഞടങ്ങിയ അഗ്നിപർവ്വതമായിത്തീർന്നിരിക്കുന്ന അവരം, ആ ക്ഷണം നിരസിക്കുന്നു. അങ്ങനെ, അവരം അകന്നകന്നുപോകുന്നതു് നോക്കിനില്ക്കുമ്പോരം—, ആ നിസ്സഹായൻെറ കാഴ്ചയററ കണ്ണുകളിൽനിന്നു നീരുറവ പ്രവഹിച്ചുകൊണ്ടിരിക്കുമ്പോരം—; അണിയറയിൽ പശ്ചാത്തലസംഗീതോപകരണങ്ങളുടെ നേരിയ അലകരം. അതോടെ കർട്ടൻ.

(ഇതിനകം ചായകുടി കഴിഞ്ഞിരിക്കുന്നു. ജോണി സിഗററു പാക്കററും തീപ്പെട്ടിയും രാജുവിൻെറ മുമ്പിൽ വച്ചുകൊടുത്തു. രാജു ഒരു സിഗററു് കൊളുത്തിയിട്ടു് പാക്കററു് ജോണിയുടെ നേരെ നീട്ടി. ''എനിക്കെൻെറ ബ്രാൻറുതന്നെ മതി.'' എന്നു പറഞ്ഞു് അയാൾ ഒരു ബീഡി കത്തിച്ചു.)

**ജോണി:**—രാജു, ഒന്നു പറയട്ടെ—? എൻെറ അഭിപ്രായമാണു്.

രാജു:—പറയൂ —അഭിപ്രായമല്ലേ എനിക്കു വേണ്ടതു്?

ജോണി:—ഇത്രത്തോളമെത്തിയ ആ മനുഷ്യൻ, വീണ്ടും തൻെറ ജീവിതത്തിലേക്കു് അവളെ ക്ഷണിക്കുക എന്നു വന്നാൽ, അതു സ്വാഭാവികമാണോ?

രാജു:—അങ്ങനെ സംഭവിക്കാം. കാരണമുണ്ടു്. ജോണിക്കറിയാമോ —എല്ലാ മനുഷ്യരും ഒരു പരിധിവരെ സ്വാർത്ഥരാണു്. പലപ്പോഴും സ്വാർത്ഥതയുടെ നിലാവെളിച്ചത്തിൽ, തത്വചിന്തയുടെ നക്ഷത്രങ്ങൾ പ്രകാശിക്കാറില്ല.

ജോണി:—എന്നാൽ ആ സ്ത്രീയെക്കൊണ്ടു് ക്ഷണം സ്വീകരിപ്പിച്ചു് നാടകം സന്തോഷപര്യവസായി ആക്കരുതോ?

രാജു:—അങ്ങനെ ഒരിക്കലും ചെയ്യരുതു്.

ജോണി:—എന്തുകൊണ്ടു്?

രാജു:—അതു് ആ നല്ല സ്ത്രീയുടെ വ്യക്തിത്വത്തിൻെറ നേക്കുള്ള ഒരവഹേളനമായിത്തീരുകയേയുള്ളു.

ജോണി:—താനെഴുതിത്തീർത്ത വിധത്തിൽ നാടകമവസാനിച്ചാൽ ഒന്നു തീർച്ചയാണു്.

രാജു:—എന്താണു്—കല്ലേറോ?

ജോണി:—കല്ലേറും കത്തിയേറുമൊന്നുമല്ല.

രാജു:—പിന്നെ?

ജോണി:—കഥാനായകൻെറ ദീനതനിറഞ്ഞ രൂപം കാണികളുടെ ഹൃദയത്തിൽ വളരെനേരം മങ്ങാതെ നില്ക്കും.

രാജു:—ഉവ്വോ? അങ്ങനെവന്നാൽ നാടകം വിജയിച്ചു. കാരണം എൻെറ ലക്ഷ്യമതാണു്.

ജോണി:—പിന്നെ, താൻതന്നെ സംവിധാനംചെയ്യുകയും ചെയ്യുമ്പോൾ ആ കഥാപാത്രത്തിനു് കൂടുതൽ മിഴിവു നല്കാൻ കഴിയും.

രാജു:—സംവിധാനംചെയ്യാൻ മററാരെയെങ്കിലും ഏല്പിക്കണമെന്നു ഞാൻ പറയുന്നതു് ജോണിക്കു മനസ്സിലാകുന്നില്ലേ?

ജോണി:—ങ്ഹൂം—തനിക്കെന്താ?

രാജു:—'ആളുവില കല്ലുവില' എന്നു ജോണി കേട്ടിട്ടുണ്ടോ?

ജോണി:—തൻെറ മുമ്പിൽ തുറന്നുകിട്ടുന്ന എല്ലാ വിജയത്തിൻെറ വാതിലുകളും ഈ അപകർഷബോധത്തിൻെറ മുള്ളുവേലികൊണ്ടു താൻ കെട്ടിയടയ്ക്കുകയാണു്. ഈ സ്വഭാവം മാററാൻ എന്നുമുതൽ പറഞ്ഞുതുടങ്ങിയതാണു്.

രാജു:—(ശാന്തനായി ചിരിച്ചുകൊണ്ടു്) അതല്ല ജോണീ, ഇന്നത്തെ ആളുകൾ ഒരു കലാസൃഷ്ടിയെ വീക്ഷിക്കുമ്പോൾ, ആ സൃഷ്ടിയെക്കാൾ കൂടുതലായി അതു സൃഷ്ടിച്ച കരങ്ങൾക്കു് വില കല്പിക്കുന്നവരാണു്. ഈ പരമാത്ഥത്തിൻെറ പശ്ചാത്തലത്തിലാണു്....

ജോണി:—ഒരു പശ്ചാത്തലത്തിൻെറ കഥയും പറയണ്ട. ഒരു നാടകം സ്വന്തമായി എഴുതാമെങ്കിൽ പിന്നെ അതൊന്നു സംവിധാനം ചെയ്യാലെന്താ—? അല്ലെങ്കിൽതന്നെ തനിക്കെന്താണൊരു കുറവു്?

രാജു:—എനിക്കോ—? ഒന്നന്തിയുറങ്ങാൻ, ഒരു കപ്പു് ചായ കുടിക്കാൻ, എന്തിനു്—ഒരു ബീഡി വലിക്കാൻ പോലും അന്യനെ ആശ്രയിക്കേണ്ടിവരുന്ന എനിക്കു് എന്താണുള്ളതു്—ജോണീ?

ജോണി:—ഓഹോ—അതുകൊണ്ടു് താൻ റോഡിൽനിന്നു മുറിബീഡി പെറുക്കിവലിച്ചാണല്ലൊ കഴിയുന്നതു്!

രാജു:—ഒരിക്കലുമല്ല ജോണീ. നിങ്ങൾ ബീഡി വലിച്ചുകൊണ്ടു് എനിക്കു സിഗററു വാങ്ങിത്തരുന്നു. ആ

നന്മയുണ്ടല്ലൊ—അതിന്നത്തെ മനുഷ്യരിലില്ല. മാലാഖമാരിലേയുള്ളു. നമ്മുടെ ചുററും മാലാഖമാരല്ലല്ലൊ—മനുഷ്യരല്ലേയുള്ളതു്?

ജോണി:—രാജു, ഞാൻ നിങ്ങളിലുള്ള ഭാവനാസമ്പന്നനായ കലാകാരനെയാണു് സ്നേഹിക്കുന്നതു്, മാനിക്കുന്നതും. നിങ്ങൾക്കുവേണ്ടി ഞാനെന്തെങ്കിലും ചെയ്യുന്നുവെങ്കിൽ—അതു്, ഒരു കലാകാരൻ തൻെറ കഴിവുകളുടെ വെള്ളിമേഘങ്ങളിൽക്കയറി ആകാശത്തിൻെറ അനന്തതയിലേക്കു് പറന്നുയരുന്നതു കാണാനുള്ള ആഗ്രഹംകൊണ്ടാണു്. (ഒരു നിമിഷം നിശ്ശബ്ദത) അതുകൊണ്ടു് ഈ ഭീരുത്വവും ഒളിച്ചുകളിയുമൊക്കെ കളഞ്ഞിട്ടു് ഒന്നു രംഗത്തേക്കിറങ്ങു. തന്നെ നാലു മനുഷ്യരറിയട്ടെ.

രാജു:—(തോററവനെപ്പോലെ) ഞാൻ വേണമെങ്കിൽ ഈ നാടകം മോണോ ആക്ടായിട്ടു് അവതരിപ്പിക്കാം. തൻെറ പരാതി തീർന്നോ?

ജോണി:—താനൊരു വലിയ മനുഷ്യനാകും.

രാജു:—ങാ, വല്ല തൊഴിലില്ലാക്കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ മറേറാ ആകാൻ വഴിയുണ്ടു്.

ജോണി:—ഈ വാർഷികാഘോഷം കഴിഞ്ഞാൽ തനിക്കു് ഉദ്യോഗമാകും. കാരണമെന്താ?

രാജു:—എന്താ?

ജോണി:—അന്നു പറഞ്ഞിരുന്ന കാര്യമില്ലെ? ഞാനദ്ദേഹത്തെ വീണ്ടും കണ്ടു സംസാരിച്ചിട്ടുണ്ടു്. മിക്കവാറും സമ്മതിച്ചിരിക്കുകയാണു്. അതിനുംപുറമെ, അദ്ദേഹമാണു് നമ്മുടെ പരിപാടിയിൽ ചീഫ്ഗസ്റ്റായിരിക്കുക. താനൊരു നല്ല കലാകാരനുമൊക്കെയാണെന്നറിഞ്ഞാൽ ആ പോസ്റ്റു് രാജുവിനുതന്നെ കിട്ടും.

രാജു:—(സന്തോഷിച്ച്) എന്നാൽ വിവരം നേരത്തെ പറയണ്ടേ? വേറൊരു മൂന്നു നാടകവുംകൂടി ഒററയിരുപ്പിൽ എഴുതിത്തീർത്തുതരാം. വേണോ?

ജോണി:—ങാ—നേരം വൈകി. കമ്മററിക്കാരൊക്കെ പണ്ടേ എത്തിക്കാണും.

രാജു:—പ്രസിഡണ്ട് അല്പം വൈകി എത്തുന്നതാണ് ഗൗരവത്തിനു നല്ലതു്.

ജോണി:—ഞാനങ്ങോട്ടു ചെല്ലട്ടെ. താൻ പുറത്തു തെണ്ടാനൊന്നും പോകരുതു കേട്ടോ.

(ജോണി, ഷർട്ടെടുത്തിട്ട് നാടകമെഴുതിയ ബുക്കുമായി പുറത്തേക്കുപോയി. ഉടനെ രാജു മുഖത്തൽപ്പം പൗഡറിട്ട്, തലചീകി, പുറത്തേക്കു നടന്നു. വാതിൽക്കലെത്തി പെട്ടെന്നു നിന്നു.)

രാജു:—(പുറത്തേക്കുനോക്കി) ങാ—ഇങ്ങു വന്നെത്തിയോ? വരൂ —, കടന്നുവരൂ.

(ബീന കടന്നുവരുന്നു. കയ്യിൽ ഒരു പാക്കററുണ്ട്. മുഖം അത്ര പ്രസന്നമല്ല.)

രാജു:—(കസേര ചൂണ്ടിക്കാണിച്ച്) ഇരിക്കൂ—ബീനേ.

ബീന:-(പരിഭവത്തിൽ)ബസ്സ്റ്റാൻറിൽ കാത്തുനില്ക്കാമെന്നു പറഞ്ഞിട്ട് നിന്നല്ലൊ! ഇത്രയൊക്കേ ഉള്ളു.

രാജു:—ക്ഷമിക്കണം ബീനേ. രാവിലെ ഒരു കുടുക്കിൽ പെട്ടുപോയി. തീരെ പ്രതീക്ഷിച്ചിരുന്നതല്ല. മറെറാന്നും തോന്നരുതു് കേട്ടോ?

ബീന:—ഓ—എന്തു തോന്നാനാണ്? ഇതറിഞ്ഞിരുന്നെങ്കിൽ, ഞാൻ പുറപ്പെടുകയേ ഇല്ലായിരുന്നു. എന്നിട്ടെന്തു ബുദ്ധിമുട്ടിയെന്നോ—ഈ സ്ഥലം കണ്ടുപിടിക്കാൻ.

രാജു:—എന്നാലെന്താ കണ്ടുപിടിച്ചല്ലോ.

ബീന:-പിന്നേ—! പറയാൻ എത്ര എളുപ്പം കഴിഞ്ഞു! അതും രണ്ടു ചെറുപ്പക്കാർമാത്രം താമസിക്കുന്ന സ്ഥല

മന്വേഷിച്ച് ഒരു പെണ്ണ് നടന്നു തിരിയുക. (കസേരയിൽ ഇരിക്കുന്നു.)

രാജു:—എന്താ ചെറുപ്പക്കാർ താമസിക്കുന്നിടത്ത് പെണ്ണുങ്ങൾക്കു വന്നുകൂടെ?

ബീന:—അതേ—, ഈ മഹാനെപ്പോലെ തലമുഴുവൻ തത്വശാസ്ത്രവും നിറച്ചുകൊണ്ടു നടക്കുന്നവരല്ല സാധാരണ മനുഷ്യർ!

രാജു:—അതുകൊണ്ട്?

ബീന:—അതുകൊണ്ടോ—? അതുകൊണ്ട്, അവരുടെ മനസ്സിൽ തോന്നിയതൊക്കെ ഊഹിക്കുകയും വായിൽ വരുന്നതൊക്കെ പറയുകയുംചെയ്യും.

രാജു:—ഞാൻ അന്നൊരിക്കൽ പറഞ്ഞില്ലേ?

ബീന:—എന്ത്?

രാജു:—നാം നമ്മുടെ മനഃസാക്ഷിയുടെ പ്രേരണയ്ക്കൊത്ത് ജീവിക്കുക. പിന്നെ, മററുള്ളവർ എന്തുപറയുന്നു എന്നൊന്നും ശ്രദ്ധിക്കേണ്ട കാര്യമില്ല.

ബീന:—വെറും തെററായ തത്വശാസ്ത്രം.

രാജു:—ആരു പറഞ്ഞു?

ബീന:—ഇപ്പോൾ ഞാനല്ലേ പറഞ്ഞത്?

രാജു:—പിന്നെ—! പെണ്ണുങ്ങൾക്കെന്തൊരറിവാണെന്നോ—തത്വശാസ്ത്രങ്ങളെക്കുറിച്ച്!

ബീന:—(ചൊടിച്ച്) അതെ. നിങ്ങളുടെയൊക്കെ കുത്തകയല്ലേ!

രാജു:—അല്ല പൊന്നേ, സമ്മതിച്ചു. വെറുതെ കാലത്തെ കേറി പിണങ്ങല്ലേ.

ബീന:—മനുഷ്യൻ സാമൂഹ്യജീവിയായിരിക്കുന്നിടത്തോളംകാലം, ചുററുമുള്ളവരെ കുറെയൊക്കെ കണക്കിലെടുക്കുകതന്നെവേണം. ഒററപ്പെട്ടുള്ള ജീവിതം ഒരാൾക്കും സാദ്ധ്യമല്ല രാജു.

രാജു:—ഈ ബോധം അടുത്തകാലത്താണോ ഉണ്ടായതു്?

ബീന:—എന്തേ അങ്ങനെ ചോദിച്ചതു്?

രാജു:—(മററാരത്ഥത്തിൽ) അല്ല —അതുകൊണ്ടായിരിക്കും 'ഇരട്ടപ്പെടാ'ൻ വല്ലാത്തൊരു വ്യഗ്രത കാണുന്നതിയ്യിടെ.

(ബീനയുടെ മുഖം കറുത്തു് അവിടെ ദുഃഖത്തിൻെറ നിഴലുകൾ വീശി. അവൾ മൂകയായി. നിമിഷങ്ങൾക്കുശേഷമാണു് രാജു ഈ മാററം ശ്രദ്ധിക്കുന്നതു്. അയാളും വല്ലാതെയായി.)

രാജു:—ബീനേ.

ബീന:—ങ്ും.

രാജു.—പിണങ്ങിയോ?

ബീന:—ഞാനങ്ങനെ വ്യഗ്രത കാണിച്ചെങ്കിൽ രാജു ക്ഷമിക്കണം. മേലിൽ സൂക്ഷിക്കാം. ഞാൻ പോകുന്നു. (എഴുന്നേററു.)

രാജു:—കണ്ടോ—ബീന ഇത്ര തൊട്ടാവാടിയാണെന്നു് അറിഞ്ഞിരുന്നില്ല. ഞാൻ ഒന്നുമോർത്തു് പറഞ്ഞതല്ല. അതിനിത്രവേഗമങ്ങു് പിണങ്ങിയാലോ?

ബീന:—ആശുപത്രി വളപ്പിനു പുറത്തിറങ്ങിയാൽ നോക്കുന്ന മുഖങ്ങളിലൊക്കെ പരിഹാസത്തിൻെറ പുഴുങ്ങിയ ചിരിയാണു്. ഞങ്ങടെ അത്രമാത്രം നികൃഷ്ടജീവികളാണോ—? ജീവിക്കാൻ മററു മാർഗ്ഗങ്ങളുണ്ടായിരുന്നെങ്കിൽ....ഓ—പക്ഷേ, രാജു ഇങ്ങനെ പറയുമെന്നു് ഞാൻ സ്വപ്നത്തിൽപോലും കരുതിയില്ല.

രാജു:—ബീന എൻെറ മുഖത്തേക്കു നോക്കു. എൻെറ കണ്ണുകടെ ഒരിക്കലും കള്ളം പറയില്ല. ഞാൻ ഒന്നും മനസ്സിൽവച്ചു പറഞ്ഞതല്ല. പോട്ടെ —നമുക്കു് വിഷയം മാററാം. പിന്നെന്തൊക്കെയുണ്ടു് വിശേഷങ്ങടെ?

ബീന:—എന്തുവിശേഷം—? ഒരു വിശേഷവുമില്ല.

രാജു:—പിണക്കം തീൻനില്ല അല്ലേ?

ബീന:—ഇണക്കമുണ്ടെങ്കിലല്ലേ പിണക്കത്തിൻെറ കാര്യമുള്ളു.

രാജു:—അപ്പോഠം....ഇണക്കമില്ല! അതുശരി. അതെൻെറ മുഖത്തുനോക്കി പറയൂ.

ബീന:–(നിശ്ശബ്ദം.)

രാജു:—ങൂ . ഇങ്ങോട്ടുനോക്കു.

ബീന:—എന്താ നോക്കിയാൽ?

(അവൾ മുഖംതിരിച്ച് രാജുവിനെ നോക്കി. നിഷ്കളങ്കമായ അവൻെറ പുഞ്ചിരി കണ്ടപ്പോൾ അവളുടെ ചുണ്ടിലും ചിരിപൊട്ടി. അവരിരുവരും ഹൃദയംതുറന്ന് പൊട്ടിച്ചിരിച്ചു.)

ബീന:–കൂട്ടുകാരനെവിടെ?

രാജു:—അദ്ദേഹം പ്രസിഡണ്ടായിരിക്കുന്ന സമാജത്തിൻെറ കമ്മററി യോഗമാണിന്നു്. അവരുടെ ഈ കൊല്ലത്തെ വാർഷികാഘോഷത്തിനു് ഞാനെഴുതിയ ഒരു നാടകമാണു് അവതരിപ്പിക്കുന്നതു്. ഇന്നു കൂടുന്ന കമ്മററിയുടെ അപ്രൂവൽ വാങ്ങാൻ, അതിൻെറ കയ്യെഴുത്തു പ്രതിവേണമെന്നു് പറഞ്ഞതുകൊണ്ടു് കാലത്തെ അതിനു ചില മിനുക്കുപണികഠം ചെയ്യേണ്ടിവന്നു. അതുംകൊണ്ടേ പോകു എന്നു പറഞ്ഞു് ജോണിയും ഇവിടെ കുത്തിയിരുന്നു. അതാണു് ഞാൻ ബസ്സ്റ്റാൻറിൽ വരാതിരുന്നതു്.

ബീന:—എന്നാലതു നേരത്തെ പറയണ്ടേ?

രാജു:—അതെങ്ങിനെ–പറയാൻ സമ്മതിക്കണ്ടേ?

ബീന:—മഹാൻെറ വസതിയിൽ വന്നിട്ടു നേരമൊത്തിരി ആയല്ലോ. എനിക്കൊന്നും തരുന്നില്ലേ?

രാജു:—എന്താ ശ്രീമതിക്കു വേണ്ടതു്?

ബീന:—എന്താ എനിക്കു തരുന്നതു്?

രാജു:—ഇവിടെക്കാണുന്ന വസ്തുക്കളിൽ ഞാൻ മാത്രമെ എൻേറതായിട്ടുള്ളു. മറെറല്ലാം ജോണിയുടേതാണു്. അന്യൻെറ മുതലൊന്നും ഞാൻ എടുത്തു ദാനം ചെയ്യരുതല്ലോ. എന്താ?

ബീന:—ഈ നാക്കില്ലായിരുന്നെങ്കിൽ പണ്ടേ കുറുക്കൻ കൊണ്ടുപോയേനെ.

രാജു:—നാക്കു മതിയല്ലോ—ഇവൻെറ മുമ്പിൽനിന്നു് കരടി പോലും തിരിഞ്ഞു നടക്കും.

ബീന:—പിന്നെ—വലിയ പുള്ളിയല്ലേ!

രാജു:—ഒരിക്കലുമല്ല ബീനെ ഞാൻ വെറുമൊരു ചെറിയ പുള്ളിയാണു്.

ബീന:—പക്ഷെ രാജു ഒരു വലിയ മനുഷ്യനാകും. ഒരു വലിയ മനുഷ്യൻ. അന്നു പാവപ്പെട്ട എന്നെ മറക്കരുതു്. കേട്ടോ.

(രാജു മേശവലിപ്പിൽനിന്നു് ഒരു പൊതിയെടുത്തു ബീനയുടെ മുമ്പിൽ വച്ചുകൊടുത്തു.)

ബീന:—എന്താണിതു്?

രാജു:—ചോക്ക്ലേററു്.

ബീന.—ചോക്ക്ലേററോ? എനിക്കു് ചോക്ക്ലേററിഷ്ടമല്ലല്ലോ.

രാജു—പിന്നെ കഴിഞ്ഞ തവണ വന്നപ്പോഠം പറഞ്ഞതോ?

ബീന—(കളിയാക്കി) പെണ്ണുങ്ങഠം പറയുന്നതിനെ കാര്യമാക്കി എടുക്കാമോ?

രാജു:—(കാര്യം മനസ്സിലായിട്ടും മനസ്സിലായതായി ഭാവിക്കാതെ) ഇനിയിപ്പോഴെന്തു ചെയ്യും? ഞാൻ ജോണിയോടു് കളവു പറഞ്ഞു വാങ്ങിയ കാശ്ശുംകൊണ്ടു് അടുത്ത റൂമിലെ പെങ്കൊച്ചിനെ സേവപിടിച്ചു വാങ്ങിപ്പിച്ചതാണു്. കളഞ്ഞേക്കാം. അല്ലേ?

ബീന:—കളയണ്ട. ആ പെങ്കൊച്ചിനു കൊടുത്തേക്കു്.

രാജു:—വേണ്ട.

ബീന:—എന്തേ?

രാജു:—പെൺപിള്ളേക്കു് മധുരം വാങ്ങിക്കൊടുത്താൽ അവരു് വെറുതെ കേറി സ്നേഹിക്കാൻ വരും. കളഞ്ഞേക്കാം.

(പൊതിയെടുത്തു് വാതിൽക്കലേക്കു നീങ്ങി പുറത്തേക്കിറങ്ങാൻ ഭാവിക്കുന്നു. ബീന ഓടിച്ചെന്നു രാജുവിൻെറ കയ്യിൽ കടന്നു പിടിച്ചു കൊണ്ടു്—ചിരിച്ചു്—)

ബീന:—അയ്യോ–കളയല്ലേ. ഞാൻ വെറുതെ പറഞ്ഞതല്ലേ.

രാജു:—വേണ്ട. നിനക്കിഷ്ടമല്ലല്ലോ. കളഞ്ഞേക്കാം.

ബീന:—(കൊഞ്ചിക്കൊണ്ടു്) കളയല്ലേരാജു ഇങ്ങുതാ.

രാജു—ചോക്ലേററിഷ്ടമാണോ?

ബീന:—ആണു്.

രാജു:—കയ്യേന്നു വിടു്. തൊട്ടു സ്നേഹിക്കല്ലെ.

(ബീന, കയ് വിട്ടു് നാണിച്ചു നിൽക്കുന്നു.)

രാജു:—ഇതാ—(പൊതി നീട്ടി. ബീന ചിരിച്ചുകൊണ്ടതു വാങ്ങി തുറന്നു് എടുത്തു തിന്നുന്നു. തുറന്ന പൊതി രാജുവിനു നീട്ടുന്നു.)

രാജു:—വേണ്ട. പെണ്ണുങ്ങളും പിള്ളേരുമൊക്കെയല്ലാതെ ആണുങ്ങളാരെങ്കിലും മിട്ടായി തിന്നുമോ?

ബീന:—ഹോ! വലിയൊരന്തസ്സ്. (ഒരു നിമിഷം കഴിഞ്ഞു്) ങാ—ഞാൻ ഒരു സാധനം കൊണ്ടുവന്നിട്ടുണ്ടു്. വേണോ?

രാജു:—എന്തോ സാധനമാണു്? വല്ല കടിക്കുന്നതോ കൊത്തുന്നതോ ആണോ!

ബീന—അതൊന്നുമല്ല. ദാ—ഇതാണു്. (താൻ കൊണ്ടുവന്ന പാക്കററു് നീട്ടുന്നു.)

രാജു:—(വാങ്ങിയിട്ടു്) എന്താണിതു് ബീനേ?

ബീന:—ഒരു ഷർട്ടു്.

രാജു:—ഷർട്ടോ? ആർക്കു്?

ബീന:—ആർക്കാണെന്നോ?

രാജു:—ങാ.

ബീന:—(കളിയായി) എനിക്കു വേണ്ടി വാങ്ങിയതാ. പക്ഷെ ചേരുന്നില്ല. എന്നാൽ രാജുവിനു തന്നേക്കാമെന്നു കരുതി.

രാജു:—വേണ്ടിയിരുന്നില്ല ബീനേ

ബീന:—ഏതായാലും വാങ്ങിപ്പോയില്ലേ? (നിരാശയായി) വേണ്ടെങ്കിൽ കളഞ്ഞേക്കാം എന്താ?

രാജു:—(ചിരിച്ച്) കളയണ്ട

ബീന:—(വാച്ചു നോക്കിയിട്ട്) സമയം ഒത്തിരിയായി. ഞാൻ പോകട്ടെ. (ഒരു ചെറിയ പൊതി വച്ചുനീട്ടിക്കൊണ്ട്) ഇതു കയ്യിലിരിക്കട്ടെ. വല്ല ആവശ്യത്തിനും ഉപകരിക്കും.

(രാജു പൊതി വാങ്ങി തുറന്നുനോക്കി. നോട്ടുകളാണതിൽ. ആ നോട്ടുകളിൽ നോക്കി നിൽക്കുമ്പോൾ അവന്റെ കണ്ണു നിറയുന്നു.)

രാജു:—ഇതു് തിരിച്ചു വാങ്ങിക്കു ബീനേ—എന്നെക്കുറിച്ച് ഇത്രത്തോളം സഹാനുഭൂതി മററാരും കാണിച്ചിട്ടില്ല. ഞാൻ നിനക്കെന്നും കടപ്പെട്ടവനാണ്. ആ ധാരണ എന്റെ ഹൃദയത്തിൽ എന്നുമുണ്ടായിരിക്കും.

ബീന:—(വേദനയോടെ—) ഞാൻ തരുന്നതാണ്. രാജു ഇതു വാങ്ങുകയില്ലേ?

രാജു:—നിനക്ക് മറെറാന്നും തോന്നേണ്ട ആവശ്യമില്ല. ഒരൎത്ഥത്തിൽ എന്നിൽ ഇന്നു ചലിക്കുന്ന ആത്മാവു പോലും നിൻേറതാണ്. പക്ഷെ ഈ പണം........ ഇപ്പോഴെനിക്കാവശ്യമില്ല. (പൊതി ബീനയുടെ കയ്യിൽ വച്ചുകൊടുക്കുമ്പോൾ അവളതു് സ്വീകരിക്കുന്നു.)

ബീന:—ഞാൻ പോകുന്നു രാജു.

രാജു:—ബസ്സ്റ്റാൻഡു്വരെ ഞാൻ കൂടെവരാം.

ബീന:—വേണമെന്നില്ല. ഞാനൊററയ്ക്കു പൊയ്ക്കൊള്ളാം.

(നിറഞ്ഞ നയനങ്ങളുമായി ബീന നടന്നകലുന്നു. രംഗത്തിൻെറ പകുതി ആകുമ്പോഴേക്കും ജോസ്—"ആവാര" ടൈപ്പിലുള്ള ഒരു യുവാവ്-യാത്ര കഴിഞ്ഞു് മുഷിഞ്ഞ വേഷത്തിൽ, ഒരു പെട്ടിയും തൂക്കി കടന്നു വരുന്നു. ബീന, ജോസിനെ ഒന്നു നോക്കി മിണ്ടാതെ കടന്നു പോയി. ജോസ് ബീനയെത്തന്നെ നോക്കി നില്ക്കുകയാണ്. അവൾ രംഗത്തുനിന്നു മറഞ്ഞതിനുശേഷം ജോസു് മുമ്പോട്ടു വന്നു പെട്ടിതാഴെവച്ചു.)

ജോസ്:—എൻെറ രാജു, ഈ സ്ഥലം കണ്ടുപിടിക്കാൻ ഞാനെന്തു പാടുപെട്ടെന്നോ?

രാജു:—(പിററമ്മയുടെ തല തെറിച്ച സഹോദരനായ ജോസിനെ കണ്ടതിലുള്ള അത്ഭുതംകൊണ്ട്—) ജോസെ—നീ...?!

ജോസ്:—യേസ്. ജോസിങ്ങു വന്നു.

രാജു:—എന്തിനു്?

ജോസ്:—എന്തിനെന്നോ? വണ്ടർഫുൾ! ''എന്തുകൊണ്ട് നീ നേരത്തെ വന്നില്ല—''എന്നു ചോദിക്ക് രാജു. എന്നെപ്പോലുള്ള ഒരാൾക്ക് ആ പട്ടിക്കാട്ടിൽ എങ്ങിനെ ജീവിക്കാനൊക്കും? യു ടെൽ മി.

രാജു:—അതിനു് നിനക്ക് പാരീസിലോ, ലണ്ടനിലോ പോയിക്കൂടെ? ഇവിടെ എന്നെ ശല്യം ചെയ്യാൻ വരണോ?

ജോസ്:—അതൊക്കെ പോട്ടെ. നീ നർഗ്ഗീസിനെ അറിയുമോ?

രാജു:—ഏതു നർഗ്ഗീസ്?

ജോസ്:—ഫിലിംസ്റ്റാർ നർഗ്ഗീസേ— എനിക്കവരെയൊന്നു കാണണം. ങാ—നീയറിഞ്ഞോ—ഞാൻ ഫിലിം റോവേഴ്സ് അസ്സോസിയേഷൻെറ പ്രസിഡണ്ടാണിപ്പോൾ.

രാജു:—ഏതസ്സോസിയേഷൻ?

ജോസ്:—ഫിലിം റോവേഴ്സ് അസ്സോസിയേഷൻ.

രാജു:—അതു ശരി. നീയതിനു പററിയ ആളാണ്.

ജോസ്:—അതല്ലെ അവരെന്നെത്തന്നെ എലക്ട് ചെയ്തതു്.

രാജു:—ങാ—എന്നിട്ടെന്താ നിൻെറ പ്ലാൻ?

ജോസ്:—പ്ലാനോ? ഇവിടെ താമസിക്കുക. നർഗ്ഗീസിനെക്കാണുക അവർ മുഖേന നാലു പടത്തിൽ ചാൻസ് വാങ്ങി അഭിനയിക്കുക. പിന്നെ, ഒരു നല്ല ഫ്ളാററ്, ചെറിയൊരു കാറ്; അതും കഴിഞ്ഞു്—ങാ—ബാക്കി ഞാൻ പിന്നെ പറയാം.

രാജു:—എനിക്കു് ജോലിയൊന്നുമില്ല ജോസേ. ഈ സ്ഥലം മററൊരാളുടേതാണു്. അദ്ദേഹത്തിൻെറ ഔദാര്യത്തിലാണു് എൻെറ നിത്യച്ചെലവുകഠം നടക്കുന്നതു്. അതിനിടയ്ക്കു് നീ കൂടെ—

ജോസ്:—ഡോണ്ടു് വറി. എനിക്കറിയാം—നിനക്കു് ജോലിയില്ലെന്നു്. അതുകൊണ്ടു് ചെലവിനു് വേണ്ട പ്ലാനൊക്കെ കണ്ടുകൊണ്ടാണു് ജോസ് പുറപ്പെട്ടതു്.

രാജു:—നീ പറഞ്ഞ പ്ലാൻ—അല്ലേ?

ജോസ്:—നോ. അതൊരു ദീർഘകാല പദ്ധതിയല്ലേ? തൽക്കാലം, പെങ്ങളുടെ പെട്ടിയിൽ നിന്നു് ഒരഞ്ഞൂറുരൂപയ്ക്കു് എൻെറ പെട്ടിയിലേക്കു് ട്രാൻസ്ഫർ പാസ്സാക്കി.

രാജു:—പൂണ്ടൽ പ്രസ്ഥാനവും കഴിഞ്ഞാണിറങ്ങിയതല്ലേ?

ജോസ്:—ഓ. ഇതൊരു പൂണ്ടലോ മറേറാ ആണോ? എൻെറ പ്ലാൻ വിജയിച്ചാൽ പലിശയും കൂട്ടി തിരിച്ചു കൊടുക്കില്ലേ ഞാൻ?

രാജു:—വീട്ടിലെന്തുണ്ടു വിശേഷം ജോസെ?

ജോസ്:—പെങ്ങളുടെ ഭരണംതന്നെ. എൻെറ സിസ്റ്ററാണെങ്കിലും ഒരു കാര്യം തുറന്നു പറയാം. ആ സ്ത്രീക്കു് ഡെമോക്രസിയിൽ അല്പംപോലും വിശ്വാസമില്ല. അളിയനോ ഞാനോ എന്തു പറഞ്ഞാലും കാര്യമില്ല. അവഠം നടപ്പാക്കുന്ന ഡിക്റേറററർ ഷിപ്പാണവിടെ.

രാജു:—അപ്പച്ചനു് സുഖമാണോ?

ജോസ്:—ഓ യെസ്! അളിയനിപ്പോഴും നാട്ടിൽ പ്രമാണിയാണു്. പക്ഷെ വീട്ടിൽ ആഠം അടിമയാണു്. വെറും സ്ലേവ്! ഒരു എക്സാമ്പിഠം പറയാം. കുറച്ചു മുമ്പു് നീയൊരു കത്തെഴുതിയില്ലേ—പണത്തിനു്?

രാജു:—ഉവ്വു്.

ജോസ്:—ങാ—ആ കത്ത് എൻെറ കയ്യിലാണ് കിട്ടിയത്. ഞാൻ ഉടനെ അതളിയനെ ഏല്പിച്ചു. അതു വായിച്ച് അളിയൻ കരഞ്ഞു. വെറുതെ പറയുകയല്ല. ഞാൻ കണ്ടതാണ്. പക്ഷെ എന്താ—? പണമയയ്ക്കാൻ പെങ്ങളു സമ്മതിക്കണ്ടെ? സമ്മതിച്ചില്ല; അയച്ചുമില്ല.

രാജു:—ങും. അപ്പച്ചൻ അതൊക്കെ അനുഭവിക്കണം.

ജോസ്—എൻെറ അഭിപ്രായത്തിൽ, യുവർ ഫാദർ, അതായത് എൻെറ അളിയൻ, ഈസ് എ ഗുഡ് മാൻ.

രാജു:—(നിശ്ശബ്ദനായി ചിന്തയിൽ മുഴുകി നിന്നു.)

ജോസ്:—എനിക്കൊന്നു കുളിക്കണം രാജു.

രാജു:—ശരി. നമുക്ക് പിന്നീട സംസാരിക്കാം. (അകത്തുനിന്നും സോപ്പും തോർത്തുമെടുത്ത് നീട്ടിക്കൊണ്ട്, പുറത്തേക്കു വിരൽ ചൂണ്ടി—) ആ കാണുന്നതാണ് ബാത് റൂം. പോയി കുളിച്ചു വരൂ.

ജോസ് ഉല്ലാസവാനായി പുറത്തേക്കു നീങ്ങുമ്പോൾ, രാജു അതു നോക്കി ചിന്താധീനനായി നില്ക്കുന്നു.

യവനിക.

## രംഗം 3.

[ആശുപത്രിയിലെ സന്ദർശകമുറി. ഒന്നാം രംഗത്തിലെ സജ്ജീകരണങ്ങൾതന്നെ. രംഗം തുറക്കുമ്പോൾ, പ്യൂൺ ബീഡി പുകച്ചുകൊണ്ടു് ഒരുകിൽ ചാരിനില്ക്കുന്നു. മുറിക്കു് പുറത്തു നിന്നു് സംസാരിക്കുന്ന രണ്ടുപേരുടെ (സ്ത്രീയും പുരുഷനും) സംഭാഷണങ്ങൾ അവ്യക്തമായി കേൾക്കാം. ഇടയ്ക്കിടെ ഉയരുന്നപൊട്ടിച്ചിരികളും. ജോസ്സ് പ്രവേശിക്കുന്നു. പ്യൂൺ അടുത്തേക്കു ചെന്നിട്ടു്.]

പ്യൂൺ:—കോൻ മങ്ങ്താഹെ?

ജോസ്സ്:—നഗ്ഗീസ്സ്.

പ്യൂൺ:—കോൻ?

ജോസ്സ്:—നഗ്ഗീസ്സ്.

പ്യൂൺ:—വഗ്ഗീസ്സ്. അച്ഛാ! ഇധർ ദൊ വർഗ്ഗീസ്സ് ഹെ. ഏക്—മേരീ വർഗ്ഗീസ്സ്. ഔർ ദുസറാ ഹെ—മോളീ വർഗ്ഗീസ്സ്. കോൻ വർഗ്ഗീസ്സ് മങ്ങ് താഹെ?

ജോസ്സ്:—ഫിലിംസ്റ്റാർ നർഗ്ഗീസ്സ്.

പ്യൂൺ:—ഫിലിംസ്റ്റാർ? അച്ഛാ! മേരി ബാബ ഹോയഗാ. വോ ജേരാ ഫിലിംസ്റ്റാർ ക സരിക് ഹെ.

ജോസ്സ്:—(നിശ്ശബ്ദം. പറഞ്ഞതിൽ അധികമൊന്നും അയാൾക്കു് മനസ്സിലായില്ല.)

പ്യൂൺ:—ആപ് കോൻ ഹെ?

ജോസ്സ്:—വാട്ട്.

പ്യൂൺ:—(ആംഗ്യത്തോടെ) ആപ് കോൻ ഹെ?

ജോസ്സ്—ഐയാം ദി പ്രസിഡണ്ട് ഓഫ് ഫിലിം റോവേഴ്സ് അസ്സോസിയേഷൻ. പറഞ്ഞതു മനസ്സിലായെന്നു വിശ്വസിക്കുന്നു.

പ്യൂൺ:—(ജോസ് പറഞ്ഞതു് മനസ്സിലാകാതെ) നെയിം ക്യാഹെ?

ജോസ്സ്:—ജോസ്സ്.

പ്യൂൺ:—അഛാ! ബൈഠോ. അബി ബുലായഗാ.

[പ്യൂൺ കടന്നുപോയി. ജോസ്സ് കസേരയിലിരുന്നു് കയ്യിലുണ്ടായിരുന്ന ഫിലിംഫെയർ വായന തുടങ്ങി] (അകത്തു നിന്നു് സംഭാഷണം വ്യക്തമാകുന്നു.)

സ്ത്രീശബ്ദം:—ഓകേ. നാളെ നേരത്തെ വരില്ലേ?

പുരുഷശബ്ദം:—കൃത്യം നാലിനു് ഞാനിവിടെക്കാണും.

സ്ത്രീശബ്ദം:—പറഞ്ഞതു കൊണ്ടുവരണം കേട്ടോ.

പുരുഷശബ്ദം:—നോക്കട്ടെ.

സ്ത്രീശബ്ദം:—(പരിഭവത്തിൽ) എന്തു് നോക്കട്ടെന്നു്! പത്തോമുപ്പതോ രൂപയുടെ കാര്യമേയുള്ളു. പററില്ലെങ്കിൽ അതങ്ങു പറഞ്ഞാൽ പോരെ?

പുരുഷശബ്ദം:—കൊണ്ടുവരാം മേരീ.

സ്ത്രീശബ്ദം:—ദേ, മറന്നുപോകരുതു്കേട്ടോ. നാളെകഴിഞ്ഞു എനിക്കൊരു പാർട്ടിക്കു് പോകാനുള്ളതാണു്.

പുരുഷശബ്ദം:—കൊണ്ടുവരാമെന്നു് ഞാനല്ലേ പറഞ്ഞതു്.

സ്ത്രീശബ്ദം:—എന്നാൽ നാളെക്കാണാം. ബാ—യ്.

[അകത്തു് സംഭാഷണംനിലച്ചു. ചില നിമിഷങ്ങൾക്കകം മേരി പ്രവേശിക്കുന്നു. ജോസ്സ് ചാടിയെഴുന്നേററു്, ഭവ്യതയോടെ കൈ കൂപ്പുന്നു.]

ജോസ്സ്:—ഐയാം ദി പ്രസിഡണ്ടു് ഓഫ് ഫിലിം റോവേഴ്സ് അസ്സോസിയേഷൻ.

മേരി:—യെസ്.

ജോസ്സ്:—ഐ അഡ്മയർ യൂ.

മേരി:—(കാര്യം മനസ്സിലാകാതെ) യെസ്.

ജോസ്സ്:—ഐ വാൺഡ് ററു ബി എ ഫിലിംസ്റ്റാർ.

മേരി:—യെസ്.

ജോസ്സ്:—യൂ ഹെൽപ് മി.

മേരി:—(ഇയ്യാളിൽ എന്തോ പന്തികേടുണ്ടെന്നു് മനസ്സിലാക്കി, ചിരിച്ചു കഴിഞ്ഞിട്ടു്) ഹൂം ഡു യൂ വാൺഡ് ററു സീ?

ജോസ്:—ങേ? ങ് നർഗ്ഗീസ്.

മേരി:—ഏ...നർഗ്ഗീസ്?

ജോസ്:—യെസ്. യൂ.

മേരി:—ഐയാം വർഗ്ഗീസ്. നോട്ട് നർഗ്ഗീസ്.

ജോസ്:-(അമ്പരന്നു്) ങേ .. വർഗ്ഗീസോ! മലയാളി?

മേരി:—ങാ.... മലയാളിയാണു്. നിങ്ങൾക്കിതു തുടങ്ങി യിട്ട് എത്ര നാളായി?

ജോസ്—(ചോദ്യം മനസ്സിലാകാതെ) മൂന്നു മാസത്തോള മായി. എൻെറ ഒരു ബ്രദർ ഇവിടെയുണ്ട്. അയാളുടെ കൂടെയാണു് താമസം. അപ്പോൾ നർഗ്ഗീസ് ഇവിടെ യില്ലേ?

മേരി:—ഇതു് നെഴ്സസ് കപാർട്ടേഴ്സാണു് മനുഷ്യാ.

ജോസ്:—എന്നോടു് പുറത്തുനിന്ന ഒരു മലയാളിയാണു് പറഞ്ഞതു്. നർഗ്ഗീസ് ഇവിടെയാണു് താമസ മെന്നു്.

മേരി:—ങാ. പുറത്തു് ഗേററിനരുകിൽ കുറെ വായിൽ നോക്കി പൂവാലന്മാർ എപ്പോഴും കാണും. അവർ നിങ്ങളെ ഫൂൾ ആക്കാൻ പറഞ്ഞതാവും.

ജോസ്:—അപ്പോൾ (ഒരു പ്രത്യേകമട്ടിൽ) എവിടെയാണു് വീട്.

മേരി:—എന്തിനാണു്?

ജോസ്:—അറിയാൻ.

മേരി:—അറിഞ്ഞിട്ടോ...?

ജോസ്:—(വളിച്ച ചിരി ചിരിച്ചിട്ട്) ഒന്നിനുമല്ല. എ ന്നാലും ...

മേരി:—കോഴഞ്ചേരിയാണു്, മതിയോ?

ജോസ്:-(ചിരിച്ചു്)പേരു്?

മേരി:—മിസ്സ് വർഗ്ഗീസ്.

ജോസ്:—അപ്പൻെറ പേരല്ല. നിങ്ങളുടെ പേരു്.

മേരി:—യൂ മീൻ—മൈ ഫസ്റ്റ് നെയിം?

ജോസ്:-(അതെയെന്നു് തലയാട്ടി.)

മേരി:—മേരിക്കുട്ടി. എന്തിനാ അറിഞ്ഞിട്ട്?

ജോസ്:-(ചിരിയോടെ) ഒന്നിനുമല്ല. എന്നാലും.

മേരി:-സ്നേഹം തോന്നുന്നോ?

ജോസ്:—(പെട്ടെന്ന്) യെസ്.

മേരി:—(പൊട്ടിച്ചിരിച്ചിട്ട്) അപ്പഴതാണല്ലെ കാര്യം. ജോലിയൊന്നുമില്ലല്ലൊ?

ജോസ്:—ഇല്ല.

മേരി:—അപ്പോഠം, വരുമാനവും പൂജ്യം. അല്ലെ?

ജോസ്:-ഇവിടെ വരുമ്പോഠം ഫൈവ് ഹൺഡ്രഡ് റുപ്പീസുണ്ടായിരുന്നു കയ്യിൽ. എല്ലാം തീൎന്നു.

മേരി:—എൻെറ കുഞ്ഞാങ്ങള ഇറങ്ങി നടന്നാട്ടെ.

ജോസ്:—(ചിരിച്ചുകൊണ്ടു് ഒരടി മുമ്പോട്ടു് ചെന്നു.)

മേരി:—ഗററ് ഔട്ട്—യൂ ഫൂ ൾ.

[ജോസ് ചമ്മി പുറത്തേക്ക പോയി. മേരി, അകത്തേക്ക് പോകാനായി തിരിയുമ്പോൾ, ഭാസി കടന്നു വരുന്നു.]

ഭാസി:—(വളിച്ച ചിരിയോടെ) മേരീ—ീ...

മേരി:—(തിരിഞ്ഞുനിന്നു്) ഓ—! മിസ്റ്റർ ഭാസി. പിന്നെ, സുഖമല്ലെ?

ഭാസി:—ഒഫ് കോഴ്സ്. ബൈ ആഠം മീൻസ്.

മേരി:—(പരിഭവിച്ചു്)അന്നു്,പിറേറദിവസംവരാമെന്നും പറഞ്ഞു് പോയതാണു്. എന്നിട്ടെത്രദിവസം കഴിഞ്ഞാണു് ഇപ്പോഠം വന്നതു്?

ഭാസി:—ഞാൻ വന്നിരുന്നു. പിറേറദിവസം വന്നപ്പോഠം, മേരി ഡോക്ടർ വിത്സൻെറകൂടെ സിനമയ്ക്കു പോയെന്നു പറഞ്ഞു. അതിൻെറ പിറേറദിവസം വന്നപ്പോഠം നേവിക്കാരൻ ശേഖരൻെറ കൂടെ നടക്കാൻ പോയെന്നു പറഞ്ഞു. അതിൻെറയും പിറേറദിവസം വന്നപ്പോഠം

മേരി:—മതി, മതി! ഞാൻ ഓരോ ദിവസവും ഓരോരുത്തരുടേയും കൂടെ നടക്കുകയല്ലെ? (സങ്കടത്തോടെ) ഞാൻ ഈ കോമ്പൗണ്ടിനു് പുറത്തിറങ്ങുന്നുണ്ടെങ്കിൽ അതു്

ഭാസിയുടെകൂടെ മാത്രമാണ്. എന്നിട്ട് ഭാസിയി തൊക്കെ പറയണം.

ഭാസി:—ഐയാം സോറി റിയലി സോറി. ഞാനിവി ടെ വന്നപ്പോൾ ഒരുത്തി പറഞ്ഞു.

മേരി:—ഏതവളാ പറഞ്ഞത്?

ഭാസി:—ഐയാം സോറി. എനിക്കതിൻെറ പേരും വി ലാസവുമൊന്നും അറിയില്ല. മരണക്കുരിശുപോലെ ഒരെണ്ണമുണ്ടല്ലൊ; സ്വർണ്ണകണ്ണാടിയുമൊക്കെയുള്ള ഒരു

മേരി:—ങാ അവളതു പറയും. അവൾക്കാരും ഇല്ലാത്തതി ൻെറ കുശുമ്പാണ്.

ഭാസി:—ഒഫ് കോഴ്സ്. അങ്ങിനെയാകാനെ തരമുള്ളു.

മേരി:—(ആടികുഴഞ്ഞു) ഭാസീ...?

ഭാസി:—(ചിരിച്ചിട്ട്)യേസ്.

മേരി:—എത്രനാളായി നമ്മളൊരു സിനിമക്കു പോയിട്ട്? ഇന്ന് നമുക്കൊന്നു പോകാം:

ഭാസി:—നൈസ് ഐഡിയാ! ഞാൻ രണ്ട് ടിക്കററുമായി ട്ടല്ലെ വന്നിരിക്കുന്നത്? (വളിച്ച ചിരിയോടെ ടിക്ക ററെടുത്ത് കാണിക്കുന്നു)

മേരി:—ഭാസീ....?

ഭാസി.—യേസ്.

മേരി:—അന്നെനിക്ക് ടെറികോട്ടൺ സാരി വാങ്ങിക്കൊ ണ്ടുവരാമെന്നു പറഞ്ഞിട്ട്?

ഭാസി:—അതേ, ഐയാം സോറി. (ചിരിച്ച്)കൊണ്ടുവ രാൻ പററിയില്ല.

മേരി:—ഓ. ഏതാണ്ട് വലിയ കമ്പനിയുടെ മാനേജരാ ണെന്നൊക്കെ പറഞ്ഞിട്ട്? പത്തോ അറുപതോ രൂപ യുടെ കാര്യമെയുള്ളു. ഞാൻ വിചാരിച്ചാലും സാ ധിക്കും.

ഭാസി:—യേസ്. ഇൻറർനാഷണൽ ട്രേഡേഴ്സിൻെറ ജ നറൽ മാനേജരാണ്. എല്ലാംകൂടി ആയിരത്തോളം

രൂപ പ്രതിമാസം കിട്ടും. പക്ഷെ മേരീ, ഒന്നിനും തികയുന്നില്ല. നൗ ഏ ഡെയ്സ് റു മച്ച് എക്സ്പെൻസ്. (സിഗരററ് എടുത്തുകൊണ്ട്) സ്മോക്കിംഗിനുതന്നെ ഡെയിലി ഏഴെട്ട് രൂപയാകും. സൂസീ...

മേരി:—എന്നിട്ടാണ് എനിക്കൊരു സാരി വാങ്ങിത്തരാൻ ഇത്ര മടി. അടുത്ത 17—ാം തീയതി എൻെറ ബർത്ഡേയാണ്. അന്നുടക്കാനാ. വാങ്ങിത്തരുമോ?

ഭാസി:—നൈസ് ഐഡിയ! മേരിയുടെ ബർത്ഡേക്ക് എൻെറ വക സമ്മാനം — ഒന്നാംതരമൊരു ടെറികോട്ടൺ സാരി.

മേരി:—ങ്ങു—ഹ്ഹും. (കുഴഞ്ഞാടി) ബർത്ഡേ പ്രസൻേറഷൻ വേറെ വല്ലതും മതി. സാരി അതിനുമുമ്പേ വേണം. എന്നാലല്ലെ അന്നുടുക്കാൻ പററൂ.

ഭാസി:—(പരുങ്ങി, അത്ര തൃപ്തിയില്ലാതെ) ശരി മേരീ. ഇഷ്ടം.

മേരി:—(സന്തോഷത്താൽ കസേരയിലിരുന്ന്) താങ്ക്യൂ ഭാസി—താങ്ക്യൂ.

ഭാസി:—ഇതിനൊക്കെ പകരം മേരി എനിക്കെന്തു തരും?

മേരി:—എന്തുവേണം പറയൂ. ഞാൻ മുഴുവനായി ഭാസിയുടേതല്ലെ ?

ഭാസി:—നമ്മുടെ കല്യാണം —.

മേരി:—എപ്പോഠം വേണമെങ്കിലും നടത്താം.

ഭാസി:—നമുക്ക് ഹണിമൂണിനു് സ്വിററ്സർലണ്ടിൽ പോകണം. അവിടത്തെ നാച്വറൽ ബ്യൂട്ടിയുണ്ടല്ലോ മേരീ—, റിയലി വണ്ടർഫുഠം!

മേരി:—ഭാസി ഇതിനുമുമ്പവിടെ പോയിട്ടുണ്ടോ?

ഭാസി:—കൊള്ളാം! പോയിട്ടുണ്ടോന്ന്! ഞാൻ പോയിട്ടുള്ള സ്ഥലങ്ങഠം, (കൈവിരൽ മടക്കി എണ്ണിക്കൊണ്ട്) ഇംഗ്ലണ്ട്, ഹോളണ്ട്, അയർലണ്ട്, തായ്ലണ്ട്, സ്വിററ് സർലണ്ട്, പോളണ്ട്....

മേരി:—(ചിരിച്ചു) എൻെറ പൊന്നു ഭാസീ, നിറുത്തു്.
ഭാസി:—നിറുത്തി. എന്നാൽ നമുക്കാട്ടത്തമാസം നടത്താം?
മേരി:—നടത്താം, പക്ഷെ—.
ഭാസി:—എന്താ——?
മേരി:—ഓ——ഒന്നുമില്ല.
ഭാസി.—എന്താ മേരി—? പറയൂ.

[മേരി ഭാസിയുടെ ചെവിയിൽ എന്തോ സ്വകാര്യം പറയുന്നു]

ഭാസി:—(അത്ഭുതത്തോടെ) ങേ—.
മേരി.—(ശരിവയ്ക്കുംപോലെ) ങും.
ഭാസി:—എന്നിട്ടു്—?
മേരി.—(വീണ്ടും കുശുകുശുക്കുന്നു)
ഭാസി:—ങാഹാ!
മേരി:—ങാ—.
ഭാസി:—അവനെ ഞാൻ.
മേരി:—ആളെ നോക്കിക്കൊള്ളാമെങ്കിൽ പിന്നെ കുഴപ്പമില്ല.
ഭാസി:—അവനെ ഞാൻ ഒററയടിക്കു് ചങ്ങനാശ്ശേരി ഇടപ്പാലവും കടത്തി, കൊങ്ങാമ്പാറയ്ക്കുമയയ്ക്കും.
മേരി:—ആ ഒരാളുടെ പ്രശ്നമേയുള്ളു.
ഭാസി:—അവനെപ്പോലുള്ള ഒൻപതുപേരെ നോക്കാൻ ഞാനൊററയ്ക്കു മതി.

[മേരിയുടെ ചുണ്ടിൽ പരിഹാസത്തിൻെറ ഒരു പുഞ്ചിരിയൂറി. രാജു കടന്നുവരുന്നു. ഭംഗിയായി വസ്ത്രധാരണം ചെയ്തിട്ടുള്ള രാജു, ആകെ ഒന്നു മാറിയിട്ടുണ്ടു്.]

ഭാസി:—ഹല്ലോ—ഹൗ ആർ യൂ—? (രാജുവിൻെറ കൈപിടിച്ചു് കുലുക്കുന്നു.)
രാജു:—ഐയാം ഫൈൻ. താങ്ക്യൂ.
മേരി:—കാണാനുണ്ടോ ഇങ്ങിനിയൊരാളെ?
രാജു:—സിസ്റ്റർ, എനിക്കു് ബീനയെ ഒന്നു കാണണമായിരുന്നല്ലൊ.

മേരി:—എന്റെ പേരു് സിസ്റ്റർ എന്നല്ല. മേരി എന്നാണു്
രാജു:—അടുത്തു് പരിചയമില്ലാത്ത ഒരാളെ കേറി പേരു വിളിക്കുന്നതു് ഭംഗിയല്ലല്ലൊ.
മേരി:—പരിചയമില്ലെങ്കിൽ പരിചയപ്പെടണം.
ഭാസി:—നൈസ് ഐഡിയ! പരിചയപ്പെടണം.
മേരി:—അതോ ബീനയെ മാത്രമേ പരിചയപ്പെട്ടു എന്നു് നിർബ്ബന്ധമുണ്ടോ?
രാജു:—എന്നിട്ടു്—ബീനയെ ഒന്നു വിളിക്കാമോ? ഞാനിവിടെ വരുമെന്നു് നേരത്തെ പറഞ്ഞിരുന്നതാണു്.
മേരി:—അവിടെ ഇരിക്കുന്നേ. എന്താ ഇത്ര ധൃതി ബീനയെ കാണാൻ —?
രാജു:—എന്തൊക്കെയാണു് മി. ഭാസി വിശേഷങ്ങൾ—? സുഖമല്ലെ?
ഭാസി:—ഒഫ്കോഴ്സ്. ബൈ ആൾ മീൻസ് ഐയാം ഹാപ്പി. അടുത്തയാഴ്ച ഞാൻ വെസ്റ്റ് ജർമ്മനിയിലേക്കു് പോകും—; ഓൺ എ ബിസ്സിനസ്സ്ടൂർ. പിന്നെ രണ്ടു മാസത്തേക്കു് ഞാൻ ജർമ്മനിയിലായിരിക്കും.
മേരി:— (രാജുവിന്റെ അടുത്തുചെന്നു് ചേർന്നുനിന്നിട്ടു്) ഭാസീ, ഞങ്ങളിലാരാ വെളുത്തതു്—?
ഭാസി:—മേരിയാണു്. നൊ ഡൗട്ട്.
മേരി:— (രാജുവിന്റെ മുഖത്തേക്കു നോക്കി ചിരിച്ചിട്ടു്) അല്ല. മി: രാജുവിനാണു് കൂടുതൽ നിറം.
രാജു:—ഞാനിറങ്ങുന്നു. നിങ്ങളിരിക്കു. (അസഹ്യതയോടെ)
മേരി:—നിൽക്കുന്നേ ബീന ഇപ്പോൾ വരും. (രാജുവിന്റെ 'ടൈ' പരിശോധിച്ചുകൊണ്ടു്) നല്ല മാച്ചിംഗ് കളർ! ഇല്ലേ ഭാസീ....?
ഭാസി:—(എവിടെയോ നോക്കിക്കൊണ്ടു്) കറക്റ്റ്.

[ഉടുത്തൊരുങ്ങിയ ബീന പ്രവേശിക്കുന്നു. മേരിയുടെ സ്വഭാവം ശരിക്കറിയാവുന്ന ബീന, രംഗംകണ്ടു്, കാര്യമായിട്ടു്—എന്നാൽ കളി പറയുംപോലെ–]

ബീന:—എടീ പെണ്ണേ, കേറി എൻക്രോച്ച് ചെയ്യല്ലെ.

മേരി.—ഓ—ഞാനോ—? ഇല്ലെടീ. അല്ലെങ്കിൽത്തന്നെ പള്ളിക്കാരൻ വലിയ നാണംകുണുങ്ങിയാണ്.

ബീന:—ങാ—ഞാൻ നോക്കിക്കൊള്ളാമതു്. രാജു വന്നിട്ടെത്തിരിനേരമായോ?

രാജു:—നാലഞ്ചു മിനിററേ ആയുള്ളു. പോകാം—?

ബീന:—ഓ വരു. (രണ്ടുപേരും നടക്കുന്നു)

മേരി:—ലേററ് പാസുണ്ടോടീ—?

ബീന:— (തിരിഞ്ഞുനിന്ന്) ഇല്ല. ഞാൻവേഗം വരും.

[രാജുവും ബീനയും പുറത്തേക്കുപോയി. മേരിയുടെ പെരുമാററം ഭാസിക്കത്ര രുചിച്ചിട്ടില്ല.]

ഭാസി:—'ടൈ'യ്ക്കു മാച്ചിംഗ് കളറുണ്ടായാൽ മതിയോ? അതു് ഉപയോഗിക്കാൻ പഠിക്കണ്ടെ? അവൻ 'ടൈ' കെട്ടിയിരിക്കുന്നതു് വെറും പഴഞ്ചൻ മോഡലിലാണ്. ആ തലമുടി ചീകിയിരിക്കുന്നതു കണ്ടോ? വെറും നാടൻ സ്റ്റൈൽ. ഇവനൊക്കെ എന്നെ കണ്ടു് പഠിച്ചാലെന്താ? എൻെറയീ ഹെയർ സ്റ്റൈലുണ്ടല്ലൊ മേരി; ഇതു ഞാൻ പോളണ്ടിൽ വച്ചു പഠിച്ചതാണ്. ഇതു പഠിക്കാൻമാത്രം ഏതാണ്ടു് 700 രൂപ ചെലവു ചെയ്തു. സെവൻ ഹൺഡ്രട്ട് റുപ്പീസ്! യൂ. സീ —?

മേരി:—എൻെറ ഹെയർ സ്റ്റൈൽ കൊള്ളാമോ ഭാസി—?

ഭാസി:— (വേറെ എവിടെയോ നോക്കി) ഒഫ്കോഴ്സ്. വളരെ നന്നായിരിക്കുന്നു.

[ഡോക്ടർ വിത്സൺ പ്രവേശിച്ചു് ചുമച്ചു് ശബ്ദമുണ്ടാക്കി. മേരി എഴുന്നേററു് വിത്സൻെറ സമീപത്തേക്കു് ചെന്നു.]

വിത്സൺ:—കഴിഞ്ഞോ?

മേരി:—എന്തോന്നു്?

വിത്സൺ:—സംസാരം.

മേരി:—എന്തോ സംസാരം?

വിത്സൺ:—നിനക്കു് അയാളുമായി പറയാനുള്ളതു് പറഞ്ഞുകഴിഞ്ഞോന്നു്?

ഭാസി:— (വിത്സനെ സമീപിച്ച്) ഗുഡ് ഈവനിംഗ് ഡോക്ടർ.

വിത്സൻ:—(സന്തോഷമില്ലാതെ) ഗുഡ് ഈവനിംഗ്.

[ഭാസി, ഡോ: വിത്സണ് സിഗററ് ഓഫർ ചെയ്യുന്നു. Thanks പറഞ്ഞു് വിത്സൺ അതു് നിരസിച്ചു]

വിത്സൻ:—(മേരിയോട്) കഴിഞ്ഞില്ലെങ്കിൽ ഞാൻ ശല്യപ്പെടുത്തി വിഷമിപ്പിക്കുന്നില്ല.

മേരി:—എനിക്ക് ആരോടും ഒന്നും പറയാനില്ല.

വിത്സൻ:—ഗുഡ്. എന്നാൽ പോരുന്നോ പുറത്തേക്ക് — ?

മേരി:—പോകാം.

വിത്സൻ:—ദെൻ, കമോൺ.

[രണ്ടുപേരും പുറത്തേക്കുപോയി. മേരി, ഭാസിയെ ഒന്നുതിരിഞ്ഞു നോക്കിയതുപോലുമില്ല. അണ്ടികളഞ്ഞ അണ്ണാനെപ്പോലെ ഭാസി മിഴിച്ചു നിൽക്കുന്നു. സിനിമാടിക്കററുകൾ അപ്പോഴും കയ്യിലുണ്ട്.]

യവനിക.

## രംഗം 4

[ജോണിയുടെ മുറി. പഴയ സജ്ജീകരണങ്ങൾതന്നെ. രംഗത്തു്, ജോസ് മേയ്ക്കപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. രാജു തടിച്ച ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയാണു്.

ജോസ്:—രാജു, റൂഷ് ഇരിപ്പുണ്ടോ —ഒരല്പമെടുക്കാൻ?

രാജു:—എന്തോന്നു്?

ജോസ്:—റൂഷ്. ഇററ് ഈസ് എ മേയ്ക്കപ്പ് മെററീരിയൽ. മനസ്സിലായെന്നു് വിശ്വസിക്കുന്നു.

രാജു:—(രസിക്കാതെ) എനിക്കു മനസ്സിലായില്ല.

ജോസ്:—ഈ കവിളൊട്ടിയ പെണ്ണുങ്ങൾ മുഖത്തു പുരട്ടി ചുവപ്പു പിടിപ്പിക്കുന്ന സാധനമെ—റൂഷ്.

രാജു:—അതു് നിനക്കെന്തിനാണു്?

ജോസ്:—എനിക്കെന്തിനാണെന്നോ?! അതിടാതെ ഒരു ദിവസംപോലും ഞാൻ പുറത്തിറങ്ങിയിട്ടില്ല.

രാജു:—എന്നാൽ, തൽക്കാലം അതിടാതെ ഇറങ്ങിയാൽ മതി.

ജോസ്:—(നിരാശയോടെ) ശരി. അപ്പോൾ രാജുവിനറിയില്ലേ നർഗ്ഗീസിൻെറ അഡ്രസ്സ്?

രാജു:—എൻെറ പൊന്നേ, എനിക്കറിയില്ല.

ജോസ്:—പിന്നെ താനിത്രനാളും എന്തെടുക്കുവായിരുന്നു—ബോംബെയിൽ?

രാജു:—പിന്നെ! ഞാൻ അവരുടെ അഡ്രസ്സ് തിരക്കിനടക്കുകയായിരുന്നു! നിനക്കൊന്നു മിണ്ടാതിരിക്കാമോ?

ജോസ്:—(സ്വഗതമെന്നോണം) ഞാൻ തന്നെ പോയി തിരക്കാം.

രാജു:—ങാ—അതാ നല്ലതു്. എനിക്കീ പുസ്തകമൊന്നു് തീ
ർക്കുകയുംചെയ്യാം.

ജോസ്:—രാജു?

രാജു:—എന്താ ജോസേ?

ജോസ്:—എനിക്കേ.

രാജു:—ങ്ഹും.

ജോസ്:—അല്പം ചില്ലറ വേണമായിരുന്നു.

രാജു:—ഒരു ദിവസം നിന്നെ ഞാൻ പെട്ടിക്കകത്തടച്ച്
നാട്ടിലേക്കു പാർസലായിട്ടയയ്ക്കും.

ജോസ്:—അതൊഴിച്ച് എന്തുവേണമെങ്കിലും ചെയ്തോ?
നാട്ടിൽ ചെന്നാൽ പെങ്ങമ്മാർ എന്നെ നിറുത്തി പുകച്ചു
കളയും. പോരെങ്കിൽ, ഐയാം ദി....

രാജു:—നിറുത്തു്—നിറുത്തു്. (പോക്കററിൽനിന്നു് ഒരു
രണ്ടുരൂപാനോട്ടെടുത്തു് കൊടുത്തിട്ടു്) ചെല്ലു്. ഞാ
നിവിടെ ഒന്നു സ്വൈരമായിരിക്കട്ടെ.

(ജോസ് പണംവാങ്ങി പുറത്തേക്കു നടക്കാൻ ഭാവിക്കുമ്പോഴേ
ക്കും ബീന കടന്നുവരുന്നു. രാജു എഴുന്നേററു് പുഞ്ചിരിയോടെ അവ
ളെ സ്വാഗതംചെയ്തു്, കസേര ചൂണ്ടിക്കാട്ടി ഇരിക്കാനാവശ്യപ്പെട്ട
മ്പോൾ, ജോസ് കണ്ണിമയ്ക്കാതെ ബീനയെത്തന്നെ നോക്കിനിൽക്കുക
യാണു്.)

ജോസ്:—ഇതാരാ രാജു?

രാജു:—ഇതൊരു പെണ്ണു്.

ജോസ്:—അതെനിക്കു് കണ്ടപ്പോഴെ മനസ്സിലായി.

രാജു:—ഉവ്വോ? പിന്നെന്താണു് മനസ്സിലാകാത്തതു്?

ജോസ്:—അല്ല, ഞാൻ ആലോചിക്കുകയായിരുന്നു.

രാജു:—എന്താണു് ആലോചന?

ജോസ്:—ഒരുപക്ഷെ, ഇവക്കറിയാമായിരിക്കും—നർഗ്ഗീ
സിൻെറ അഡ്രസ്സു്. (ബീനയോടായിട്ടു്) അറി
യാമോ?

ബീന:—(കാര്യമറിയാതെ മിഴിച്ചുനില്ക്കുന്നു.)

രാജു:—ഇവർ നർഗ്ഗീസിൻെറ തൊട്ടടുത്താണു് താമസിക്കുന്നതു്.

ജോസ്:—(സന്തോഷിച്ചു്) വെരി ഗുഡ്! അപ്പോഴെ, ഐയാം ദി പ്രസിഡണ്ടു് ഓഫ് ഫിലിം റോവേഴ്സ് അസോസിയേഷൻ! പറഞ്ഞതു് മനസ്സിലായെന്നു് വിശ്വസിക്കുന്നു.

രാജു:—(ബീനയോടായി) മനസ്സിലായോ?

ബീന:—മനസ്സിലായില്ല

ജോസ്:—എന്നെ നർഗ്ഗീസുമായി ഒന്നു് ഇൻട്രൊഡ്യൂസ് ചെയ്യാമോ?

രാജു:—പിന്നെന്താ? നീ നർഗ്ഗീസിൻെറ അടുത്തുചെന്നു് ഇവരു് പറഞ്ഞയച്ചെന്നു് പറഞ്ഞാൽ മതി.

ജോസ്:—ആരുപറഞ്ഞയച്ചെന്നാ?

രാജു:—മിസ്സ് നിമ്മി പറഞ്ഞയച്ചെന്നു്. അല്ലാതെന്താ?

ജോസ്:—(കസേരയിൽനിന്നു പകുതി എഴുന്നേററു്, അത്ഭുതംകൊണ്ടു് വിടൎന്ന കണ്ണുകളുമായി) ഐ സി! യൂ ആർ മിസ്സ് നിമ്മി?!

രാജു:—യെസ്, യെസ്.

(രാജുവും ബീനയും പൊട്ടിച്ചിരിച്ചെങ്കിലും ജോസിനൊന്നും മനസ്സിലായില്ല.)

ജോസ്:—(ബീനയെ ബഹുമാനപുരസ്സരം തൊഴുതുകൊണ്ടു്) താങ്ക്യൂ മാഡം, താങ്ക്യൂ. ഐയാം ദി....

രാജു:—ജോസേ, നീ വേഗംചെല്ലു്. അല്ലെങ്കിൽ പിന്നെ, നർഗ്ഗീസ് പുറത്തെവിടെയെങ്കിലും പോകും.

ജോസ്:—(ബീനയോടു്) എന്നാൽ ഞാനിറങ്ങട്ടെ?

ബീന:—അങ്ങനെയാകട്ടെ.

(ജോസ് ബീനയെ തിരിഞ്ഞു നോക്കിക്കൊണ്ടു് മെല്ലെ നടന്നു പുറത്തേക്കുപോയി. ബീനയും രാജുവും മതിയാവോളം ചിരിച്ചു.)

ബീന:—ഏതാ രാജു—ഈ കിറുക്കൻ?

രാജു:—എൻെറ ചിററമ്മയുടെ ആങ്ങളയാണു്.

ബീന.—ഇവിടെ എന്തു വന്നു?

രാജു:—കുറെ നാളായി. സിനിമായിലഭിനയിക്കാൻ വന്ന താണ്.

ബീന:—ഓഹോ! അതാണ് നർഗ്ഗീസിൻെറ വിലാസം തിരക്കുന്നതില്ലേ?

രാജു:—കിറുക്ക്! എന്നെ നശിപ്പിക്കാൻ കൂടിയിരിക്കുന്നു. പോകാൻ പറഞ്ഞാലൊട്ട് പോവുകയുമില്ല.

ബീന:—(രാജു വായിച്ചുകൊണ്ടിരുന്ന പുസ്തകം ചൂണ്ടി) ഇതെന്താണീ മഹാഗ്രന്ഥം?

രാജു:—ഹ്യൂമൻ സൈക്കോളജിയെ കുറിച്ചുള്ള ഫ്രോയിഡിൻെറ ഒരു കളക്ഷനാണ്.

ബീന:—വായിക്കാൻ രസമുള്ളതാണോ?

രാജു:—പിന്നേ, ഇത് തുടക്കമല്ലേ—രസത്തിന് ഒരു പബ്ലിക്റിലേഷൻ ഓഫീസർ അറിഞ്ഞിരിക്കേണ്ട പലതുമുണ്ടിതിൽ.

ബീന:—ഓ—ഒരു ആപ്പീ—ീസർ!!

രാജു:—എന്താ, പിടിച്ചില്ലെ?

ബീന:—അതിരിക്കട്ടെ. പുതിയ നാടകം എവിടത്തോളമായി?

രാജു:—അതിൻെറ റിഹേഴ്സൽ നടക്കുന്നു. നീ ആ പാട്ട പഠിച്ചോ? ഇനിയൊരാഴ്ചയേയുള്ളു.

ബീന:—പഠിച്ചോന്ന് ചോദിച്ചാൽ പഠിച്ചു. പക്ഷെ, പാടിയാൽ ശരിയാകുന്നില്ല.

രാജു:—പിന്നെന്താ പഠിച്ചത്? ഒന്നു പാട്ടു കേൾക്കട്ടെ.

ബീന:—ഞാൻ ശരിക്കു പഠിച്ചില്ല കേട്ടോ.

രാജു:—ങാ—പഠിച്ചപോലെ പാട്.

(ബീന പാടിത്തുടങ്ങി. രാജു പെട്ടെന്ന് തടഞ്ഞു, മറ്റൊരു ശ്രുതിയിൽ ആ ഗാനം ആരംഭിക്കുന്നു. രണ്ടുവരി പാടിയിട്ട്—"ഇനി പാട്ടു" എന്നു ബീനയോടു പറയുമ്പോൾ, അവൾ പാടിത്തുടങ്ങുന്നു. പിന്നെ അവരിരുവരും ചേർന്ന് പാടുന്നു—മനോഹരമായ ഒരു പ്രേമ ഗാനം.)

ബീന:—രാജുവിന് വലിയ പുള്ളിയാകാനല്ലേ? ഞാനെന്തിനാ ഈ പാടൊക്കെപെടുന്നത്?

രാജു:—അതുശരി. ഇങ്ങനെ പലരുടേയും പാടുപെടലിന്റെ ഫലമായിട്ടാണ് ഒരാൾക്ക പുള്ളിയാകാൻ കഴിയുന്നതെന്നറിയാമോ?

ബീന:—എനിക്ക കേൾക്കണ്ട ഈ തത്വശാസ്ത്രം.

രാജു:—പിന്നെ എന്താ ''എനിക്ക്'' കേൾക്കേണ്ടതു്? വേറെ രണ്ടു പെണ്ണുങ്ങളെക്കുറിച്ച് നാലുനുണ പറയാം. എന്താ?

ബീന:—എനിക്ക് നുണ കേൾക്കാൻ എന്തു താല്പര്യമാണെന്നറിഞ്ഞില്ല!

രാജു:—എന്നാൽ പോട്ടെ എന്റെ കഴിഞ്ഞ നാടകം പ്രസിദ്ധീകരിച്ച വകയിൽ ഇതുവരെ കഷ്ടിച്ച് 200 രൂപ കിട്ടി ബാക്കി ....

ബീന:—ബാക്കിയുടെ കാര്യം പോകട്ടെ. കിട്ടിയതിന്റെ പങ്കെവിടെ?

രാജു:—ങ! ങ! പങ്കിന്റെ കാര്യത്തിലാണീ വർത്തമാനമൊക്കെ—അല്ലെ?

ബീന:—പിന്നല്ലാതെ.

രാജു:—എങ്ങിനെയാണ് പങ്ക്......? പകുതിയോ—മൂന്നിലൊന്നോ....?

ബീന:—കുറഞ്ഞതു് പകുതിയെങ്കിലും കിട്ടണം.

രാജു:—ശരി. (മേശവലപ്പിൽ നിന്നു് ഒരു കടലാസ്സ് പെട്ടി പുറത്തെടുത്തു് ബീനയുടെ മുമ്പിലേക്ക് വച്ചിട്ട്—) ദാ—പകുതിതികയുകയില്ല ഇതുകൊണ്ടു് തൃപ്തിപ്പെടണം.

ബീന:—എന്താണിതു് രാജു?

രാജു:—അതോ—അതു്, ഒരു സാരിയാണ്.

ബീന:—എന്തിനാണിപ്പോൾ സാരി വാങ്ങിയതു്?

രാജു:—(പണ്ട് ബീന പറഞ്ഞതിന് പകരം വീട്ടും പോലെ) എനിക്കായിട്ട് വാങ്ങിയതാണ്. പക്ഷെ എനിക്കു ചേരുന്നില്ല. എന്നാൽ ബീനയ്ക്ക് തന്നേക്കാമെന്നു കരുതി.

(ബീന പെട്ടി തുറന്ന് സാരി പുറത്തെടുത്ത് ശരീരത്തോട് ചേർത്തു പിടിച്ചു നോക്കിയിട്ട്)

ബീന:—നന്നായിരിക്കുന്നു. (സാവധാനം എഴുന്നേററ് നിന്നിട്ട്)

രാജൂ....?

രാജു:—ങ്ഹൂ—ം,

ബീന:—ഈ സാരി എന്റെ കയ്യിൽത്തരു.

രാജു:—നീയെടുത്തോ.

ബീന:—അങ്ങിനെയല്ല. ഇതെടുത്തെന്റെ കയ്യിൽ വച്ചു തരൂ.

(രാജു എഴുന്നേററ്, സാരിയെടുത്ത് ബീനയുടെ നേക്ക് നീട്ടുമ്പോൾ, അവളത് രണ്ടു കയ്യും നീട്ടി ബഹുമാന പുരസ്സരം ഏററുവാങ്ങി. പശ്ചാത്തലത്തിൽ സന്തോഷസൂചകമായ സംഗീതത്തിന്റെ അലകൾ ഉയന്നുപൊങ്ങി. രാജുവും ബീനയും അന്യോന്യം കണ്ണുകളിൽ നോക്കി അല്പനേരം നിന്നു. പിന്നെ, രാജു ഒരു ചുവട് മുമ്പോട്ട് വെയ്ക്കുമ്പോൾ, അയാളുടെ കയ്യ് തട്ടി മേശപ്പുറത്തിരുന്ന കണ്ണാടി നിലത്തു വീണ് ചിന്നിചിതറി. പശ്ചാത്തലത്തിൽ സംഗീതംനിലച്ചു. പകരം വയലിന്റെ നേർത്ത ശോകാത്മകമായ രാഗം മാത്രം കേൾക്കുന്നു.)

ബീന:—(ഉടഞ്ഞ കണ്ണാടിയിൽ നോക്കിയിട്ട്) നല്ലകണ്ണാടിയായിരുന്നു.

രാജു:—പൊട്ടിപ്പോയി. സാരമില്ല

ബീന:—നമ്മുടെ കാര്യത്തെ കുറിച്ച് വീട്ടിലേക്കെഴുതണമെന്നു പറഞ്ഞിട്ട് എഴുതിയോ?

രാജു:—നീയെന്തിനാണ് ഈ സന്ദർഭത്തിൽ അതു ചോദിച്ചതു്?

ബീന:—അറിയാൻ വേണ്ടി. എന്താണീ സന്ദർഭത്തിനൊരു പ്രത്യേകത?

രാജു:-(ഉടഞ്ഞ കണ്ണാടിക്കഷണങ്ങളിൽനിന്ന് കണ്ണെടുക്കാതെ) ഒന്നുമില്ല. ഇല്ല-ഒന്നുമില്ല.

ബീന:-എഴുതിയോ?

രാജു:-എഴുതി. മറുപടിയും കിട്ടി.

ബീന:-എന്താണെഴുതിയിരിക്കുന്നതു്?

രാജു:-[നിശ്ശബ്ദം]

ബീന:-എന്താണെന്നു വച്ചാൽ പറയൂ രാജു.

രാജു:-ബീനേ.

ബീന:-എന്തോ.

രാജു:-നമുക്കതേക്കുറിച്ചു് പിന്നീടു സംസാരിക്കാം.

ബീന:-എനിക്കു് മനസ്സിലായി. അവർക്കാക്കും സമ്മതമല്ല-അല്ലേ?

രാജു:-[ഒന്നും മിണ്ടാതെ, ദയനീയമായി ബീനയെനോക്കുക മാത്രം ചെയ്തു.]

ബീന:-(വേദനയോടെ) അങ്ങൊരിക്കലും വിഷമിക്കേണ്ട. ഞാനൊരു വിലങ്ങുതടിയാകുമെന്നു് പേടിക്കുകയും വേണ്ട

രാജു:-ബീനേ...., ഞാൻ പറഞ്ഞില്ലേ-നമുക്കിതേക്കുറിച്ചു് പിന്നീടു സംസാരിക്കാമെന്നു്.

ബീന:-എപ്പോഴായാലും പറയാനുള്ളതു് ഒന്നു തന്നെയല്ലേ? പിന്നെന്താ? ഞാനെൻെറ ജീവിതത്തിൽ ചിരിച്ചിട്ടില്ല രാജു. അങ്ങിനെ ചെയ്യാമെന്നാശിച്ചു പോയി. അത്യാഗ്രഹമായിരുന്നതു്.

രാജു:-ബീനേ-അപ്പച്ചനങ്ങിനെ എഴുതിയെന്നു് കരുതി ......... (അയാളുടെ ശബ്ദമിടറി.)

ബീന:-ഒരിക്കലും അങ്ങു് എന്നെയോർത്തു് വിഷമിക്കരുതു്. രാജു ഒരു വലിയ മനുഷ്യനായി ഉയരുമ്പോഴും, ഞാനെവിടെ ആയിരുന്നാലും, എങ്ങിനെയായിരുന്നാലും സന്തോഷിക്കുകയേയുള്ളു.

രാജു:-(വേദനയോടെ) ബീനേ.

ബീന:—(നിറഞ്ഞകണ്ണുകളുയർത്തി) എന്തോ....?

(അവരന്യോന്യം നോക്കി. നിറഞ്ഞ നാലുകണ്ണുകൾ മൂകമായ ഭാഷയിൽ സംസാരിക്കുമ്പോൾ, രാജുവിൻെറ കൈകൾ ബീനയുടെ തോളത്തു് സ്പർശിച്ചു. അവൾ പ്രതിഷേധിച്ചില്ല. ബീനയെ അല്പം കൂടി ചേർത്തു് നിറുത്തിക്കൊണ്ടു് രാജു അവളുടെ കണ്ണുനീരൊപ്പി.

ജോണി കടന്നു വരുന്നു. രംഗം കണ്ടു് അയാൾ സ്തബ്ധനായിപ്പോയി. നിമിഷങ്ങളോളം ഘനമുള്ള നിശ്ശബ്ദത.)

ജോണി:—സിസ്റ്റർ എപ്പോഴം വന്നു?

ബീന:—കുറെനേരമായി.

ജോണി:—പിന്നെ എന്തൊക്കെയുണ്ടു് വിശേഷങ്ങഠം?

ബീന:—എന്തു വിശേഷം? ഞാനിവിടെ വന്നാൽ ഒരിക്കലും നിങ്ങളെ കാണാറില്ലല്ലൊ.

ജോണി:—അപ്പോഠം സിസ്റ്ററിവിടെ വരാറുണ്ടു്—ഇല്ലെ?

ബീന:—ഉവ്വ്.

ജോണി:—ഞാനറിഞ്ഞിട്ടില്ല.

ബീന:—ഞാൻ പോകുന്നു.

ജോണി:—ധൃതിയെന്താ? ഇരിക്കു-ഞാൻ കാപ്പിയുണ്ടാക്കാം.

ബീന:—വേണ്ട. എനിക്കു് രണ്ടു മണിക്കു് ഡ്യൂട്ടിയുണ്ടു്. ഞാൻ പോകട്ടെ.

ജോണി:—ശരി, എന്നാൽ അങ്ങിനെയാവട്ടെ.

(ബീന നടന്നകലുന്നു. രാജു അവളോടൊപ്പം അല്പദൂരം ചെന്നു. പരസ്പരം ഒന്നുനോക്കി. ഒന്നും മിണ്ടിയില്ല. ബീന കടന്നു പോയി. നിശ്ശബ്ദമായ നിമിഷങ്ങൾ......)

ജോണി:—രാജു?

രാജു:—ങും.

ജോണി:—എന്താണിതൊക്കെ?

രാജു:—ഏതു്?

ജോണി:—ഇതിൻെറയൊക്കെ അർത്ഥം?

രാജു:—(നിശ്ശബ്ദം.)

ജോണി:—ചോദിച്ചതു കേട്ടില്ലേ?

രാജു:—കേട്ടു

ജോണി:—പിന്നെ?

രാജു:—(വീണ്ടും നിശ്ശബ്ദം)

ജോണി:—തന്നോടല്ലെ ചോദിക്കുന്നത്?

രാജു:—ഞാനും ബീനയുമായുള്ള വിവാഹത്തെക്കുറിച്ച് ഞാൻ വീട്ടിലേക്കെഴുതിയിരുന്നു.

ജോണി:—താനും ബീനയുമായുള്ള വിവാഹത്തെക്കുറിച്ച്..........?

രാജു:—ഞാൻ വീട്ടിലേയ്ക്കെഴുതിയിരുന്നുവെന്ന്.

ജോണി:—ഓഹോ! എന്നിട്ട്?

രാജു:—അവർക്കാർക്കും തീരെ സമ്മതമില്ല.

ജോണി:—(മറെറാരത്ഥത്തിൽ) അതുകൊണ്ടെന്താ?

രാജു:—അതുകൊണ്ടൊന്നുമില്ല. എന്നെ ഏതെങ്കിലും കാര്യത്തിൽ നിയന്ത്രിക്കുവാൻ അവർക്കാർക്കും ഒരു അവകാശവുമില്ല.

ജോണി:—എങ്കിൽപിന്നെ അവരുടെ സമ്മതം ആരാഞ്ഞതെന്തിന്?

രാജു:—ഒരു കടമ എന്ന നിലയിൽ അതു ചെയ്തു. പക്ഷെ തീരുമാനിക്കുന്നതു് ഞാൻ തന്നെയായിരിക്കും.

ജോണി:—ഉം. താൻ അന്നൊരിക്കൽ പറഞ്ഞതു ഞാനോർക്കുന്നു. എല്ലാ മനുഷ്യരും ഒരു പരിധിവരെ സ്വാത്ഥരാണെന്ന്.

രാജു:—ജോണി ക്ഷമിക്കണം. ഇതിനെക്കുറിച്ച് മുമ്പേ തന്നെജോണിയോട്ട് പറയേണ്ടതായിരുന്നു. ഞാനതു ചെയ്തില്ല. സ്വാത്ഥതയാണ്. സമ്മതിച്ചു.

ജോണി:—എന്നോടു പറഞ്ഞില്ലെങ്കിലെന്താ? ഞാനാരുമല്ലല്ലോ.

രാജു:—തീച്ചയായുമാണ്. ജോണി എൻെറ പലതുമാണ്.

ജോണി:—ആ വിചാരമുണ്ടായിരുന്നെങ്കിൽ വളരെ മുമ്പേ ഇതേക്കുറിച്ചെന്നോടു സംസാരിക്കുമായിരുന്നു.

രാജു:—അതു തെററാണെന്നു ഞാൻ സമ്മതിച്ചല്ലോ.

ജോണി:—അറിഞ്ഞുകൊണ്ടു് തുടരെ തെററു ചെയ്യുകയും കണ്ടുപിടിക്കപ്പെടുമ്പോഴം അതേററു പറയുകയും ചെയ്യുന്നതു് അത്രയ്ക്കൊന്നും നല്ലതല്ല രാജു.

രാജു:—എന്നെ, ഇന്നു കാണുന്ന ഞാനാക്കി എടുത്തതു് ജോണിയാണു്. ഞാനതു മറന്നിട്ടില്ല. മറക്കുകയുമില്ല.

ജോണി:—വെറുതെ മുഖസ്തുതി പറയാതിരിക്കു.

രാജു:—മുഖസ്തുതിയൊന്നുമല്ല. നമുക്കു രണ്ടുപേർക്കുമറിയാവുന്ന സത്യമാണു്. അതുപോട്ടെ. ജോണി ഈ വിവാഹത്തിനു എന്നെ അനുവദിക്കണം.

ജോണി:—എൻെറ അനുവാദം ഒരു പ്രശ്നമാണോ? സത്യമെ പറയാവൂ.

രാജു:—അതു മാത്രമെ ഒരു പ്രശ്നമായിട്ടുള്ളൂ. സത്യമാണു്.

ജോണി:—ഞാൻ അനുവദിക്കുന്നില്ലെങ്കിലോ?

രാജു:—അങ്ങിനെയൊരു സംശയം എനിക്കില്ല.

ജോണി:—കാരണം?

രാജു:—നിങ്ങൾ സംസ്കാരവും പുരോഗമനാശയവുമുള്ള ഒരാളാണെന്നു് എനിക്കേററവും അടുത്തറിയാവുന്നതു കൊണ്ടു്?

ജോണി:—അതുകൊണ്ടു് ഞാൻ അനുവദിക്കുമെന്നു് താന്തുഹിക്കുന്നു—അല്ലേ?

രാജു:—അതെ.

ജോണി:—എന്നാൽ ഞാൻ അനുവദിക്കുന്നില്ല.

രാജു:—ജോണീ?

ജോണി:—എനിക്കറിയാം-നിന്നെയിപ്പോൾ ഭരിക്കുന്നതു് വികാരം മാത്രമാണെന്നു്. അല്പം വിവേകപൂർവ്വം ചിന്തിക്കാൻ ശ്രമിക്കു.

രാജു:—വിവേകം ഒരുത്തരുടേയും കുത്തകയൊന്നുമല്ല.

ജോണി:—ക്ഷോഭിക്കാൻ പറഞ്ഞതല്ല. നീയിന്നു ഭേദപ്പെട്ട ഒരുദ്യോഗസ്ഥനാണു്. സമുദായത്തിൽ മാന്യനാണു്. സാമൂഹ്യമണ്ഡലത്തിലെ ഉയൻ പന്തിക്കാരോടൊപ്പം നിനക്കിന്നു കസേരയുണ്ടു്. ഇല്ലെ?

രാജു:—ഉണ്ടായിരിക്കും.

ജോണി:—ഒരു നെഴ്സ്—അവളെത്രനല്ലവളാകട്ടെ. സമുദായം അതംഗീകരിക്കുന്നില്ല. ആദർശത്തിൻെറ പേരിൽ അവരിലൊരുത്തിയെ സ്വീകരിച്ചാൽ, സമൂഹത്തിൽ നീ ഒററപ്പെട്ടുപോകും. ഇന്നു് നിന്നെ ആദരിച്ചിരുത്തുന്നവർ അന്നു് നിൻെറ നേരെ നെററിചുളിച്ചെന്നുവരും.

രാജു:—ജോണിയിൽനിന്നു് ഞാനിതൊരിക്കലും പ്രതീക്ഷിച്ചില്ല.

ജോണി:—പ്രതീക്ഷിക്കുന്നതല്ല സംഭവിക്കുന്നതു് എന്നതിനു് ഇതുതന്നെ നല്ലൊരുദാഹരണമല്ലേ?

രാജു:—എനിക്കൊരു മനസ്സാക്ഷിയുണ്ടു്. അതിനെ വഞ്ചിക്കുവാൻ ഞാനൊരിക്കലും തയ്യാറില്ല ജോണി. ഇന്നത്തെ മാന്യനും ഉദ്യോഗസ്ഥനുമായ രാജുവിനെയല്ല അവൾ സ്നേഹിച്ചു തുടങ്ങിയതു്. ആരോരുമാശ്രയമില്ലാതെ ഏകനും ദീനനുമായി ആശുപത്രിക്കട്ടിലിൽ കിടന്നിരുന്ന ഒരു പേക്കോലത്തെയാണു്. ഇതന്നെ മാനിക്കുന്ന പലരും അന്നു് എന്നെക്കുറിച്ചു് കേട്ടിരുന്നുപോലുമില്ല. അന്നാണു് ഈ പെൺകുട്ടി എന്നെ സ്നേഹിച്ചു തുടങ്ങിയതു്. ഇന്നവളെ തുത്തെറിയുന്നതു് കടുത്ത ആത്മവഞ്ചനയല്ലെ ജോണീ?

ജോണി:—തീരുമാനിക്കുന്നതു് താൻ തന്നെയാണെന്നു് അല്പം മുമ്പു് വിധിപറഞ്ഞു കഴിഞ്ഞു. പിന്നെ, ഇങ്ങിനെയൊരു സംസാരത്തിൻെറ ആവശ്യംതന്നെയില്ല.

രാജു:—എന്നിപ്പോൾ തോന്നുന്നു.

ജോണി:—എനിക്കതുതമില്ല. പിന്നെ പശ്ചാത്തപിക്കാനിടവരരുതു്.

(രാജു—നിശ്ശബ്ദം. വികാരങ്ങൾക്കടിമപ്പെട്ട അയാൾ ഏതു നിമിഷത്തിലും പൊട്ടിത്തെറിക്കുവാൻ തയ്യാറെടുക്കുകയാണു്.)

ജോണി:—എന്താ താനൊന്നും മിണ്ടാത്തതു്?

രാജു:—എന്തു മിണ്ടാനാണു്? (അസഹ്യതയുണ്ടു് ആ ശബ്ദത്തിൽ)

ജോണി:—ഒന്നും മിണ്ടാനില്ലേ?

രാജു:-(നിശ്ശബ്ദം. അരിശം കടിച്ചിറക്കുകയാണയാൾ)

ജോണി:—ഒന്നും മിണ്ടാനില്ലേന്നു്?

രാജു:—(സ്വരമുയർത്തി) മിണ്ടാനുണ്ടു്. ഈ സംസ്കാരത്തിന്റെ കുത്തക അവകാശപ്പെടുന്ന നിങ്ങളൊക്കെയുണ്ടല്ലോ—; ആ ആദർശത്തിന്റെ ആരാച്ചാരന്മാരാണെന്നു ലോകം മുഴവൻ കേൾക്കെ വിളിച്ചു പറയണമെന്നുണ്ടെനിക്കു്.

ജോണി:—(നിയന്ത്രണംവിട്ടു്) പിന്നെ! ആദർശമെന്നു പറഞ്ഞാൽ കണ്ട അഭിസാരികകളുടെ തോളിൽ കയ്യിടുക എന്നാണല്ലോ അർത്ഥം?

രാജു:—(പൊട്ടിത്തെറിച്ചു്) ജോ....ണി—?—!

കണ്ണിൽ ഇരുട്ടു കയറിയ രാജു, ജോണിയുടെ കരണത്തു് ആഞ്ഞടിച്ചു. അടികൊണ്ടു ജോണി സ്തബ്ധനായിപ്പോയി. ആ മുഖത്തു് തീവ്രമായ വേദന പരന്നു. അടി കഴിഞ്ഞതും തീക്കനലിൽ കൈവച്ച അനുഭവമുണ്ടായി രാജുവിനു്. അയാളുടെ മുഖത്തു് വിവിധ വികാരങ്ങളുടെ വേലിയേററമുണ്ടായി. കണ്ണുകൾ നിറഞ്ഞു. അണിയറയിൽ സംഗീതോപകരണങ്ങൾ പൊട്ടിക്കരയുകയാണു്.

രാജുവിന്റെ മുഖത്തു് കൂടി പശ്ചാത്താപത്തിന്റെ നീർച്ചാലുകൾ ഒഴുകി. ഹൃദയത്തിൽ വേദനയുടെ തീച്ചൂള എരിയുമ്പോഴും ചുണ്ടിൽ വിഷാദം നിറഞ്ഞ പുഞ്ചിരിയുമായി ജോണി രാജുവിനെ സമീപിച്ചു. സ്നേഹപൂർവ്വം അയാളുടെ പുറത്തു തട്ടി. രാജു, നിറഞ്ഞൊഴുകുന്ന മിഴികളുയർത്തി ജോണിയെ നോക്കി. "സാരമില്ലെടാ അനിയാ" ജോണിയുടെ ചുണ്ടുകൾ വിതുമ്പി. പൊട്ടിക്കരഞ്ഞുകൊണ്ടു് രാജു ജോണിയെ ഇറുകെപ്പുണർന്നു.

യവനിക

## രംഗം 5

[ജോണിയുടെ മുറി. പഴയ സജ്ജീകരണങ്ങൾതന്നെ. രാജു അശ്രദ്ധനായി കസേരയിലിരിക്കുന്നു. ജോണി, പുറത്തേക്കു പോകാനുള്ള ഒരുക്കമാണ്.]

ജോണി:— എന്നിട്ട്, താനിന്നു് ഓഫീസിൽ പോകുന്നില്ലേ?

രാജു:—ഇല്ല.

ജോണി:—ഇനി ഒരിക്കലും പോകുന്നില്ല—?

രാജു:—അങ്ങിനെയൊന്നുമില്ല.

ജോണി:—പിന്നെ—? ഈ ഇരുപ്പു തുടങ്ങിയിട്ട് ദിവസം കുറെയായല്ലോ.

രാജു:—ഓഫീസിൽ പോയാൽ ജോലിചെയ്യാൻ കഴിയുണ്ടോ?

ജോണി:— എന്തുകൊണ്ടു കഴിയുന്നില്ലെന്നാണു് ഞാൻ ചോദിക്കുന്നതു് —?

രാജു:—മനസ്സിനു് യാതൊരു സ്വാസ്ഥ്യതയുമില്ല ജോണീ.

ജോണി:—തന്നെപ്പോലെ ഇത്ര ചഞ്ചലനായ ഒരു നായകനെക്കുറിച്ചു കഥകളിൽപ്പോലും ഞാൻ വായിച്ചിട്ടില്ല.

രാജു:—ജോണിക്കിതൊക്കെ പറയാം. എന്റെ പ്രയാസം എനിക്കല്ലേ അറിയൂ.

ജോണി:—(അല്പം തമാശയായി) എന്നാൽപിന്നെ എന്തിനാണെടോ കേറി പ്രേമിക്കാൻ പോയതു്? ഞങ്ങളാരെങ്കിലും പറഞ്ഞോ?

രാജു;—പ്രേമിച്ചാൽ, ഇതുപോലൊരു കുററമായി പരിണമിക്കുമെന്നു് ഞാനറിഞ്ഞിരുന്നില്ല ജോണി.

ജോണി:—കുററമായെന്നു് ആരു പറഞ്ഞു? ആ പെൺകുട്ടിക്കു് സമ്മതം. അവളുടെ വീട്ടുകാർ ഒരു പ്രശ്നമല്ല. തനിക്കും സമ്മതം. നിങ്ങൾ രണ്ടുപേരും മേജർ ആയവരുമാണു്. പിന്നെന്താണെടോ—?

രാജു:—ഞങ്ങൾ രണ്ടുപേരുമൊഴികെ മററെല്ലാവരും ഈ കാര്യത്തിനെതിരാണല്ലോ.

ജോണി:—ഞാൻ എതിരല്ല.

രാജു:—വെറുതെ എന്നെ ആശ്വസിപ്പിക്കാൻ പറയുകയല്ലേ?

ജോണി:—മ്ഠയാ. അങ്ങിനെയാണോ താൻ എന്നെ മനസ്സിലാക്കിയതു്? ഒന്നു മനസ്സിൽവച്ചുകൊണ്ടു് മററൊന്നു് പറയാനും പ്രവത്തിക്കുവാനും എനിക്കു് വശമില്ല രാജു. ഈ വിവാഹത്തിനു് ലോകത്തിലുള്ള സർവ്വമാനപേരും എതിർത്താലും ഞാൻ നിങ്ങളെ അനുകൂലിക്കും. പക്ഷെ, നമുക്കു ചുററുമുള്ള മനുഷ്യരെ നാം ഒരു പരിധിവരെ കണക്കിലെടുക്കാതെ തരമില്ല. കാരണം ഞാനും താനുമൊക്കെ സമൂഹത്തിൻെറ ഓരോ കണ്ണികളാണു്.

രാജു:—ഒന്നും തീരുമാനിക്കുവാൻ കഴിയുന്നില്ല.

ജോണി:—രാജുവിനു് താങ്ങോ തണലോ എവിടെയെങ്കിലും ആവശ്യമായി വന്നാൽ അവിടെ ഞാനുണ്ടു്. ധൈര്യമായിരിക്കൂ. പിന്നെ, വ്യക്തിപരമായി പ്പറഞ്ഞാൽ ബീനയെക്കുറിച്ചു എനിക്കു് നല്ല അഭിപ്രായമാണു്. അടക്കമൊതുക്കമുള്ള നല്ലൊരു പെൺകുട്ടിയാണവൾ.

രാജു:—(ആശ്വാസപൂർവ്വം) ജോണീ.

ജോണി:—(രാജുവിനെ പുറത്തു തട്ടി ആശ്വസിപ്പിച്ചിട്ടു്) ശരി, ഞാൻ പുറത്തേക്കിറങ്ങട്ടെ. താൻ ഒന്നുഴന്നേററു പോയി കുളിക്കൂ.

(ജോണി കടന്നു പോയി. വേദന വിങ്ങുന്ന മുഖവുമായി രാജു ഒററയ്ക്കിരിക്കുമ്പോൾ, ബീന കടന്നു വരുന്നു. അവളാകെ വാടിത്തളർന്നിട്ടുണ്ട്. രാജു എഴുന്നേററു കസേര നീക്കിയിട്ടു കൊടുത്തുകൊണ്ട്)

രാജു:—ഇരിക്കൂ ബീനേ.

ബീന:—(ഇരുന്നുകൊണ്ട്) രാജു ഈ നാട്ടിലെങ്ങുമില്ലായിരുന്നോ?

രാജു:—എന്തേ?

ബീന:—അല്ല ചോദിക്കുകയായിരുന്നു.

രാജു—എന്തേ അങ്ങിനെ ചോദിക്കാൻ?

ബീന:—കണ്ടിട്ടു കുറെ നാളുകളായി.

രാജു:—ഞാൻ ഒരിടത്തും പോകാറില്ല ബീനേ. കഴിഞ്ഞ രണ്ടാഴ്ചയായി ഈ മുറിയിൽത്തന്നെ ഇരിക്കാൻ തുടങ്ങിയിട്ട്.

ബീന:—അന്ന് ഞാനിവിടെനിന്നു ഇറങ്ങിപ്പോയതിനു ശേഷം ഒന്ന് ടെലഫോൺ ചെയ്യുപോലുമില്ലല്ലോ. ഇത്രത്തോളം സ്നേഹക്കുറവ് ഞാൻ പ്രതീക്ഷിച്ചില്ല രാജു.

രാജു:—സ്നേഹക്കുറവുകൊണ്ടൊന്നുമല്ല ബീനേ.

ബീന:—പിന്നെ എന്തുകൊണ്ടാണ്? വിവാഹത്തിനു വീട്ടുകാർ എതിരാണെന്ന് അറിഞ്ഞപ്പോഠം മുതൽ രാജുവിൻെറ സ്വഭാവമാകെ മാറി. രാജു വലിയ കമ്പനിയുടെ പബ്ലിക്‌റിലേഷൻ ഓഫീസർ ആകുമെന്നും എന്നെ വിവാഹം ചെയ്തുകൊള്ളുമെന്നും ഉള്ള പ്രതീക്ഷയിലൊന്നുമല്ല ഞാൻ സ്നേഹിച്ചു തുടങ്ങിയത്.

രാജു:—ഇതൊക്കെപ്പറഞ്ഞു എന്നെ കൂടുതൽ വേദനിപ്പിക്കല്ലെ. അല്ലെങ്കിൽത്തന്നെ ഞാനാകെ നീറുകയാണ്.

ബീന:—ഞാനന്നേ പറഞ്ഞില്ലെ. എൻെറ കാര്യത്തിൽ അങ്ങു വിഷമിക്കേണ്ടെന്ന്. അന്നു കണ്ടതിനേക്കാഠം രാജു എത്ര ക്ഷീണിച്ചിരിക്കുന്നു! എന്തിനാണിങ്ങനെ മനസ്സു വിഷമിപ്പിക്കുന്നത്?

രാജ്ജു:—എന്റെ അമ്മച്ചി മരിച്ച അന്നുമുതൽ ഞാൻ ദുഃഖങ്ങളുടെ മരുഭൂമിയിലൂടെ മാത്രം യാത്ര ചെയ്യുകയായിരുന്നു. ഇടയ്ക്കു് അല്പം വെള്ളവും കുറെ തണലും കണ്ടു. അവിടെയിരുന്നു് മതിയാവോളം ആശ്വസിച്ചില്ല. വീണ്ടും യാത്ര തുടരുകയാണു്.

ബീന:—ആ ദുഃഖങ്ങളുടെ വരണ്ട മരുഭൂമിയിൽനിന്നുകൊണ്ടു്, ഒരു നട്ടപ്പാതിരാക്കു്, ''ബീനേ എനിക്കു് ദാഹിക്കുന്നു'' എന്നു വിളിച്ചു പറഞ്ഞാൽ; അങ്ങേയ്ക്കു് കുടിക്കുവാൻ എന്റെ ചൂടുള്ള ചോരയുമായി ഞാനോടിയെത്തും.

രാജ്ജു:—അല്പം മനസ്സമാധാനത്തിനുവേണ്ടി ഞാൻ ദാഹിക്കുകയാണു്. രാത്രികളായി ഞാൻ ഉറങ്ങിയിട്ടു്. നോക്കുന്നിടത്തെല്ലാം എതിർപ്പുകളുടെ തീച്ചൂളയാണു്. ഇങ്ങേയററം ജോണിവരെ.

ബീന:—ജോണിയും?

രാജ്ജു:—അതെ. അവസാനം എന്റെ വിഷമംകണ്ടു് ആ നല്ല മനുഷ്യൻ സമ്മതിച്ചു. എന്നെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയുംചെയ്തു.

ബീന:—കഴിഞ്ഞതൊക്കെ മറന്നു്, ഒരു പുതിയ മനുഷ്യനായി, പുതിയ ജീവിതം തുടങ്ങു.

രാജ്ജു:—മറവി ഒരനുഗ്രഹമാണു്. പലതും മറക്കേണ്ടതാണു്. പക്ഷേ, എല്ലാവർക്കുമതു കഴിയുകയില്ല.

ബീന:—കഴിയണം. രാജ്ജു ഒരു വലിയ മനുഷ്യനായി ഉയരണം. ആ ഉയർച്ചയുടെ ചവിട്ടുപടിയിലൂടെ അങ്ങയുടെ കൈ പിടിച്ചുകൊണ്ടു മറെറാരു ഭാഗ്യവതി കയറിപ്പോകുമ്പോഴും എനിക്കു വേദന തോന്നും. പക്ഷേ, ഞാനൊരിക്കലും അസൂയപ്പെടുകയില്ല—പരാതി പറയുകയുമില്ല.

രാജു:—'ഇന്നലെയെക്കുറിച്ചോർക്കാതിരിക്കുന്നതാണ് നാളെയിലേക്കുള്ള ഏററവും നല്ല വഴി' എന്നു ഞാൻ തന്നെ ഒരിടത്തു് എഴുതിയിട്ടുണ്ടു്. പക്ഷെ, സ്വന്ത ജീവിതത്തിൽ അതു കഴിയുന്നില്ല. നിസ്സഹായതയുടെ കുപ്പക്കുഴിയിൽ കിടന്നിരുന്ന എന്നെ അവിടെ നിന്നും കൈതന്നുയർത്തിയതു് നിങ്ങൾ രണ്ടു പേരാണു്.

ബീന:—എന്തിനീ പഴയ കഥകളാവർത്തിക്കുന്നു—? മനുഷ്യൻ മാററങ്ങൾക്കു വിധേയനാണു്. പുത്തൻ പുത്തൻ അനുഭവങ്ങളുണ്ടാകുമ്പോൾ പഴയതിനെ വിസ്മരിക്കുന്നതു് ലോകസ്വഭാവവുമാണു്.

രാജു:—ഞാനുമിതു പറയാറുണ്ടു്. പക്ഷെ, എനിക്കതിനു കഴിയുന്നില്ല.

ബീന:—ആ കഴിവുകേടു് ആപത്താണു്. അതു രാജുവിനെ വീണ്ടും പരാജയങ്ങളുടെ പടുകുഴിയിലേക്കു തള്ളിവിടും.

രാജു:—ഞാനതിൽ ആശ്വസിക്കും. അവിടെ മനഃസമാധാനം കിട്ടുമല്ലോ.

ബീന:—വെറുതെ മറയത്തരം പറയാതിരിക്കു.

രാജു:—ഞാൻ ആത്മാർത്ഥതയോടെ പറഞ്ഞതാണു്. എന്റെ ജീവിതത്തിൽ പെട്ടെന്നുണ്ടായ ഉയർച്ചയാണു് എന്റെ സമാധാനവും സന്തോഷവും നശിപ്പിച്ചതു്.

ബീന:—അലച്ചലച്ചു് മുമ്പോട്ടുനീങ്ങുന്ന ജീവിതപ്രവാഹത്തിൽ മനുഷ്യർ കണ്ടുമുട്ടുകയും അകന്നുപോവുകയും ചെയ്യും. ആർക്കും മറെറാരാൾക്കുവേണ്ടി കാത്തുനില്ക്കാനാവില്ല.

രാജു:—നീയിതൊക്കെ എവിടെനിന്നു പഠിച്ചു?

ബീന:—അനുഭവങ്ങളിൽനിന്നു്.

രാജു:—നിന്റെ മുമ്പിൽ ഞാൻ വളരെയധികം ചെറുതായി പ്പോകുന്നു ബീനേ.

ബീന:—ഒരിക്കലും അങ്ങനെയാകരുത്. രാജു എല്ലാവരുടെ മുമ്പിലും വലിയവനായി വളരുന്നതു് കാണാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

രാജു:—അതിരിക്കട്ടെ. വേറെന്തുണ്ടു് വിശേഷങ്ങൾ? കുറെ ദിവസങ്ങളായില്ലേ സംസാരിച്ചിട്ട്?

ബീന:—എനിക്കുള്ള വിശേഷങ്ങളാണിതൊക്കെ. ദിവസംമുഴുവനും വേദനകളുടേയും ഞരക്കങ്ങളുടേയും ലോകത്തിൽ കഴിയുക. അതുകഴിഞ്ഞുവന്നു് സ്വയം വേദനിക്കുകയും കരയുകയുംചെയ്യുക.

രാജു:—ഇല്ല ബീനേ—, നിന്നെ ഞാൻ കരയിപ്പിക്കുകയില്ല.

ബീന:—രാജു—! (ഒതുക്കിനിറുത്തിയിരുന്ന അവളുടെ സങ്കടം അണപൊട്ടിയൊഴുകി.) ഞാൻനിമിത്തം അങ്ങും വേദനിക്കേണ്ടിവരുന്നല്ലോ.

രാജു:—സാരമില്ല. കരയരുതു്.

ബീന:—രാജു?

രാജു:—ങ്ും.

ബീന:—ഒന്നു പാടാമോ?

രാജു:—ഒരു രസം തോന്നുന്നില്ല ബീനേ.

ബീന:—അന്നു് ആശുപത്രിയിൽ കിടക്കുമ്പോൾ എനിക്കൊരു പാട്ടെഴുതിത്തന്നില്ലേ? അതു് രാജു പാടി കേൾക്കാൻ എനിക്കു കൊതിയാണു്. ഒന്നു പാടൂ.

രാജു:—ബീനയ്ക്കു് കുടിക്കാനെന്തെങ്കിലും തരട്ടെ?

ബീന:—ഒന്നും വേണ്ട.

രാജു:—എന്തേ?

ബീന:—ഞാൻ ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടാണിറങ്ങിയതു്

രാജു:—ഒരു കപ്പു ചായ?

ബീന:—വേണ്ട രാജു. ചായ വേണ്ട.

രാജു:—പിന്നെന്താ വേണ്ടതു്?

ബീന:—ഒന്നു പാടിയാൽ മതി.

(രാജു പാടിത്തുടങ്ങി. ആദ്യരംഗത്തിന്റെ അവസാനം സന്തോഷം തുളുമ്പുന്ന ഗാനമായിരുന്നു അതു്. അതേ വരികൾ വേദന വഴിഞ്ഞൊഴുകുന്ന രീതിയിൽ ആവർത്തിക്കപ്പെടുകയാണു്. രാജു സാവധാനം എഴുന്നേററുചെന്നു് ജാലകത്തിലൂടെ പുറത്തേക്കു നോക്കി നിന്നു് ഹൃദയംനൊന്തു് പാടി. ബീന, മിഴികളുയർത്തി ഒന്നുരണ്ടു വട്ടം രാജുവിനെ നോക്കി. പിന്നെ ദുഃഖം താങ്ങാനാകാതെ പെട്ടെന്നെഴുന്നേററു പുറത്തേക്കുപോയി. പാട്ടു തീർന്നു് രാജു തിരിഞ്ഞു നോക്കി. ആരുമില്ല! അയാളുടെ കവിളിൽ കണ്ണുനീർച്ചാലുകളുണ്ടായിരുന്നു.)

യവനിക

## രംഗം 6

[നാട്ടിൻപുറത്തുള്ള സാമാന്യം ഭേദപ്പെട്ട ഒരു വീടിൻെറ പൂമുഖം. അകത്തേക്കു കടക്കുന്ന വാതിലിനുമുകളിൽ ഒരു തിരുഹൃദയത്തിൻെറ ചിത്രവും വേറെ ഒന്നുരണ്ടു് ഫ്രെയിംചെയ്തു വച്ചിരിക്കുന്ന ചിത്രങ്ങളും കാണാം. രാജുവിൻെറ നാട്ടിലുള്ള വീടാണതു്. ചാരുകസേരയിൽ രാജുവിൻെറ പിതാവു് തോമാച്ചൻ കിടക്കുന്നു. രോഗിയും തന്മൂലം അവശനുമാണയാൾ.]

തോമാച്ചൻ:—(അകത്തേക്കുനോക്കി) കൊച്ചേലീ.........?

(ആരും വിളികേട്ടില്ല.)

തോമാച്ചൻ:—(ശബ്ദമുയർത്തി വീണ്ടും) എടീ കൊച്ചേലീ..? (അകത്തു്) എന്നതാണു്? നാഴികയ്ക്കു് നാല്പതുവട്ടം കെടന്നോണ്ടു് അലറണതു്?

തോമാച്ചൻ:—നീയെവിടെയാടീ?

കൊച്ചേലി:—(പ്രവേശിച്ചു്) ഞാനങ്ങു് മണിയറേലാന്നു. നിങ്ങക്കു് അരനാഴിക ചുണ്ടുംകൂട്ടി കെടക്കാമ്മേലെ?

തോമാച്ചൻ:—എടീ രണ്ടുംകെട്ടവളേ——ഞാനിത്തിരി ചൂടു വെള്ളം ചോദിച്ചിട്ടു് നേരമെത്രയായി? നിനക്കതൊന്നും ആലോചിക്കാൻ നേരമില്ലല്ലോ!

കൊച്ചേലി:—ദാണ്ടെ, എൻെറ നാക്കു ചൊറിഞ്ഞു വരണുണ്ടു് കേട്ടോ. ഞാൻ വല്ലോം അരുതാത്തതു് പറേം, ങാ.

തോമാച്ചൻ:—അല്ല. നിന്നെപ്പറഞ്ഞിട്ടു് കാര്യമില്ല. ഞാൻ ചെയ്ത മണ്ടത്തരത്തിൻെറ ഫലമാണു്. ഞാൻതന്നെ അനുഭവിക്കണം.

കൊച്ചേലി:—നിങ്ങളെന്നാ ചെയ്തുന്നാ? എന്നെ കെട്ടീതോ?

തോമാച്ചൻ:—നിന്നെ കെട്ടിയതും അതു മുതലിങ്ങോട്ട് ചെയ്യതുമൊക്കെ മണ്ടത്തരങ്ങളായിരുന്നു.

കൊച്ചേലി:—അയ്യോടാ—! എന്നെ കെട്ടാൻ നല്ല സുന്ദരക്കുട്ടപ്പമ്മാരു് വന്നതാ. എൻെറ തലേവിതി! ഞാനീ രണ്ടാംകെട്ടുകാരൻെറ കൂടെ എറങ്ങിത്തിരിച്ചതു്.

തോമാച്ചൻ:—ആട്ടെ. ആ ചരിത്രമൊക്കെ നീ ഒത്തിരി പറഞ്ഞതല്ലെ? ചൂടുവെള്ളം ചോദിച്ചതെവിടെ?

കൊച്ചേലി:—അരി തെളച്ചില്ല. ഇമ്മിണിനേരം കഴിയട്ടെ.

തോമാച്ചൻ:—(അരിശപ്പെട്ടു്) നീയൊക്കെ വാഴുന്നേടത്തു് അരി തെളയ്ക്കുല.

കൊച്ചേലി:—(ചൊടിച്ചു്) എന്നാ, നിങ്ങഠം പോയി തെളപ്പിക്കു് മനുഷേനെ. ഇതു നല്ലകളി!

[കുഞ്ഞവിര 45 കാരനായ കാര്യസ്ഥൻ പ്രവേശിക്കുന്നു. പറമ്പിൽ എന്തോ പണിയെടുത്തുനിന്നിരുന്ന വേഷം. തിടുക്കപ്പെട്ടാണു വരവു്.]

കുഞ്ഞവിര:—ഇപ്പെന്തായി? ചുമ്മാ ഒരു കാര്യോമില്ലാതെ എൻെറ മെക്കിട്ടുകേറുവല്ലാന്നോ?

കൊച്ചേലി:—എന്തോന്നാ കുഞ്ഞവിരെ?

കുഞ്ഞവിരാ:—കമ്പിഅടിച്ചൂന്നു് ഞാൻ പറഞ്ഞാൽ, 'ഇല്ലാ'ന്നു് ചേടത്തി. ഞാനിതുവരേം ഒരു വിശ്വാസവഞ്ചനക്കേടും കാണിച്ചിട്ടില്ല. ഞാൻ ആസാമിലായിരുന്നപ്പോ....

കൊച്ചേലി:-നീയെന്നതാ ഈ പറഞ്ഞോണ്ടു് വരണെതു്?

കുഞ്ഞവിര:—ഇപ്പെന്തായീന്നാ എൻെറ ചോദ്യം.

കൊച്ചേലി:—എന്തായീന്നാ നീ പറേണതു്.

കുഞ്ഞവിര:—പറയണതോ? ഞാൻ കമ്പിയടിച്ചു. അതു് ബോംബെയിൽ കിട്ടി. രാജുമോനും ജോസുകുട്ടിയും ഇങ്ങ്‌വന്നു.

തോമാച്ചൻ, കൊച്ചേലി } :—വന്നോ? എന്നിട്ടെവിടെ?

കുഞ്ഞവിര:—വന്നില്ല. വരുന്നേയുള്ളു. (പുറത്തേക്ക് എത്തിനോക്കിയിട്ട്) എത്തിപ്പോയി.

[കൂലിക്കാരൻ പെട്ടിയുമായി മുമ്പും, രാജുവും ജോസും പിമ്പുമായി കടന്നുവരുന്നു. രാജു കൂലിക്കാരനെ യാത്രയാക്കി. ജോസിനെ കണ്ടതും കൊച്ചേലിക്ക് കലിയിളകി. അതു മനസ്സിലാക്കിയ ജോസ് മെല്ലെ അകത്തേക്കു വലിഞ്ഞു. "എടാ, ടാ, നീയവിടെ നിന്നേ... നിന്നോടിച്ചിര വർത്താനം ചോതിക്കാനുണ്ട്" എന്നും പറഞ്ഞ് കൊച്ചേലിയും പിന്നാലെ പോയി. രാജു, തോമാച്ചൻെറ സമീപം ഒരു സ്റ്റൂൾ വലിച്ചിട്ടിരുന്നു. വർഷങ്ങൾക്കുശേഷം കണ്ടുമുട്ടിയ ആ പിതാവും മകനും പരസ്പരം കണ്ണുകളിലേക്ക് നോക്കി. നാലു കണ്ണുകളിലും നനവൂറി. നിമിഷങ്ങളോളം നിശ്ശബ്ദത.]

രാജു:—അപ്പച്ചാ?

തോമാച്ചൻ:—ങ്ഹൂം.

രാജു:—എങ്ങിനെയിരിക്കുന്നു? കുറവുണ്ട് ഇല്ലേ?

തോമാച്ചൻ:—ഒരു കുറവുമില്ല.

[പറയാനുള്ളതു് പറഞ്ഞുതീർന്നതുപോലെ രണ്ടുപേരും വീണ്ടും മൂകരായി. കുഞ്ഞവിര, രാജുവിൻെറ സൂട്ട് കേയ്സും തൂക്കി അകത്തേക്കു പോയി]

തോമാച്ചൻ:—നീ അവിടെനിന്നെന്നു പോന്നു?

രാജു:—മിനിയാന്ന്. കമ്പി കിട്ടിയ അന്നുതന്നെ ഞങ്ങരം പുറപ്പെട്ടു.

തോമാച്ചൻ:—നീയെന്താ മോനെ ഇത്ര ക്ഷീണിച്ചുപോയതു്?

രാജു:—മനസ്സിനു് പിടിക്കാത്ത ആഹാരവും അവിടുത്തെ ഭയങ്കരമായ ചൂടുമൊക്കെക്കൂടിയാകുമ്പോരം എല്ലാവരും കുറെയൊക്കെ ക്ഷീണിക്കും. എന്നിട്ട്....അപ്പച്ചനെന്നാണസുഖം തുടങ്ങിയതു്?

തോമാച്ചൻ:—(ആ ചോദ്യത്തിനുത്തരം പറയാതെ അല്പനേരം നിശ്ശബ്ദനായിരുന്നശേഷം) എടാ, ഒരു മകനുണ്ടായിട്ട് മരിച്ചുപോയാൽ അതിൻെറ വിഷമം കുറച്ചുനാളത്തേക്കേയുള്ളു. സ്വന്തം മകനെ അപ്പൻ അടി

ച്ചിറക്കിവിട്ട എന്നു നാട്ടുകാർ പറയുമ്പോഴും, ആ അപ്പനുണ്ടാകുന്ന മനോദണ്ഡത്തെക്കുറിച്ച് നിനക്കറിയാമ്മേല. ഞാനെന്തെങ്കിലുമൊക്കെ പറഞ്ഞിട്ടുണ്ടെങ്കിൽ ...നീ ബുദ്ധിയുള്ളവനല്ലെ? പഠിത്തവുമുണ്ടല്ലോ; അതൊക്കെ മനസ്സിൽ വച്ചോണ്ടിരിക്കാമോ?

രാജു:—അപ്പച്ചനെന്തിനാ ഇപ്പഴിതൊക്കെ പറയുന്നത്?

കൊച്ചേലി:—(പ്രവേശിച്ച്) ഈ കെടപ്പ് കെടന്നുതൊടങ്ങീട്ട് നാളെത്രയായീന്നാ മോൻെറ വിചാരം? ഒന്നു മയങ്ങി കണ്ണു തുറന്നാ, അപ്പോ ചോദിക്കും എൻെറ മോൻ വന്നോന്ന്.

രാജു:—അപ്പച്ചന് ആരുടെയാ ചികിത്സ?

കൊച്ചേലി:—നമ്മുടെ പാവുണ്ണിവൈദ്യൻെറയാ.

രാജു:—പാവുണ്ണിയും പപ്പുണ്ണിയുമല്ലാതെ ഈ നാട്ടിലെങ്ങും ഡോക്ടരില്ലായിരുന്നോ?

തോമാച്ചൻ:—ഇനി ആരേയും കാണിക്കണ്ട മോനെ. അതുകൊണ്ടൊരു കാര്യവുമില്ല.

രാജു:—അപ്പച്ചനങ്ങിനെയൊന്നുംപറയരുത്. ഏതെങ്കിലും നല്ല ഡോക്ടരെക്കൊണ്ട് ചികിത്സിപ്പിച്ചാൽ മാറാവുന്ന രോഗമേ അപ്പച്ചനുള്ളു.

തോമാച്ചൻ:—വേണ്ട മോനെ. പ്രായം ഒത്തിരി ആയില്ലെ? ഇനി ഒരു ചികിത്സേം ശരീരത്തിലോട്ട് ഏക്കുകേല.

കൊച്ചേലി:—എപ്പോഴും ഈ പിടിവാശിയാ. ഞാനെന്തോരം തവണ പറഞ്ഞൂന്നോ?

തോമാച്ചൻ:—ആട്ടെ. മോൻ പോയി കുളിച്ച് വല്ലതും കഴിക്ക്. വർത്തമാനം നമുക്കു പിന്നെ പറയാം.

കൊച്ചേലി:—ചെല്ലമോനെ. രണ്ടുമൂന്നു ദെവസായില്ലെ വണ്ടിയേൽത്തന്നെഇരിക്കുന്നു. ആകെ വല്ലാണ്ടായി.

രാജു:—കുറച്ചു കഴിയട്ടെ.

തോമാച്ചൻ:—ഞാൻ പറഞ്ഞാൽ അനുസരിക്കുന്ന പതിവ് നിനക്കു പണ്ടേ ഇല്ലല്ലൊ.

രാജു:—കുറച്ചു കഴിയട്ടപ്പച്ചാ, ഞാൻ കുളിച്ചുകൊള്ളാം.

തോമാച്ചൻ:-എന്താ (കൊച്ചേലിയോടായി) എടീ, നീയാ പടമിങ്ങെടുത്തോണ്ടുവന്നെ.

കൊച്ചേലി:—ഏതു പടമാ?

തോമാച്ചൻ:—നിൻറമ്മേടെ പടം! അല്ലപിന്നെ!

കൊച്ചേലി;—ദാണ്ടെ, ചെറുക്കനിവിടെ ഇരിക്കണെതൊന്നും കൂട്ടാക്കുല്ല. അരുതാത്തതു് ഞാൻ പറേം. ഇതു നല്ല കളി.

തോമാച്ചൻ:—എടീ രണ്ടും കെട്ടവളെ, നമ്മുടെ കുഞ്ഞമ്മക്കൊച്ചിൻെറ പടം.

[കൊച്ചേലി അകത്തേയ്ക്കു പോയി.]

രാജു:—അപ്പച്ചനെപ്പോഴും പറയും ഞാൻ പറഞ്ഞാൽ അനുസരിക്കാത്തവനാണെന്നു്. അങ്ങിനത്തെ കാര്യങ്ങളെല്ലേ അപ്പച്ചൻ പറയൂ

തോമാച്ചൻ:—എങ്ങിനത്തെ കാര്യങ്ങള്?

രാജു:—ഈ കല്യാണക്കാര്യം തന്നെ നോക്കു്. എനിക്കിതു് ഇഷ്ടമില്ലെന്നു് ഞാനെത്രതവണ അപ്പച്ചനെഴുതി. എന്നിട്ടിപ്പോഴം, ഞാനിങ്ങു വന്നുകയറിയതേയുള്ളു? ഉടനെ ആ കാര്യമെടുത്തിട്ടു?

തോമാച്ചൻ:—എടാ, ഞാനിപ്പം തീരെ അവശതയിലായി. ഒരഞ്ചാറുമാസം മുമ്പുവരെ, ഈ നാട്ടിലുള്ള ഒരു മാതിരിപ്പെട്ടവരാരും എൻെറ വാക്കിനപ്പുറം കടന്നു് നടന്നിട്ടില്ല.

രാജു:—അതുകൊണ്ടു്?

തോമാച്ചൻ:—ആ പെണ്ണിൻെറ കൊച്ചപ്പനോടു്, വേറെയും മൂന്നുനാലുപേരു് കൂടിനിന്നേടത്തു് വച്ചു ഞാൻ വാക്കു പറഞ്ഞതാ—ഈ കല്യാണം നടത്താമെന്നു്.

രാജു:— വാക്കു പറയുന്നതിനുമുമ്പു് എന്നോടൊരു വാക്കു ചോദിക്കാമായിരുന്നില്ലേ അപ്പച്ചനു്?

തോമാച്ചൻ:—(ശ്രുണ്ടിയെടുത്തു്) ങാ—എനിക്കു തോന്നിയില്ല—ഈ കാര്യം നിന്നോടാലോചിച്ചേ ചെയ്യാവൂന്നു്.

രാജു:—പിന്നെ വാക്കു പറഞ്ഞൂന്നും പറഞ്ഞു് എന്നെയിങ്ങനെ ധർമ്മസങ്കടത്തിലാക്കിയാലോ?

[കൊച്ചേലി ഫോട്ടോയുമായി വരുന്നു. തോമാച്ചൻ അതു വാങ്ങി രാജുവിന്റെ കയ്യിൽ കൊടുത്തിട്ടു്]

തോമാച്ചൻ:—ദേ, ഇതാണു് പെണ്ണു്. ഇതിനെന്തൊരു കുറവാണെന്നു് നീ തന്നെ പറ.

കൊച്ചേലി:—എന്റെ കൂടപ്പിറപ്പിന്റെ മോളായതോണ്ടു് പറയുവല്ല—മിടുമിടുക്കത്തിയാ അവളു്. രണ്ടുവീട്ടിലെ അടുക്കളപ്പണിക്കു് അവളൊരുത്തി മതി.

രാജു:—മതിയല്ലോ—പിന്നെ വേറെന്തുവേണം?

തോമാച്ചൻ:— മട്രിക്കുലേഷനു് അവളൊന്നാം ക്ലാസ്സിലാ ജയിച്ചതു്. മിടുക്കിയല്ലെങ്കിപ്പററുമോ അതു്—? പിന്നെ, അയ്യായിരം രൂപായും അതിനടുത്ത ആഭരണങ്ങളും ഒക്കെം തരും.

രാജു:—എനിക്കു് നല്ലൊരു ജോലിയും ശമ്പളവും ഉണ്ടെന്നു് ഉറപ്പായി അറിഞ്ഞതിനു ശേഷമല്ലെ അവരീകാര്യം അപ്പച്ചനോടാലോചിച്ചതു്—?

കൊച്ചേലി:—അതുപിന്നെ അങ്ങിനെയല്ലേ? ചുമ്മാ തെക്കുവടക്കു നോക്കി നടക്കുന്നവനു് ആരാനും പെണ്ണു കെട്ടിച്ചു തരുമോ?

രാജു:—ങാ—എന്നാൽ, ഞാൻ ചുമ്മാ തെക്കുവടക്കു നോക്കി നടക്കാൻപോലും ആരോഗ്യമില്ലാത്തവനായി, ആശുപത്രിക്കട്ടിലിൽ ചുമച്ചു് കുരച്ചു് കിടന്നപ്പോഴും, ഒരു പെണ്ണു് എന്റെ ഭാര്യയാകാൻ സമ്മതിച്ചു. അവളിന്നും എനിക്കുവേണ്ടി....

കൊച്ചേലി:—ഏതു പെണ്ണാ? അന്നു നിൻെറ എഴുത്തിൽ പറഞ്ഞിരുന്ന നെഴ്സാ —? വല്ല അറുവാണിയും ആയിരിക്കും.

രാജു:—നിങ്ങളും അപ്പച്ചനോടു സംസാരിക്കുന്ന ഭാഷയിൽ എന്നോടു സംസാരിക്കരുതു്. ഞാനതു് സഹിച്ചെന്നു വരില്ല.

തോമാച്ചൻ:—(കൊച്ചേലിയോടു്) നീ നിൻെറ വായിലെ നാക്കടക്കണം കേട്ടോ. പറഞ്ഞേക്കാം. (കൊച്ചേലി അകത്തേക്കു പോയി) (തിരിഞ്ഞു് രാജുവിനോടായി) മോനെ, അതു നമ്മുടെ കുടുംബത്തിനു പററിയതല്ല. നമ്മളു് പഴയ തറവാട്ടുകാരല്ലെ? നാലു മനുഷ്യരറിഞ്ഞാൽ എന്തു പറയും?

രാജു:—ലോകത്തിലുള്ളവരുടെയൊക്കെ സമ്മതം വാങ്ങിക്കൊണ്ടു് എന്തെങ്കിലും ചെയ്യാനൊക്കുമോ അപ്പച്ചാ-?

തോമാച്ചൻ:—നിന്നോടു് തർക്കിക്കാൻ എനിക്കുമേല. ഞാൻ അവരോടു് വാക്കുപറഞ്ഞതാണു്. ഈ ആയുസ്സിനിടക്കു് പറഞ്ഞ വാക്കു് ഞാൻ മാററിപ്പറഞ്ഞിട്ടില്ല ഇനി.. എൻെറ മോനായിട്ടു് അതിനിട വരുത്തുകയാണെങ്കിൽ, വിധിയാണെന്നു കരുതാം. (ഗദ്ഗദം ആ ശബ്ദം തടഞ്ഞു.)

രാജു:—അപ്പച്ചാ—?

തോമാച്ചൻ:—നീയൊന്നും പറയരുതു് രാജുമോനെ....

രാജു:—എന്താ അപ്പച്ചാ —?

തോമാച്ചൻ:—നീയെൻെറ മുഖത്തേക്കു് നോക്കു്. ഇന്നുവരെ ഞാൻ ഒരുത്തൻെറ മുമ്പിലും ഇങ്ങിനെ താണുപറഞ്ഞിട്ടില്ല. നിന്നോടു് ഞാൻ കെഞ്ചിപ്പറയുകയാ—നീയെന്നെ കള്ളനാക്കല്ലെ. മോനേ—നീയെന്നെ കള്ളനാക്കല്ലെ.

രാജു;—(ധമ്മസങ്കടത്തിൽപെട്ടു്) അപ്പച്ചാ —ഞാൻ...

തോമാച്ചൻ:—അപ്പച്ചൻ ഇനി അധികമൊന്നും ഇരിക്കുല്ല. എന്റെ അവസാനത്തെ ആശയാണു്. മനഃസ്സമാധാനത്തോടെ ഞാനൊന്നു കണ്ണടച്ചോട്ടെ.

രാജു:—ഞാനെന്തു വേണമപ്പച്ചാ?

തോമാച്ചൻ:—നീയിതൊന്നു് സമ്മതിക്കുല്ലെ?

രാജു:—അപ്പച്ചന്റെ ഒരു വാക്കു പാലിക്കാൻവേണ്ടി ഞാനെന്റെ ജീവിതം തന്നെ പണയപ്പെടുത്തണോ അപ്പച്ചാ —?

തോമാച്ചൻ:—ഞാനവരോടു് വാക്കുപറഞ്ഞു. നാലുപേരുടെ മുമ്പിൽവച്ചു് സ്ത്രീധനത്തുകയിൽ ആയിരം രൂപയും വാങ്ങി.

[രാജു നിശ്ശബ്ദം. അയാളുടെ മുഖത്തു് വിവിധ വികാരങ്ങളുടെ വേലിയേറ്റമാണു്. അതിനെ പ്രതിഫലിപ്പിക്കുന്ന വിധം പുറത്തു് കൊടുങ്കാറ്റിന്റെയും ഇടിമുഴക്കത്തിന്റെയും ശബ്ദം......തോമാച്ചൻ ചുമക്കുന്നു. ഭയങ്കരമായ ചുമ. അതുവരെ ചിന്താധീനനായിരുന്ന രാജു ഞെട്ടിയുണർന്നു് അപ്പച്ചന്റെ നെഞ്ചു് തടവിക്കൊടുത്തു. തോമാച്ചൻ നിറഞ്ഞ കണ്ണുകളുയർത്തി മകനെ ദയനീയമായി നോക്കി—]

തോമാച്ചൻ:—മോനെ, നിന്നെ ഓമനിച്ചിട്ടില്ലെങ്കിലും വളർത്തിയ അപ്പച്ചനാണു് പറയുന്നതു്. ഇനിയൊന്നും അപ്പച്ചൻ മോനോടു പറയില്ല. ഇക്കാര്യം ഞാൻ പറയുന്നതുപോലെ ചെയ്യുമോ?

രാജു:—(വല്ലാത്തൊരു വിഷമസന്ധിയിൽപ്പെട്ടു്) അപ്പച്ചൻ കുറച്ചു് വിഷം തരൂ. സന്തോഷത്തോടെ ഞാൻ അതു വാങ്ങി കുടിക്കാം. പക്ഷെ ......

തോമാച്ചൻ:—(പൊട്ടിത്തെറിച്ചു്)നീ സമ്മതിക്കുല അല്ലെ? ചാകട്ടെ! മറ്റൊരുത്തന്റെ മുമ്പിൽ കള്ളനാകുന്നതിനു മുമ്പു് ചാകട്ടെ! (നിയന്ത്രണം വിട്ടു് നെഞ്ചത്തു് സ്വയം ആഞ്ഞടിക്കുന്നു.)

രാജു:—അപ്പച്ചാ—ാ—ാ!! (പൊട്ടിക്കരഞ്ഞുകൊണ്ടു് കൈകടന്നു പിടിച്ചു.)

**തോമാച്ചൻ:**—എൻെറ കയ്യേന്നു് വിട്ടു്. അല്ലെങ്കി—നീ തന്നെ എന്നെയങ്ങു് കൊല്ലു് (അലർച്ചപോലെ) കൊല്ലാൻ——!

[വികാരങ്ങളുടെ വേലിയേററത്തിൽപ്പെട്ടു് രാജു ചില നിമിഷങ്ങൾ നിശ്ചലനായിനിന്നു. പിന്നെ പൊട്ടിക്കരഞ്ഞുകൊണ്ടു്—]

**രാജു:**—ശരിയപ്പച്ചാ—അപ്പച്ചൻെറ ഇഷ്ടം നടക്കട്ടെ.

(കൊടുങ്കാററു് ശക്തിയായി അടിച്ചു. ചുവരിലെ തിരുഹൃദയത്തിൻെറ ചിത്രം നിലത്തുവീണു് ചിന്നിച്ചിതറി. പെട്ടെന്നൊരു ഇടി വെട്ടി. രംഗം ഇരുളിലാണ്ടുപോയി. നിമിഷങ്ങൾക്കുശേഷം രാജുവിൻെറ മുഖംമാത്രം കേന്ദ്രീകൃതമായ വെളിച്ചത്തിൽ കാണുന്നു. ആ മുഖത്തു് വിഷാദമില്ല—നിർവ്വികാരതയാണു്. കണ്ണുകളിൽ നനവില്ല—വരൾച്ചമാത്രം. ഒരു നിമിഷം.)

യവനിക.

## രംഗം 7

[കഴിഞ്ഞ രംഗംതന്നെ. തോമാച്ചൻ രംഗത്തില്ല, ജോസ് ചാരുകസേരയിൽ കിടന്നു ഫിലിംഫെയർ വായനയാണ്. കുറേക്കാലം ബോംബെയിൽ കഴിഞ്ഞതുകൊണ്ടാവാം—ഇയ്യാളുടെ സംസാരത്തിൽ ഹിന്ദിവാക്കുകൾ കടന്നുകൂട്ടും. കുഞ്ഞവിര, തലയിൽ ഒരു വലിയ ഉരുളിയും കമിഴ്ത്തിക്കൊണ്ടു കടന്നുവരുന്നു.]

ജോസ്:—ചേട്ടനെവിടാരുന്നു ഇതുവരെ? വിളിച്ചു വിളിച്ചെൻെറ തൊണ്ടയിലെ വെള്ളം വററി.

കുഞ്ഞവിര:—എന്തിനാ വിളിച്ചതു്?

ജോസ്:—കുന്തത്തിനു്! താനൊരു തനി 'ബുദ്ദു'തന്നെ.

കുഞ്ഞവിര:—(തലയിൽനിന്നു് ഉരുളി മാററി കുലുങ്ങിച്ചിരിച്ചിട്ടു്)പണ്ടു് ഞാൻ ആസാമിലായിരുന്നപ്പോ, കമാണ്ടർസായ്പ്പു് ഇങ്ങനെ പറഞ്ഞു.

ജോസ്:—എങ്ങനെ പറഞ്ഞു.

കുഞ്ഞവിര:—ഞാനൊരൊന്നാന്തരം ബന്ധുവാണെന്നു്.

ജോസ്:—(ഹാസ്യമായി) ഹരേവ്വ! ബന്ധു! മന്താണു്! താനൊരു ബുദ്ദു ആണെന്നാ ഞാൻ പറഞ്ഞതു്. പറഞ്ഞതു മനസ്സിലായെന്നു വിശ്വസിക്കുന്നു. എവിടെ മനസ്സിലായി?

കുഞ്ഞവിര:—ഈ പറഞ്ഞതൊക്കെ ഒന്നുതന്നെയല്ലേ ജോസുകുഞ്ഞേ?

ജോസ്:—(സഹികെട്ടവനെപ്പോലെ) ക്യാബാത് കർത്താഹെ?! ബുദ്ദു എന്നു പറഞ്ഞാൽ ബുദ്ധിയില്ലാത്തവൻ എന്നാണർത്ഥം. പറഞ്ഞതു മനസ്സിലായെന്നു വിശ്വസിക്കുന്നു.

കുഞ്ഞവിര:—(രസിക്കാതെ)പിന്നേ! ഈ പറഞ്ഞയാറംകുഴവനങ്ങു ബുദ്ദിയല്ലേ. ഏഴും മൂന്നും പതിനൊന്നു

ദിവസം ബോംബെയ്ക്കടെന്നേച്ചുവന്നപ്പം ബുദ്ധികേറിയങ്ങു മറിഞ്ഞുപോയി.

ജോസ്:—പറഞ്ഞതു് പിടിച്ചില്ലേ? മാഫ്കർന്നാ.

കുഞ്ഞവിര:—ദാണ്ടെ, അനാവശ്യം പറേണതിനു് ഒരതിരൊക്കെ വേണോട്ടോ.

ജോസ്:—അനാവശ്യമോ? ആരു പറഞ്ഞു?

കുഞ്ഞവിര:—പിന്നെ ഇപ്പോ എന്നെ വിളിച്ചതോ?

ജോസ്:—(പൊട്ടിച്ചിരിച്ചിട്ടു്) 'മാഫ്കർന്നാ' എന്നു പറഞ്ഞാൽ....

കുഞ്ഞവിര:—ചുമ്മാതിരിയെൻെറ ജോസുകുഞ്ഞേ. ഇതാരോടായീ പറേണതു്? ഒരു ബോംബേക്കാരൻ! ഈ ബോംബേന്നു പറയണതേ, ഇവിടെ അടുത്താ. ഒരൊറക്കത്തിൻെറ വഴിയേയുള്ളു. അവിടന്നും പത്തുനാല്പതിനായിരം നാഴിക വടക്കോട്ടുപോകണം ആസ്സാമിലെത്താൻ. ആസ്സാമില്ലു് മൂന്നുകൊല്ലം കഴിഞ്ഞവനാ —കുഞ്ഞവിര. അന്നൊക്കെ ഏഴെട്ടുഭാഷ ഞാനൊരേസമയത്തു് പറയുവാരുന്നു. ഇന്നിപ്പോ അതിൻെറ ആവശ്യം വരണില്ല—പറയണുമില്ല.

ജോസ്:—ഓ കെ. സമ്മതിച്ചു. ചേട്ടനിതുകണ്ടോ? (ഫിലിംഫെയർ തുറന്നുകാട്ടുന്നു.)

കുഞ്ഞവിര:—ഏതാ?

ജോസ്:—ഈ സ്റ്റിൽ പോസ്. കണ്ടോയിതു്?

കുഞ്ഞവിര:—(നോക്കിയിട്ടു്, ഏതോ കാണരുതാത്തതു് കണ്ടവനെപ്പോലെ തിരിഞ്ഞുനിന്നു കുരിശുവരയ്ക്കുന്നു.)

ജോസ്:—ക്യാ ഹോഗയാ? ങേ—എന്തുപററി?

കുഞ്ഞവിര:—എൻെറ കുഞ്ഞേ, ആവതൊണ്ടായിരുന്ന കാലത്തും ഇതൊക്കെ പകലു്വെട്ടത്തു് കാണുന്നതു് എനിക്കു വെറുപ്പാ.

ജോസ്:—ഏതൊക്കെ?

കുഞ്ഞവിര:—കുളിക്കടവിലൂടെയെങ്ങാനും കടന്നുപോകു മ്പോ— പെണ്ണുങ്ങള് കുളിക്കണകണ്ടാ—, കണ്ടേച്ച് മുഖംതിരിച്ചു നടന്നിട്ടേയൊള്ളു ഞാൻ. എന്നിട്ടാ പിന്നെ ഇപ്പോ, ഈ വയസ്സുകാലത്ത്.

ജോസ്:—(ഉറക്കെ പൊട്ടിച്ചിരിച്ചിട്ട്) കമാൽ ഹൈ!

(അകത്തുനിന്നു തോമാച്ചൻെറ സ്വരം. "ആരാടാ അവിടെക്കെടന്ന് കയറുപറിക്കണത്? ചെവിതലകേള്ക്ക കെടക്കാമ്മേലല്ലോ— ഇവിടെ. ങേ—?" രംഗം ഒരു നിമിഷം നിശ്ശബ്ദം.)

ജോസ്:—(ശബ്ദം അല്പം താഴ്ത്തി) കേട്ടോ ചേട്ടാ—, ഇത് മിസ്സ് നിമ്മിയുടെ ഒരു പോസ്റ്റാണ്. ഇവളുണ്ടല്ലോ, എൻെറ ക്ലോസ് ഫ്രണ്ടാണ്. നമ്മുടെ രാജു ഒരിക്കൽ ഇൻട്രോഡ്യൂസ് ചെയ്തുതന്നു. പിന്നെ ഞങ്ങൾ തമ്മി ലങ്ങ് ദോസ്തിയായി. ഞാനവിടന്നു പോരുന്ന അന്ന് ഇവളെത്ര കരഞ്ഞെന്നോ? അതോക്കുമ്പോൾ, എനിക്കീനിമിഷം അവിടെ പറന്നെത്തിയാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, (നിരാശയോടെ)പെട്ടിയുടെ താക്കോലെവിടാ?

കുഞ്ഞവിര:—എവിടാ?

ജോസ്:—പെങ്ങളുടെ അരയില്.

കുഞ്ഞവിര:—എനിക്കേ—, ഈ ഉരുളി കരോട്ടെ വീട്ടിൽ കൊണ്ടുചെന്നു കൊടുക്കണം.

ജോസ്:—അർദാ ഘണ്ടേ കാ ബാത്.

കുഞ്ഞവിര:—എന്നതു്—എന്നതു്?

ജോസ്:—അരമണിക്കൂർ കഴിഞ്ഞു മതിയെന്ന്.

കുഞ്ഞവിര:—കല്യാണത്തിനു മേടിച്ചോണ്ടു വന്നതാ. കല്യാണോംകഴിഞ്ഞ് പെണ്ണും ചെറുക്കനും സ്ഥലോം വിട്ടു. പിന്നെ ഉരുളി ഇവിടെ വെച്ചേന്നിട്ട് എന്നാ കാര്യം?

ജോസ്:—ഠി കെ. ഉടനെ കൊടുക്കണം. പക്ഷേ, ഞാൻ....

കുഞ്ഞവിര:—അവരിപ്പോ—, അങ്ങ് ബോംബേലെത്തിക്കാണും—ഇല്ലേ?

ജോസ്:—ഇന്നലെരാത്രി 'ആക്കോണം', ഇന്നുച്ചയ്ക്ക് 'കടപ്പ', രാത്രി 'കോലാപ്പൂർ', പിന്നെ 'റെയ്ച്ചൂർ', നാളെക്കാലത്തു് 'പൂനാ', പിന്നെ 'കല്യാൺ', ദെൻ ബോംബെ. യെസ്, നാളെ ഉച്ചയ്ക്ക് ബോംബെയിലെത്തും.

കുഞ്ഞവിര:—നാളെ ഉച്ചയ്ക്കേ എത്തുവൊള്ളോ?

ജോസ്:—മതിയല്ലോ. എത്തി കിട്ടിയാൽ പിന്നെ 'മജ' യല്ലെ ചേട്ടാ–'മജ'! (നിരത്തു വക്കിലെ മരുന്നുവില്പനക്കാരനെപ്പോലെ) 'മലബാർഹില്ല്', 'മറൈൻ ഡ്രൈവ്', 'ചർച്ച്ഗേററ്', 'ഫ്ലോറാഫൗണ്ടൻ', 'ബോരീബന്തർ', 'വാഡിബന്തർ', 'പരേൽ', 'ദാദർ', 'മാട്ടുംഗ', 'ബാണ്ടൂപ്പ്', പിന്നേയുമുണ്ട് 'ചെമ്പൂര്', 'മൺകുരുട്', 'ട്രോംബെ–', ങാ—പിന്നെയങ്ങോട്ട് കടലാണ്. വെറും ഓഷ്യൻ.

കുഞ്ഞവിര:—ആട്ടെ. ജോസുകുഞ്ഞെല്ലാം ശരിക്കു നടന്നു കണ്ടോ?

ജോസ്:—കണ്ടോന്നു്! പിന്നെ എനിക്ക് വേറെന്തായിരുന്നു പണി? ഓരോന്നും ഓരോ സ്വർഗ്ഗമാണ് ചേട്ടാ—ഓരോ ചെറിയ ഹെവൻ!

കുഞ്ഞവിര:—കുഞ്ഞൊരു കാര്യം ചെയ്യ്. ഒരു അരനാഴിക ആ പുസ്തകോം വായിച്ച് ഒററയ്ക്കിരിയ്ക്ക്. ഈ ഉരുളി കൊണ്ടെ കൊട്ടത്തേച്ച് ഞാൻ 'ശടേ'ന്ന് വരാം.

ജോസ്:—ഠേരോ. ഞാൻ ചേട്ടനെ വിളിച്ചതു് ഇതു പറയാനാണ്.

കുഞ്ഞവിര:—ഏതു പറയാൻ?

ജോസ്:—ഇതു കണ്ടോ? (വീണ്ടും പടം കാണിക്കുന്നു.)

കുഞ്ഞവിര:—(ഓർമ്മിക്കാതെ വീണ്ടും പടത്തിലേക്ക് നോക്കി, പെട്ടെന്നു് മുഖം തിരിച്ച് നിന്നു കുരിശു വരച്ചു.)

കുഞ്ഞവിര:—എൻെറ ജോസിക്കുഞ്ഞേ, എന്നെ ഇനീമേറ്റു കാണിക്കല്ലെ? (ചൊടിച്ച്) ഇവളുമാർക്കൊക്കെ ശരീത്തേല് ഇത്തിരിത്തുണി ഇട്ടേച്ചും ഫോട്ടോ എടുത്താലെന്താ?

ജോസ്:—ചേട്ടനു് ഒരു ചുക്കും അറിയില്ല. ഇതെല്ലാം സെക്സ്റ്റീൽ പോസുകളല്ലെ? സിററിയിലെ സൊസൈററിലേഡീസ് ഒക്കെ ഇങ്ങിനെയാണു്.

കുഞ്ഞവിര:—എങ്ങിനെ? തുണി ഉടുക്കാതെ പിറന്നപടിയോ? വെറുതെയല്ല. തുണിയൊണ്ടാക്കുന്ന മില്ലുകളൊക്കെ പൂട്ടാൻ പോകുന്നെന്നു് കേട്ടതു്?

ജോസ്:—ചേട്ടനിതുകണ്ടിട്ടു്! അപ്പോഴോ, 'വഡിലാൽ ചുണിലാൽ ഫിലിംസി'—ൻെറ 'രൂപ്കാ റാണി ഔർ ചോരൺകാ രാജ' കണ്ടാലോ?

കുഞ്ഞവിര:—ഞാനീ ഉരുളികൊണ്ടേ കൊടുത്തേച്ചും ബാക്കി കാര്യം. ചേടത്തിയാരു് ഇപ്പുറത്തേക്കെങ്ങാനും വന്നാ, ഇവിടെ പുരപ്പൊറത്തു് കാളപൂട്ടാൻ തുടങ്ങും.

ജോസ്:—ഠോരോ. ഏക്മിനിററു്. ചേട്ടാ എനിക്കുടനെ ബോംബെയ്ക്കു പോകണം. ഒരു ററു ഹൺഡ്രഡ് റുപ്പീസ്വേണം. അവിടെ ചെന്നാൽ ഉടനെ അയച്ചുതരാം.

കുഞ്ഞവിര:—അതു ശരി! ജോസുകുഞ്ഞോ?

ജോസ്:—യെസ്സ്.

കുഞ്ഞവിര:—കമ്പൊന്നു് മാറിപിടിക്കു വാ ഭേദം.

ജോസ്:—വൈ? ചേട്ടനു് എന്നെ വിശ്വാസമില്ലെ? ഐയാംദി പ്രസിഡണ്ടു് ഓഫ്....

കുഞ്ഞവിര:—വിശ്വാസമുണ്ടെന്നു് പറഞ്ഞാ—, വിഷം മേടിക്കാൻ കാലണ കയ്യിലില്ലാതെ കാര്യം നടക്കുമോ?

ജോസ്:—ചേട്ടനൊന്നു് ഹെൽപ്പ് ചെയ്യേ പററു.

കുഞ്ഞവിര:—അതു ചെയ്യാം.

ജോസ്:—ചെയ്യണം.

കുഞ്ഞവിര:—ഐഡിയ ഒണ്ടു്.

ജോസ്:—എന്തോ ഐഡിയ?

കുഞ്ഞവിര:—(സ്വരം താഴ്ത്തി) പെണ്ണുടെ പെട്ടി.

ജോസ്:—താക്കോൽ പെണ്ണുങ്ങളുടെ അരയിൽ സ്ഥിരവാസമല്ലെ?

കുഞ്ഞവിര:—അതിനാണു് ഐഡിയ, പഴേ പെട്ടിയാണു് ഒരു വാക്കത്തീടെ വായ്ത്തലകൊണ്ടു് രണ്ടു് തിക്കുതിക്കിയാൽ അതങ്ങു് തൊറന്നു പോരും.

(കൊച്ചേലി കടന്നു വരുന്നു. കയ്യിലൊരു വാക്കത്തിയുമുണ്ടു്. കുഞ്ഞവിരയെ കണ്ടു് അരിശത്തോടെ.)

കൊച്ചേലി:—അവൻെറയൊരു പടാത്ത! ആ പെമ്പ്രന്നോരു് പള്ളീന്നു് വരണേനു് മുമ്പു് ഉരുളികൊണ്ടു് വച്ചിട്ടു വാടാന്നു പറഞ്ഞതാ. നാഴിക നാലായി. (ജോസിനോടു്) നീയെന്നതാടാ— അവനെയിട്ടു് വിസ്തരിക്കുന്നതു്?

ജോസ്:—ഹേയ്, ഞാനൊന്നും പറഞ്ഞില്ല. ചുമ്മാ, മാസികയിലെ പടം കാണണമെന്നും പറഞ്ഞു് ഇവിടെ പററി കൂടി നിന്നതല്ലെ? ഞാനപ്പോഴെ പറഞ്ഞു. ഉരുളി ഉടനെ കൊണ്ടു പോയി കൊടുക്കാൻ

(കൊച്ചേലി കുഞ്ഞവിരയെയും, കുഞ്ഞവിര ജോസിനേയും തറപ്പിച്ചോരോ നോട്ടം നോക്കി.)

കൊച്ചേലി:—ആ പെമ്പ്രന്നോത്തി അവിടെയൊണ്ടേങ്കി, ഒരുനൂറായിരം ചോദ്യം ചോദിക്കും. ഉരുളികൊണ്ടോയതു് ഇറച്ചിക്കു തേങ്ങാ വറക്കാനാണോ— അതോ അവുലോസു് വറക്കാനാണോ? കൊഴലപ്പോം അച്ചപ്പോമൊക്കെ തീന്നോ? പെണ്ണിൻെറ വീട്ടീന്നു് ആളെത്രവന്നു? മൊത്തം തേങ്ങ എത്ര ചെലവായി? എൻെറ കർത്താവേ—, ഇങ്ങനെ അത്യാർത്തി പിടിച്ച ഒരെണ്ണത്തിനെ, ഈ ബൂമി മലയാളത്തിലെങ്ങും ഞാൻ കണ്ടേട്ടില്ല. അവക്കറിയണ്ടാത്ത ഒരു കാര്യോമില്ല.

ജോസ്:—അവരു ചോദിക്കട്ടെ.

കുഞ്ഞവിര:—ചോദിക്കട്ടേന്നു്. ഞാൻ നല്ല പയറു വറകൂ പോലെ സമാദാനം പറയും.

കൊച്ചേലി:—എടാ, കല്യാണാവശ്യത്തിനു് പാത്രം മേടിച്ചോണ്ടു് വന്നാ, തിരിച്ചുകൊടുക്കുമ്പോ, അങ്ങിനെയങ്ങു് കൊടുത്താൽ പോര അതിനൊക്കെ നാട്ടുനടപ്പൊണ്ടു് അറിയാമോ?

കുഞ്ഞവിര:—ആ പാളേങ്കോടൻപഴത്തിലൊരു പത്തെണ്ണമെങ്കിലും ഇതിൻെറ കൂടെ കൊണ്ടു പോവണ്ടതാ. മൂന്നാലു പിള്ളേരൊള്ള വീടാ അതു്.

കൊച്ചേലി:—ഹൊ! ഇവളുമാർക്കൊക്കെ പലഹാരം കെട്ടിച്ചോമക്കാഞ്ഞിട്ടു് എനിക്കെന്തു സൂക്കേടൊന്നറിഞ്ഞില്ലേ!

കുഞ്ഞവിര:—അവളുമാർക്കല്ല. ആ പിള്ളേർക്കു്.

കൊച്ചേലി:—എന്നോടു് ചോതിച്ചേച്ചാണോ അവളുമാക്കു് പിള്ളേരൊണ്ടായതു്? ഇതു നല്ലകൂത്തു്!

(ജോസു് ഉറക്കെ പൊട്ടിച്ചിരിക്കുന്നു. അകത്തു് തോമാച്ചൻെറ ശബ്ദം. "എന്താടാ കാലമാടാ, അവിടെക്കെടന്നു് അലറുന്നതു്? അങ്ങോട്ടു് വന്നാ—, നിൻെറ വായില്ലു് ഞാൻ പഴന്തുണിതിരുകും. പറഞ്ഞേക്കാം".)

കൊച്ചേലി:—(അസഹ്യതയോടെ) ഒ! ഈ പണ്ടാരത്തിനേക്കൊണ്ടു് മടുത്തു. മിണ്ടാമ്മേല—അനങ്ങാമ്മേല...

കുഞ്ഞവിര:—സുകമില്ലാഞ്ഞിട്ടല്ലെ? നമ്മളു് ക്ഷമിക്കണം.

ജോസ്:—ഞാൻ മിണ്ടുന്നതു് അങ്ങേർക്കു സഹിക്കില്ല.

കൊച്ചേലി:—അതങ്ങിനെ കെടക്കും. നീയൊന്നു് പോയിക്കേ എൻെറ കുഞ്ഞവിര.

(കുഞ്ഞവിര, ഉരുളിയുമായി പുറത്തേക്കു പോയി.)

കൊച്ചേലി:—എടാ, ആ പടിഞ്ഞാറേ മൂലയ്ക്കുനിക്കണെ മുപ്പാവേന്നു നാലു കമ്പു വെട്ടി, ആ ആടിനു കെട്ടിക്കൊടുത്തേ. ഒരു മുടിയാനൊള്ള കല്യാണം കാരണം

എൻെറ ആട മൂന്നാല് ദെവസായിട്ട് പട്ടിണിയാ. (വാക്കത്തി ജോസിനു നീട്ടികൊടുക്കുന്നു.)

ജോസ്:—(വാക്കത്തി വാങ്ങിയിട്ട്-) പ്ലാവേൽ ഞാൻ കേറണോ? ഡെയ്ഞ്ചറാണ്.

കൊച്ചേലി:—അല്ല-നിൻെറപ്പൻ വരും പ്ലാവേക്കേറാൻ! അല്ലെങ്കി ഞാൻ കേറാം.

ജോസ്:—ഠികെ. എന്നാൽ അതാണു ഭേദം.

കൊച്ചേലി:—ദാണ്ടെ, എന്നോട്ട് തക്കുത്തരം പറഞ്ഞാ–, പുണ്ട ഞാൻ കുത്തിപ്പൊട്ടിക്കും.

ജോസ്:—നെവർ മൈൻഡ്.

കൊച്ചേലി:—എന്നതു്—?

ജോസ്:—സമ്മതിച്ചു എന്നു്.

കൊച്ചേലി:—നിനക്കു് മൂന്നു നേരോം വെച്ചു വെളമ്പി തിന്നാൻ തരണതു പിന്നെന്തിനാടാ?

ജോസ്:—പ്ലാവേൽ കേറാനാണോ?

കൊച്ചേലി:—എവിടെയൊക്കെ കേറാനാണെന്നു് ഞാൻ പിന്നെ പറയാം. (നടന്നുകൊണ്ടു്) ഞാൻ കുളിച്ചേച്ചു് വരുമ്പോ, ആടിൻെറ മുമ്പിൽ പ്ലാവിങ്കൊമ്പ് കണ്ടില്ലെങ്കീ, അന്നേരമല്ലേ.

(കൊച്ചേലി, പുറത്തേക്കു പോയി. ജോസ്സ് വാക്കത്തിയും കയ്യിൽ വച്ചുകൊണ്ടു ആലോചിക്കുകയാണ്. ഒരു നിമിഷം അയാളുടെ മുഖം സന്തോഷംകൊണ്ടു് വികസിച്ചു. ഉല്ലാസവാനായി അയാൾ അകത്തേക്കു നടക്കുമ്പോൾ കൊച്ചേലി തിരിച്ചു വന്നു. "എടാ" എന്നു് വിളിച്ചു. ജോസ്സ് അറിയാതെ ഞെട്ടിപ്പോയി.)

കൊച്ചേലി:—ങാ — നിൻെറ അളിയൻ ഇവിടെങ്ങാൻ കിടന്നു വിളിച്ചെങ്കി പറഞ്ഞേരെ—, ഞാൻ കുളിക്കാൻ പോയെന്നു്.

ജോസ്സ്:—ഠികെ!

കൊച്ചേലി:—എന്നതു്–?

ജോസ്സ്:—ശരീന്നു് (കൊച്ചേലി പുറത്തേക്കു പോയി)

(ജോസ്, വാക്കത്തി കയ്യിലിട്ടു തിരിച്ചും മറിച്ചും നോക്കുന്നു. എന്നിട്ടൊരു തീരുമാനമെടുത്തു. പെട്ടെന്ന് അകത്തേക്കു പോയി ഒരു കാൽപ്പെട്ടി താങ്ങിക്കൊണ്ടുവന്നു. വാക്കത്തിയുപയോഗിച്ച് അതു തുറക്കാനുള്ള ശ്രമമായി. അകത്തു തോമാച്ചൻ ഒന്നു രണ്ടു ചുമച്ചു. ജോസു ഞെട്ടി എഴുന്നേററു, ഒന്നുമറിയാത്തവനെപ്പോലെ പെട്ടിപ്പുറത്തു കാലേൽ കാലും കയററി വച്ചിരുന്ന് വായന അഭിനയിക്കുന്നു. കൊച്ചേലി വീണ്ടും കടന്നു വരുന്നു. ജോസാകെ വിരണ്ടു. എങ്കിലും അവിടെത്തന്നെ ഇരുന്നതേയുള്ളു. കൊച്ചേലി വന്നപാടെ വേഗം അകത്തേക്കു പോയി. അകത്ത്—)

കൊച്ചേലി:—എൻെറ കാൽപ്പെട്ടി എന്ത്യേ?

(ആരും മറുപടി പറഞ്ഞില്ല. രംഗത്തു ജോസ് പരുങ്ങുന്നു.)

കൊച്ചേലി:—നിങ്ങളെൻെറ പെട്ടി കണ്ടോ മനിഷേനെ?

തോമാച്ചൻ:—എനിക്ക് നിൻെറ പെട്ടി നോട്ടമായിരുന്നിവിടെ പണി! ഞാനീ കട്ടിലേന്ന് എണീററിട്ടില്ല.

കൊച്ചേലി:—എടാ ജോസേ-? മുടിഞ്ഞവനെ—എൻെറ പെട്ടി എന്തിയേടാ—?

(കൊട്ടങ്കാററുപോലെ കൊച്ചേലി രംഗത്തെത്തി. ജോസ് ഒന്നുമറിയാത്തവനെപ്പോലെ മുണ്ടിൻെറ കോന്തലകൊണ്ട് പെട്ടിയുടെ കാലുകൾ ധൃതിയിൽ തുടക്കുകയാണ്.)

കൊച്ചേലി:—എടാ—ടാ—, എൻെറ പെട്ടീമ്മെ പണി തൊടങ്ങിയോ പിന്നേം? രൂപാ അഞ്ഞൂററി ചില്വാനമാണ് ഒരിക്കൽ കൊണ്ടുപോയി നിൻെറ ഒടുക്കത്തെ കളി കളിച്ചതു്!

(വന്ന വഴി അവർ ജോസിൻെറ ചുണ്ടിനൊരു കുത്തു കൊടുത്തു. പക്ഷെ അങ്ങിനെയൊരു സംഭവം നടന്നതായി അയാളറിഞ്ഞമട്ടില്ല.)

ജോസ്:—ചെതല്! മുഴുവൻ ചെതല്!

കൊച്ചേലി:—എവിടെ?

ജോസ്:—പെട്ടിയേല്. അതും വെഞ്ചെതല്! ഡെയ്ഞ്ചറസ്!

കൊച്ചേലി:—കർത്താവേ! അകത്തു് കേറിയോടാ?

ജോസ്:—തുറന്നു നോക്കാമെന്നു് കരുതി. അപ്പോഴേക്കും പെണ്ങള് യുദ്ധത്തിനു വന്നില്ലേ?

(കൊച്ചേലി അരയിൽനിന്നു് താക്കോലെടുത്തു്. നിലത്തിരുന്നുകൊണ്ടു പെട്ടി തുറന്നു പരിശോധിച്ചു. ഒന്നുമില്ല.)

കൊച്ചേലി:—നിൻെറ തലേക്കുത്താ ചെതല്!

ജോസ്:—റിക്കെ.

കൊച്ചേലി:—എന്നതു്?

ജോസ്:—ശരിയാണെന്നു്.

കൊച്ചേലി:—(പെട്ടിക്കകത്തു് ഭദ്രമായി പൊതിഞ്ഞു വച്ചിരുന്ന ഒരു കഷണം സോപ്പെടുത്തു മണപ്പിച്ചുകൊണ്ടു്) ഇച്ചിര സോപ്പു തേച്ചു് മനിഷേനെപ്പോലെ ഒന്നു കുളിക്കണോന്നു കരുതീട്ടു് കൊറേ ദെവസായി. ഇതെടുക്കാൻ മറന്നതു നന്നായല്ലെ ഒള്ളു്—? എടാ —, ഒടേതമ്പുരാൻ എൻെറ ഭാഗത്താ.

ജോസ്:—തക്ദീർ! (പുറത്തേക്കു നടക്കുന്നു.)

കൊച്ചേലി:—എന്നതു്?

ജോസ്:—(തിരിഞ്ഞു നിന്നു്) വിധിയാണെന്നു്.

യവനിക.

## രംഗം 8

(കഴിഞ്ഞ രംഗംതന്നെ. തോമാച്ചൻ ചാരുകസേരയിൽ കിടക്കുന്നു. സമീപത്തു് ഒരു ടീപ്പോയിയും അതിന്മേൽ മരുന്നു കുപ്പികൾ, ഓറഞ്ചു് തുടങ്ങിയവയും കാണാം. ജോസും കൊച്ചേലിയും അടുത്തുണ്ടു്.)

തോമാച്ചൻ:—എടീ, ഞാൻ അവൻെറ അപ്പനായിപ്പോയില്ലേ?

കൊച്ചേലി:—അതിനു ഞാനിപ്പോ എന്നാ വേണമെന്നാ മനിഷേനെ പറയണെ?

തോമാച്ചൻ:—അല്ല—അക്കാര്യം നിന്നോടു പറഞ്ഞിട്ടെന്താ കാര്യം? ദൈവം നിനക്കൊരു കുഞ്ഞിക്കാലു് കാണാൻ തന്നില്ലല്ലോ.

കൊച്ചേലി:—ഹോ—! അതിൻെറ ദെണ്ണം ഞാനല്ലേ അനുപവിക്കുന്നതു്. അപ്പനും മോനും ചേതമൊന്നും പററീല്ലല്ലോ.

തോമാച്ചൻ:—നിന്നോടു വായിട്ടടിക്കാൻ എനിക്കു മേല. നീ പെട്ടീടെ താക്കോലിങ്ങോട്ടു് തരുണ്ടോ. അതോ ഞാനതു് വെട്ടിപ്പൊളിക്കണോ?

കൊച്ചേലി:—പിന്നേ—ഒത്തിരി വെട്ടിപ്പൊളിക്കും! കുറച്ചു ചേതമൊണ്ടു്. ഞാൻ നല്ല ഒന്നാന്തരമായിട്ടു് ദെണ്ണപ്പെട്ടു് വേലയെടുത്ത മൊതലുംകൂടാ അതു്. വെട്ടിപ്പൊളിക്കും!

ജോസ്:—പെങ്ങളെ, രാജുവിനു് അത്രത്തോളം പരുക്കു പററിയില്ലെങ്കിൽ ജോണി ഇങ്ങനെ കമ്പിയടിക്കുകയില്ല. കാരണം ജോണി——

കൊച്ചേലി:—നീ പോടാ അവിടുന്നു്. ഒപ്പാരത്തം പറയാൻ വന്നേക്കണോ-—?

തോമാച്ചൻ:—(ഗദ്ഗദത്തോടെ) എൻെറ മോൻ ജീവനോടെ ഉണ്ടോ എന്തോ —?

കൊച്ചേലി:—നിങ്ങടെ മോനെക്കുറിച്ചല്ലെ നിങ്ങക്കു ദെണ്ണമൊള്ളു. എൻെറ ആങ്ങളേടെ കൊച്ച് മരിച്ചു പോയീന്നല്ലെ കമ്പീലെഴുതീരിക്കണെതു്—?

തോമാച്ചൻ:—അപ്പോ—, അതുകൊണ്ടല്ലേടീ കുരിശേ--നിന്നോട്ട് പെട്ടീന്നു രൂപായെടുത്തു കൊടുത്തു ജോസിനെ പറഞ്ഞയക്കാൻ പറേണതു്?

കൊച്ചേലി:—അതൊഴിച്ചു വേറെ വല്ല കാര്യോം പറ മനിഷേനെ നിങ്ങള്.

തോമാച്ചൻ:—ജോസെ—?

ജോസ്:—എന്താ -

തോമാച്ചൻ:—എന്താ കമ്പീലെഴുതിയിരിക്കണതു്—? നീ അത്ഥം പറയണതു ശരിതന്നെ ആണല്ലോ—ഇല്ലെ?

ജോസ്:—(ടെലഗ്രാം വായിക്കുന്നു.) "Car Accident Kunjamma Expired. Raju Injured. Start Immediately by air Johny." കാറപകടത്തിൽ കുഞ്ഞമ്മ മരിച്ചുപോയി. രാജുവിനു് മുറിവുകരം പററി. ഉടനെ വിമാനമാഗ്ഗം പുറപ്പെടുക. എന്നാണ് അതിൻെറ അത്ഥം. എനിക്കു തെററിയിട്ടൊന്നുമില്ല.

[തോമാച്ചൻ മുഖം തിരിച്ച്, തന്റെ ആദ്യഭാര്യയും മകനും ചേന്നു നില്ക്കുന്ന ഫോട്ടോവിലേക്കു നോക്കി. പശ്ചാത്തലത്തിൽ സംഗീതോപകരണങ്ങൾ വേദനാത്മകമായി ശബ്ദമുതിത്തു. ആ ഫോട്ടോ, ചുവരിൽ നിന്നെടുത്തു കൊടുക്കുവാൻ തോമാച്ചൻ ആഗ്യം കാട്ടി ജോസിനോടാവശ്യപ്പെട്ടു. ജോസ് എത്തിവലിഞ്ഞു്നിന്നു് ഫോട്ടോ കയ്യിലെടുക്കുമ്പോൾ, അതു താഴെ വീണ് ചിന്നിച്ചിതറി. പശ്ചാത്തല സംഗീതോപകരണങ്ങൾ ഒന്നാകെ പൊട്ടിക്കരഞ്ഞു നിശ്ശബ്ദമായി. വയലിൻെറ ശോകരംഗം മാത്രം ബാക്കിനിന്നു. ജോസ് ഉടഞ്ഞ ചില്ലുകൾ തട്ടിക്കളഞ്ഞിട്ട് ഫ്രെയിം തോമാച്ചന്റെ കയ്യിൽ കൊടുത്തു. ആ പടത്തിൽ നോക്കിയിരിക്കുമ്പോൾ തോമാച്ചന്റെ കണ്ണുകൾ നിറഞ്ഞു.]

തോമാച്ചൻ:—(നിയന്ത്രണം വിട്ട്) എടീ നീ രൂപ തരുന്നുണ്ടോ? (തുടന്നു് പറയാനാവാത്തവണ്ണം ചുമ അയാളെ തടഞ്ഞു)

കൊച്ചേലി:—പെട്ടീലിരിക്കുന്ന രൂപ തരികേലെന്നു് മലയാളത്തിലല്ലേ മനിഷേനെ ഞാനിതുവരെ പറഞ്ഞതു്?

തോമാച്ചൻ:—നിന്നെ ഇന്നു ഞാൻ.......(എഴുനേല്ക്കാൻ ശ്രമിച്ചിട്ടു് കഴിയാതെ അവശതയോടെ ഇരിക്കുന്നു.)

കൊച്ചേലി:—പിന്നേ........അതൊക്കെ പണ്ടായിരുന്നു.

തോമാച്ചൻ:—ങാ, പണ്ടായിരുന്നു. എനിക്കാവതുണ്ടായിരുന്ന കാലത്തു നീ എന്നോടിങ്ങനെയൊന്നും പറയുമായിരുന്നില്ല.

കൊച്ചേലി:—ഓ—ാ പിന്നെ! ഞാനന്നു് വാക്കയ്യും പൊത്തി നിക്കുവല്ലായിന്നോ—?

തോമാച്ചൻ:—ആ കുഞ്ഞവിര പോയിട്ടു് കാണുന്നുമില്ലല്ലൊ......എടാ ജോസെ—?

ജോസ്:—എന്താ—

തോമാച്ചൻ:—നീയൊന്നു് പുറത്തേക്കു ചെന്നേ. അവൻ ചെലപ്പോ ആ ചായകടേലെങ്ങാനുമിരുന്നു് ആസാമിലെ വിശേഷം പറയുവാരിക്കും.

[ജോസ് പുറത്തേക്കു പോയി കൊച്ചേലി അകത്തേക്കു് നടക്കാൻ രണ്ടു മൂന്നു് ചുവടു വെച്ചു.]

തോമാച്ചൻ:—എടീ—കൊച്ചേലി—?

കൊച്ചേലി:—(അവിടെത്തന്നെ തിരിഞ്ഞുനിന്നു്) എന്നതാ മനിഷേനേ?

തോമാച്ചൻ:—നീയിങ്ങു വന്നേ.

[കൊച്ചേലി വീണ്ടും തോമാച്ചൻെറ സമീപം വന്നുനിന്നു. നിമിഷനേരത്തെ നിശ്ശബ്ദത.]

കൊച്ചേലി:—എന്നതാന്നു് വെച്ചാ—പറ മനിഷേനേ.

തോമാച്ചൻ:—നിൻെറ നുണയും കൊതിയും കേട്ടു് ഞാനവനെ തല്ലിയിട്ടുള്ളതിനു് കണക്കില്ല. എത്രദിവസം അവനു് അത്താഴം കൊടുക്കാതെ പട്ടിണിക്കിട്ടിട്ടുണ്ടു്.—

കൊച്ചേച്ചി:—ഇതു പറയാനാണിപ്പെ വിളിച്ചതു്—?

തോമാച്ചൻ:—(പറഞ്ഞുവന്നതിൻെറ തുടർച്ചയായി) അവൻ സുഖമില്ലാതെ ആശുപത്രീക്കെടന്നപ്പോ, കുറച്ച് കാശു വേണമെന്നും പറഞ്ഞു് എഴുത്തയച്ചിട്ട് —; നീ എതിരു പറഞ്ഞതുകൊണ്ടു് ഞാനവനു് മറുപടി പോലുമയച്ചില്ല.

കൊച്ചേച്ചി:—ഇതു നല്ലകൂത്തു്! ഞാൻ പറഞ്ഞോ മനിഷേനെ നിങ്ങളോട്ട് മറുപടി അയയ്ക്കണ്ടാന്നു് — ?

തോമാച്ചൻ:—അതുംകഴിഞ്ഞു് നാലഞ്ചുകൊല്ലം കഴിഞ്ഞു് എനിക്കു സുഖമില്ലാന്നു് കേട്ടപ്പൊ അവനോടിവന്നു. കല്യാണക്കാര്യം വന്നപ്പോ, കരഞ്ഞോണ്ടാണെങ്കിലും ഞാൻ പറഞ്ഞതു് അപ്പടി അനുസരിക്കേംചെയ്തു. (അഭിമാനത്തോടെ) എൻെറ മോനായതുകൊണ്ടാടീ നിനക്കറിയാമോ? (കണ്ണുകരം നിറഞ്ഞൊഴുകി.)

കൊച്ചേച്ചി:—അതിനിപ്പൊ ഞാനെന്നാവേണം? ദേ മരുന്നു കുടിക്കണ്ട നേരമായി തരട്ടെ—?

തോമാച്ചൻ:— (ശുണ്ഠിയെടുത്തു്) കൊണ്ടുപെ ക്കോണം നിൻെറ മരുന്നും മന്ത്രോം. അല്ലെങ്കി ചവിട്ടും ഞാൻ ങാ ......

കൊച്ചേച്ചി:—എനിക്കെൻെറ നാക്കു ചൊറിഞ്ഞു വരുന്നുണ്ടു്—പറഞ്ഞേക്കാം. ഞാമ്പിന്നെ അങ്ങ് ബൂമിയോളം ക്ഷമിക്കുവാ —

[കുഞ്ഞവിര പ്രവേശിക്കുന്നു; വാടിയമുഖം.]

തോമാച്ചൻ:—അവിടെ ആരെങ്കിലും ഉണ്ടായിരുന്നോടാ—?

കുഞ്ഞവിര:—കുഞ്ഞമ്മകൊച്ചിൻെറ മൂത്ത ആങ്ങളേം അച്ചനമമ്മേം ഒക്കെ ഒണ്ടാരുന്നു.

തോമാച്ചൻ:—എന്നിട്ടെന്നാ പറഞ്ഞവരു്—?

കുഞ്ഞവിര:—എന്നാ പറയാനാ—? അവിടൊയൊക്കെ കൂട്ടനിലവിളി. എനിക്കു സഹിച്ചില്ല. ഞാനിങ്ങു പോന്നു.

തോമാച്ചൻ:—എടാ— അവരാരെങ്കിലും ബോംബെയ്ക്ക് പോണ കാര്യം പറഞ്ഞോന്നാ ചോദിച്ചെ

കുഞ്ഞവിര:—പറഞ്ഞു നാളെ വെളുപ്പിന് അവരപ്പനും മോനും പോണോന്ന് പറഞ്ഞു.

തോമാച്ചൻ:—കേട്ടോടീ—കേട്ടോ? അവക്കടെ അപ്പൻ വിമാനത്തില് ബോംബെയ്ക്ക് പോണെന്ന്.

കൊച്ചേലി.—എന്നാ നിങ്ങളും പോ.

തോമാച്ചൻ:—എനിക്കാവതൊണ്ടാരുന്നേങ്കിപ്പിന്നെ, നിന്റെ അമ്മേടെ അനുവാദം വേണാരുന്നോ?

കുഞ്ഞവിര:—നമ്മുടെ ജോസികുഞ്ഞിനെ വിട്ടാമതി. പുള്ളിക്കാരന് അവിടമൊക്കെ നല്ലപിടിയാ.

തോമാച്ചൻ:—അത്ര് ഞാൻ പറഞ്ഞെടാ. ഈ കുരിശ്ശ സമ്മതിക്കണ്ടെ —?

കൊച്ചേലി:—അതിനെൻെറ സമ്മതമെന്തിനാ മനിഷേനെ നിങ്ങക്ക്?

തോമാച്ചൻ:—എന്നാ നീ പെട്ടീന്ന് രൂപായെടുത്തു താ.

കൊച്ചേലി:-അതൊഴിച്ച് വേറെ വല്ല കാര്യോമൊണ്ടെങ്കി പറ.

കുഞ്ഞവിര:—ഈ കാര്യത്തില് ചേടത്തിയാരു് ഒരിച്ചിരി വിട്ടുവീഴ്ച .....

കൊച്ചേലി:—നീ നിൻെറ പാടുനോക്കെ കുഞ്ഞവിര.

തോമാച്ചൻ:—എടാ കുഞ്ഞവിരാ?

കുഞ്ഞവിര:—എന്താ ചേട്ടാ?

തോമാച്ചൻ:—നിൻെറ വീട്ടില് രൂപ കാണുമോ? ഒരു മുന്നൂറ് രൂപ താ. ഞാൻ വല്ലോം പണയം തരാം.

കുഞ്ഞവിര:—എൻെറ ചേട്ടാ —രാജുമോനെ എടുത്തോണ്ടു നടന്നു വളർത്തീതാ ഞാൻ. ഈ ചുററുപാടില് വല്ല നിവൃത്തീം ഒണ്ടാരുന്നേങ്കി ഞാൻതന്നെ ഒന്നുപോയി കണ്ടേനെ. (ഗദ്ഗദത്തോടെ) പക്ഷേങ്കി, ചേട്ടനറിയാലോ —മുന്നൂറുപൈസ എടുക്കാൻ എൻെറ കയ്യിലില്ല.

(തോമാച്ചൻ ഒരു ദീർഘശ്വാസംവിട്ട് വീണ്ടും തന്റെ ഓമന പുത്രന്റെ ചിത്രത്തിലേക്കുനോക്കി. അദ്ദേഹത്തിന്റെ വിറയാർന്ന ചുണ്ടുകൾ 'പൊന്നുമോനെ' എന്നു വിതുമ്പി. എന്നിട്ട് എന്തോ ഒന്നു തീരുമാനിച്ചപോലെ—)

**തോമാച്ചൻ:—നീ ക്രൂപ തരുന്നൊണ്ടോടീ?**

**കൊച്ചേലി:—ഇല്ലാന്ന് നൂറുതവണ പറഞ്ഞില്ലേ?**

**തോമാച്ചൻ:—ഇല്ലേ?**

**കൊച്ചേലി.—ഇല്ലാന്നാ പറഞ്ഞത്.**

**തോമാച്ചൻ:—(അലറുംപോലെ ഉച്ചത്തിൽ) ഇല്ലേ—േ....?**

**കൊച്ചേലി:—(തറപ്പിച്ച്) ഇല്ല. ഇല്ല. ഇല്ല!**

(തോമാച്ചൻ എല്ലാം മറന്ന് ചാടിയെഴുന്നേററു. കൊച്ചേലിയെ ഒററയടിക്കു വീഴ്ത്താൻ എഴുന്നേററ ആ മനുഷ്യൻ സ്വയം തളർന്നു വീണുപോയി. ബോധവും മറഞ്ഞു. കൊച്ചേലിയും കുഞ്ഞവിരയും കൂടി അയാളെ താങ്ങി അകത്തേക്കു കൊണ്ടുപോയി. രംഗം ഇരുളിലാണ്ടു.

അകത്ത് ''ആ വെള്ളോം മൊന്തേം ഇങ്ങെടുത്തോ—ഒന്നു വീശിക്കേ—ഇതെന്തുപണിയാ ചെയ്തത്—? മുഖത്തു തളിക്ക്—ജനാല തൊറന്നേ, കാററുവരട്ടെ—'' എന്നിങ്ങനെ പരിഭ്രമം കലർന്ന സംഭാഷണങ്ങൾ. ജോസ് പ്രവേശിക്കുന്നു. അകത്തെ സംഭാഷണങ്ങൾ കേട്ട് ഒരുനിമിഷം നിശ്ചലനായി നിന്നിട്ട് അകത്തേക്ക് ഓടി. ജോസിന്റെ കാലുതട്ടി, രംഗത്തിരുന്ന ടീപ്പോയി മറിഞ്ഞു. മരുന്നു കുപ്പികൾ ഉടഞ്ഞു. നാരങ്ങ ഉരുണ്ടുപോയി. അകത്തുനിന്നു തകർച്ചയുടെ പേടിപ്പെടുത്തുന്ന ശബ്ദം!

മരണസമയത്തെ ബാൻറ്സംഗീതം. രംഗത്ത്, തോമാച്ചനുപയോഗിച്ചിരുന്ന വടി, വിശറി, മുറുക്കാൻചെല്ലം തുടങ്ങിയവ, സ്പോട് ലൈററിൽ മാറിമാറിക്കാണുന്നു.

അകലെ പള്ളിമണികൾ 'ണാം' 'ണാം' എന്നു മൂന്നുവട്ടം ശബ്ദിച്ചു നിലച്ചു.)

യവനിക.

## രംഗം 9

[നേഴ്സസ് ക്വാർട്ടേഴ്സിലെ സന്ദർശകമുറി. ഒന്നാം രംഗത്തിലെ സജ്ജീകരണങ്ങൾതന്നെ. ജോണി ചിന്താഭാരത്തോടെ തല കുമ്പിട്ടിരിക്കുന്നു. ചില നിമിഷങ്ങൾക്കുശേഷം ഡോക്ടർ വിത്സൺ കടന്നുവരുന്നു. എന്തുകൊണ്ടോ, വിത്സൺ തികച്ചും അസ്വസ്ഥനാണ്. വല്ലാത്തൊരു കുററബോധവും മനഃപ്രയാസവും അയാളുടെ വാക്കുകളിലും ചലനങ്ങളിലും പ്രകടമാണ്......]

ജോണി:—(എഴുന്നേററ് ഭവ്യതയോടെ) ഗുഡ്ഈവനിംഗ് ഡോക്ടർ.

വിത്സൺ:—ഗുഡ്ഈവനിംഗ്. എന്താണ് മി. ജോണി?

ജോണി:—എനിക്ക് ഡോക്ടരോടല്പം സംസാരിക്കാനുണ്ട്. അതിനാണ് കാണണമെന്നു പറഞ്ഞത്.

വിത്സൺ:—അതിന് ഡോക്ടേഴ്സ് റസിഡൻസിൽ വന്നു കാണാമായിരുന്നല്ലൊ.

ജോണി:—ക്ഷമിക്കണം ഡോക്ടർ. അവിടെ മററു പല ഡോക്ടർമാരും കാണുമല്ലൊ. അതുകൊണ്ടാണ്. എനിക്കു പറയാനുള്ളത് അല്പം സ്വകാര്യമാണുതാനും.

വിത്സൺ:—പറയൂ. വേഗമാകട്ടെ. എനിക്കു നല്ല സുഖമില്ല.

ജോണി:—എന്തുപററി ഡോക്ടർ?

വിത്സൺ:—അതു സാരമില്ല. നിങ്ങൾക്കെന്താണ് പറയാനുള്ളത്?

ജോണി:—രാജുവിൻെറ കാര്യമാണ്.

വിത്സൺ:—(മനസ്സിലാകാത്തതുപോലെ ജോണിയെ നോക്കുന്നു.)

ജോണി:—സർജിക്കൽവാർഡിലെ ബെഡ്നമ്പർ തർട്ടീൻ.

വിത്സൺ:—ഐസീ, ആക്സിഡൻറ്കേസ്. അല്ലേ?

ജോണി:—അതെ ഡോക്ടർ.

വിത്സൺ.—അയാറംക്കിനിയും ബോധം വീണിട്ടില്ലല്ലോ. പനിയും വിട്ടുമാറിയിട്ടില്ല. പിന്നെന്തുചെയ്യും?

ജോണി:—അതേക്കുറിച്ചറിയാനാണ് ഞാൻ ഡോക്ടറെ കാണണമെന്നു പറഞ്ഞതു്.

വിത്സൺ:—ഇതാണ് അയാളുടെ കണ്ടീഷൻ. പിന്നെ എന്താണറിയാനുള്ളതു്? നമുക്കു പിന്നീടൊരവസരത്തിൽ കൂടുതലായി സംസാരിക്കാം. എനിക്കിപ്പോറം നല്ല സുഖമില്ല. വല്ലാത്ത അസ്വാസ്ഥത.

ജോണി:—അവൻെറ കണ്ണ് ഓപ്പറേററു് ചെയ്യണമെന്നു പറഞ്ഞതു്...

വിത്സൺ:—ടെംപറേച്ചർ നോർമലാകാതെ ഓപ്പറേഷൻ സാദ്ധ്യമല്ല. നിങ്ങറം ധൃതികൂട്ടിയിട്ടു കാര്യമില്ല.

ജോണി:—ധൃതികൂട്ടുകയല്ല ഡോക്ടർ. അവൻെറ കണ്ണ് ശരിപ്പെട്ടുകിട്ടും —ഇല്ലേ?

വിത്സൺ:—ഞങ്ങളാൽ ആവുന്നതു ചെയ്യും.

ജോണി:—അതിനുവേണ്ടി എന്തുചെലവു ചെയ്യാനും ഞാനൊരുക്കമാണ്. ഏററവും പ്രഗത്ഭനായ ഡോക്ടറെ ഈ ഓപ്പറേഷനുവേണ്ടി കൊണ്ടുവരണമെന്നു സാറിനോടു പറയാനാണ് ഞാൻ വന്നതു്.

വിത്സൺ:—ലിസ്സൺ, ബോംബെയിലെ ഏററവും നല്ല Eye സ്പെഷ്യലിസ്റ്റ് ആണ് ഡോക്ടർ ബാനർജി. അദ്ദേഹമാണ് ഈ ഓപ്പറേഷൻ നടത്തുന്നതു്. അദ്ദേഹത്തേക്കാറം വലിയ ഒരാളെ ...

ജോണി:—അദ്ദേഹത്തെ സ്വകാര്യമായിക്കണ്ടു് വല്ലതും കൊടുക്കുകയോ മറേറാ...

വിത്സൺ:—ഒന്നും ആവശ്യമില്ല. ഡോക്ടർ ബാനർജിയോടു ഞാൻ പ്രത്യേകിച്ചു പറയാം ...ഈ രാജു നിങ്ങളുടെ ആരാണ്?

ജോണി.—അങ്ങനെ ചോദിച്ചാൽ, അവൻ എൻെറ ആരുമല്ല.

വിത്സൺ:—ഞാൻ വിചാരിച്ചു—ബന്ധത്തിൽപ്പെട്ട ആരെങ്കിലുമായിരിക്കുമെന്നു്.

ജോണി:—(അങ്ങേയററം വികാരധീനനായിട്ടു്) കൂടെപ്പിറന്ന സഹോദരനെക്കാളധികം ഞാനവനെ സ്നേഹിക്കുന്നു ഡോക്ടർ. അവൻെറ ഒരു കയ്യ് മുറിച്ചുകളഞ്ഞപ്പോഠം, എൻെറ രണ്ടു കയ്യും നഷ്ടപ്പെട്ട വേദനയുണ്ടായി എനിക്കു്. ഡോക്ടർ—, എൻെറ കണ്ണു പകരം തന്നാൽ അതുപകരിക്കുമെങ്കിൽ, ഒരെണ്ണം തരാൻ ഞാനൊരുക്കമാണു്. എന്നാലും, നിങ്ങളവനെ കുരുടനാക്കരുതു്....അവനെ കുരുടനാക്കരുതു്.

വിത്സൺ:—മിസ്റ്റർ ജോണീ, ഒരു മലയാളി എന്ന നിലക്കു മാത്രമല്ല—, സിസ്റ്റർ ബീനയുടെ Patient എന്ന നിലയിലും അയാളെ ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. പക്ഷെ വൈദ്യശാസ്ത്രത്തിൻെറ കഴിവുകഠംക്കും പരിധിയുണ്ടെന്നോർമ്മിക്കണം. ഞങ്ങളാലാവുന്നതു് ചെയ്യാം. പിന്നെ, ബാക്കി കാര്യം നിങ്ങഠം ദൈവത്തിൽ ഭരമേല്പിക്കൂ.

ജോണി:—(സംസാരിക്കാൻ ശേഷിയില്ലാതെ നിന്നു് വിങ്ങിവിതുമ്പുകയാണു്.)

വിത്സൺ:—ഞാനാകെ അസ്വസ്ഥനായിരുന്നു. നിങ്ങളുടെ സംസാരം അതു വീണ്ടും വർദ്ധിപ്പിച്ചു. ഇനി...നമുക്കു് പിന്നീടു സംസാരിക്കാം. (പുറത്തേക്കു നടക്കുന്നു.)

(ബീന പ്രവേശിക്കുന്നു. നെഴ്സിൻെറ യൂണിഫോറമാണു് വേഷം. വാടിക്കരിഞ്ഞ മുഖം. കടന്നു പോകുന്ന ഡോക്ടർ വിത്സനെ നോക്കി അവൾ 'ഡോക്ടർ' എന്നു വിളിച്ചു. വിത്സൺ തിരിഞ്ഞു് ബീനയെ നോക്കി. കുററബോധവും അതിതീവ്രമായ മനോവേദനയും അയാളുടെ മുഖത്തു് ഇരച്ചു കയറി. അവിടെത്തന്നെ നിന്നു്, മുഖം മാത്രം തിരിച്ചു്.........)

വിത്സൺ:—എന്താണു് സിസ്റ്റർ?

ബീന:—ഡോക്റ്റർ രാജിവച്ചുപോകുന്നുവെന്നു കേട്ടല്ലോ. ശരിയാണോ—?

വിത്സൺ:—ശരിയാണ്.

ജോണി:—ങേ—! ഡോക്റ്ററിവിടുന്നു് പോവുകയാണോ?

വിത്സൺ:—ഞാൻ പോവുകയാണ്. പക്ഷെ നിങ്ങളോടു പറഞ്ഞ വാക്കു പാലിക്കാതിരിക്കില്ല. നിങ്ങളുടെ രോഗിയുടെ നിലമെച്ചപ്പെട്ടതിനുശേഷമെ ഞാൻ പോകുന്നുള്ളു.

ബീന:—നഷ്ടപ്പെടാനുള്ളതു് നഷ്ടപ്പെട്ടു. ഇനി ഡോക്റ്ററിവിടുന്നു് സ്ഥലം മാറിപ്പോയതുകൊണ്ടെന്താ പ്രയോജനം?

വിത്സൺ:—എനിക്കീ അന്തരീക്ഷം വീർപ്പുമുട്ടലുണ്ടാക്കുന്നു. ആരുമറിയാത്ത ഏതെങ്കിലും ഒരിടത്തു ചെന്നാൽ അല്പം സമാധാനം കിട്ടാതിരിക്കില്ല.

ബീന:—ഇതെല്ലാം അല്പംകൂടെ നേരത്തെ ഓർമ്മിച്ചിരുന്നെങ്കിൽ.

വിത്സൺ:—അതേക്കുറിച്ചു് നിങ്ങളോടു സംസാരിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല. (പെട്ടെന്നു പുറത്തേക്കു പോകുന്നു.)

[ഒരു നിമിഷം നിശ്ശബ്ദത.]

ബീന:—മി. ജോണി വന്നിട്ടധികനേരമായോ?

ജോണി:—ഇല്ല. (വിത്സൺ പോയ ഭാഗത്തേക്കു നോക്കികൊണ്ടു്) എന്താണ് ഡോക്റ്റർക്കു് ഒരു വല്ലാത്ത വിഷമം?

ബീന:—ഡോക്റ്റർക്കു മാത്രമല്ല ഈ ഹോസ്പിററലിലുള്ള എല്ലാവർക്കും വലിയ വിഷമമാണിന്നു്.

ജോണി:—കാര്യമെന്താണ്? എനിക്കു മനസ്സിലായില്ല.

ബീന:—എൻെറ റൂമേയ്‌ററ് മേരിവർഗ്ഗീസിനെ ഓർക്കുന്നോ?

ജോണി:—ഉവ്വു്. ഇന്നലെ രാജുവിൻെറ അടുത്തുണ്ടായിരുന്നല്ലോ—കുറെനേരം.

ബീന:—ങാ-അവരം തന്നെ.

ജോണി:—അവർക്കെന്തു പററി—?

ബീന:—ആത്മഹത്യ ചെയ്തു!

ജോണി:-(അത്ഭുതം കൊണ്ടു വിടന്ന കണ്ണുകളോടെ) എന്തിനു്?

ബീന:—ഒന്നും പറയണ്ട മിസ്റ്റർ ജോണി, ആ പെണ്ണു് ഗർഭിണി ആയിരുന്നു!

ജോണി:—(ചിന്താ ഭാരത്തോടെ) കഷ്ടം! ഓരോ പെൺകുട്ടികരം .......

ബീന:—എനിക്കറിയാം-നിങ്ങളുടനെ അവളെ പഴിചാരുമെന്നു്.

ജോണി:—അവളെയല്ലാതെ പിന്നെ ആരെയാണു് പഴിക്കേണ്ടതു്—? അവളുടെ അപ്പനെയോ?

ബീന:—അതെ.

ജോണി:—എന്തു് 'അതെ'ന്നു്?

ബീന:-അവളുടെ അപ്പനെയാണെന്നു്.

ജോണി:—വിചിത്രമായ വാദഗതിയാണു്. എന്നാൽ പിന്നെ, കുറെക്കൂടി പിന്നിലേക്കു ചെന്നു് ആദാമിനെ പഴിചാരിക്കൂടെ?

ബീന:—കല്ലെറിയാൻ മനുഷ്യനു് വലിയ ധൃതിയാണു് ജോണീ. ഒരു നിമിഷം നിന്നു് ചിന്തിക്കുകയില്ലവർ.

ജോണി:—നമ്മരം കൃസ്തുവിൻെറ യുഗത്തിലല്ല ജീവിക്കുന്നതു്.

ബീന:-ആണെന്നു ഞാൻ പറഞ്ഞോ? മേരി സ്റ്റുഡൻറ് നെഴ്സായിരുന്നു. 45 രൂപയാണു് അവരക്കു സ്റ്റൈഫൻറു്. ഇതവളുടെ വീട്ടുകാർക്കറിയുകയും ചെയ്യാം. എന്നിട്ടും മാസംതോറും നൂററമ്പതും ഇരുനൂറും ആവശ്യപ്പെട്ടുകൊണ്ടു് അവളുടെ അപ്പൻ കത്തെഴുതും. 'എങ്ങിനെ'യെങ്കിലും സമ്പാദിച്ച് അവരം അപ്പനു് ആവശ്യപ്പെട്ട തുക അയക്കുകയും ചെയ്യും.

ജോണി:—ഗതികേടു കൊണ്ടായിരിക്കും—കാരണവർ അങ്ങിനെ എഴുതുന്നതു്. അതിനു് ഈ പെൺകുട്ടി അനാശാസ്യമായ മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കണമെന്നുണ്ടോ?

ബീന:—ഗതികേടോ? മേരിയുടെ അപ്പൻ നാട്ടിലെ ഒരിടത്തരം പണക്കാരനാണു്. സാമാന്യവിദ്യാഭ്യാസമുള്ളയാളാണു്. ഉദ്യോഗസ്ഥനും കൂടി ആണയാൾ.

ജോണി:— (നിശ്ശബ്ദം. എന്തോ ചിന്തിക്കുകയാണയാൾ.)

ബീന:—ഇനി ആവശ്യപ്പെടാതെയാണു് ഒരു മകളിങ്ങനെ പണമയക്കുന്നതെങ്കിൽ പോലും ഒരപ്പൻ ചിന്തിക്കണ്ടെ—പണത്തിൻെറ ഉറവിടമേതെന്നു്?

ജോണി:— (വീണ്ടും നിശ്ശബ്ദം)

ബീന:-എന്താ ജോണിയൊന്നും മിണ്ടാത്തതു്—?

ജോണി:—ശരിയാണു്. എല്ലാവരും ഒരു മുൻ വിധിയോടെയാണു് നിങ്ങളെ നോക്കുന്നതു്.

ബീന:—നിങ്ങളോ?

ജോണി:—ഞാനും അങ്ങിനെ ആയിരുന്നു. ഇപ്പോൾ, അല്ല. അതിരിക്കട്ടെ ഇക്കാര്യത്തിൽ ഡോക്ടർ വിത്സൺ ഇത്രയേറെ വിഷമിക്കുന്നതു്?

ബീന:—ഡോക്ടർക്കും അവളുടെ നാശത്തിൽ പങ്കുണ്ടു്.

(“ങേ”’! ജോണി നടുങ്ങിപ്പോയി. അല്പനേരത്തേക്കു് ഇരുവരും ഒന്നും ശബ്ദിച്ചില്ല.)

ജോണി:—സിസ്റ്റർ ഇന്നു് രാജുവിനെ കണ്ടോ?

ബീന:—ഞാനിപ്പോൾ അവിടെ നിന്നാണു വരുന്നതു്. ഇനി ഈ വേഷമൊന്നു മാറിയിട്ടു് വീണ്ടും പോകണം.

ജോണി:—എട്ടൊൻപതു ദിവസമായിട്ടും ഇതു വരെ ബോധം വീഴാത്തതു് അത്ഭുതമായിരിക്കുന്നു–, ഇല്ലെ സിസ്റ്റർ?

ബീന:—മെൻറൽഷോക്കാണെന്നാണു് ഡോക്ടേഴ്സിൻെറ അഭിപ്രായം. ഹെമ്റേജ് ഇല്ലാതിരുന്നാൽ മതിയായിരുന്നു.

ജോണി:—സിസ്റ്ററിപ്പോഠം രണ്ടാമത്തെ പ്രാവശ്യമാണ് രാജുവിനെ ശുശ്രൂഷിക്കുന്നതും അവനുവേണ്ടി കഷ്ട പ്പെടുന്നതും.

ബീന:—വർഷങ്ങഠംക്കു മുമ്പ് ഞാൻ രാജുവിനെ ആദ്യ മായി പരിചയപ്പെടുന്നതു് രോഗക്കിടക്കയിൽ വ ച്ചാണ്. സ്വന്തം ഭാര്യയെപ്പോലെയാണ് ഞാൻ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതെന്നും പറഞ്ഞു് കൂട്ട കാരികഠം എന്നെ കളിയാക്കി. അതുകേട്ട ഞാൻ മനസ്സിൽ സന്തോഷിച്ചതേയുള്ളു. എന്നിട്ട്, അങ്ങി നെ ജീവിതകാലം മുഴുവൻ ശുശ്രൂഷിക്കുവാൻ കൊതി ക്കുകയും ചെയ്തു. പക്ഷേ....പക്ഷെ, വിധി മറിച്ചായി രുന്നു.

ജോണി:—നിങ്ങളുടെ ആഗ്രഹം സഫലമാകാതെ പോയ തിൽ ഒരു ചെറിയ പങ്ക് ഉത്തരവാദിത്വം എനിക്കു മുണ്ട്. ഞാനിന്നു് പശ്ചാത്തപിക്കുന്നു........ക്ഷമി ക്കണം.

ബീന:—ഞങ്ങളത്ര ചീത്തയാണോ ജോണീ?

ജോണി:—ഒരിക്കലുമല്ല സിസ്റ്റർ. നിങ്ങളിൽ, നല്ലവരിൽ നല്ലവരായ എത്രയോ പേരുണ്ട്. പക്ഷെ പലരും അതു കാണുന്നില്ല. അവർ നിങ്ങളുടെ വർഗ്ഗത്തെ മുഴു വൻ താറടിച്ചു മാററി നിറുത്തിയിരിക്കുകയാണ്. പക്ഷെ ഈ നില മാറും സിസ്റ്റർ. നിങ്ങളുടെ മാന്യത സമൂഹം അംഗീകരിക്കും. ആ കാലഘട്ടം അത്ര ദൂര ത്തൊന്നുമല്ല.

ബീന:—(ആദ്യം പറഞ്ഞതിൻെറ തുടർച്ചയെന്നോണം) അദ്ദേഹം വേറൊരു കഴുത്തിൽ താലിവച്ചു. ഞാനസൂ യപ്പെട്ടില്ല. ആ ജീവിതം സുഖമായി —സന്തോഷ മായി—മുന്നോട്ടു പോകാൻ ആശംസകഠം നേന്നതേ യുള്ളു.

ജോണി:—പക്ഷെ വിധി അതിനനുകൂലിച്ചില്ല.

ബീന:—ഞാൻ വളരെയധികം സഹിച്ചിട്ടുള്ളവളാണ്. (വിങ്ങിപ്പൊട്ടിക്കൊണ്ട്) പക്ഷെ ഇതു സഹിക്കാൻ കഴിയുന്നില്ല ജോണി.

ജോണി:—ഞാനാകെ ധർമ്മസങ്കടത്തിലായി സിസ്റ്റർ. ഉറങ്ങിയിട്ടെത്ര ദിവസങ്ങളായി? രാജു രാത്രി മുഴുവൻ കിടന്ന് പിച്ചും പേയും പറയുകയും ഞെട്ടിയെഴുന്നേല്ക്കുകയും ചെയ്യും.

ബീന:—ജോണികൂടി സഹായത്തിനില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നുവെന്ന് ചിന്തിക്കാൻകൂടി വയ്യ

ജോണി:—സിസ്റ്ററിനറിയാമോ—, അടുത്തയാഴ്ച വീട്ടിൽ എൻെറ പെങ്ങളുടെ കല്യാണമാണ്. എനിക്ക് ഒരൊററ പെങ്ങളേയുള്ളു. അവളെ ഒരു മണവാട്ടിയായി കാണാൻ എനിക്കോർമ്മവച്ചകാലം മുതൽ ഞാനാശിക്കുന്നതാണ്. എനിക്ക് ഈ ചുററുപാടിൽ പോകാനൊക്കുമോ?

ബീന:—രാജുവിൻെറ ഭാര്യവീട്ടിൽനിന്നു വന്നവർ മടങ്ങിപ്പോയോ?

ജോണി:—അവരൊക്കെ ശവമടക്കു കഴിഞ്ഞു് പിറേറന്നു തന്നെ മടങ്ങിപ്പോയി. ഒരു കണക്കിന് ആ സ്ത്രീ ഭാഗ്യവതിയാണ്. വേദനയൊന്നുമറിയാതെ ജീവൻ വെടിഞ്ഞല്ലോ. ഇല്ലെ സിസ്റ്റർ?

ബീന:—ങ്ും. എങ്കിലും ഒരുതരം വല്ലാത്ത മനുഷ്യർ. ഒരു ജീവൻ ഇങ്ങോട്ടോ അങ്ങോട്ടോ എന്നറിയാതെ കിടക്കുമ്പോഴാ എങ്ങിനെ ഇട്ടെറിഞ്ഞു പോകാൻ തോന്നി?!

ജോണി:—സിസ്റ്റർ ഒരു കാര്യം ചെയ്യൂ. ഒരു പ്രൈവററ് നെഴ്സിനെ ഏർപ്പാടു ചെയ്യൂ —രാജുവിനെ നോക്കാൻ. ഒരാറം എപ്പോഴും അടുത്തില്ലാതെ പററില്ല പണച്ചെലവ് സാരമില്ല. ഞാൻ വഹിച്ചു കൊള്ളാം.

ബീന:—എന്താ ജോണിക്ക് ഇപ്പോഴങ്ങിനെ തോന്നാൻ?

ജോണി:—എൻെറ ലീവെല്ലാം തീർന്നു. നാളെ മുതൽ ജോലിക്കു പോകാതെ നിവൃത്തിയില്ല.

ബീന:—ജോണി ഇന്നു വീട്ടിൽ പോയി കിടന്നുറങ്ങിക്കൊള്ളൂ.

ജോണി:—രാജുവിൻെറ അടുത്താരെങ്കിലും വേണ്ടേ?

ബീന:—ഞാനുണ്ടാവും. കുറച്ചു കഴിഞ്ഞ് ഞാൻ ഡ്രസ്സു മാറി വാർഡിലേക്ക് പൊയ്ക്കൊള്ളാം.

ജോണി:— നിങ്ങൾക്കിങ്ങനെ ഡ്യൂട്ടിയില്ലാത്തപ്പോൾ വാർഡിൽ ഇരിക്കാനൊക്കുമോ? മേട്രൺ അറിഞ്ഞാൽ കുഴപ്പമല്ലെ?

ബീന:—വാർഡിലിരുന്ന് രാജുവിനെ ശുശ്രൂഷിക്കുവാൻ ഞാൻ സൂപ്രണ്ടിനോടു സ്പെഷ്യൽ പെർമിഷൻ വാങ്ങിയിട്ടുണ്ട്.

ജോണി:—അങ്ങിനെ എത്ര ദിവസത്തേക്ക്?

ബീന:—എൻെറ ഈ വർഷത്തെ ലീവ് ഞാനെടുത്തിരിക്കുകയാണ്. നാളെമുതൽ ഒരു മാസത്തേക്കുണ്ട്.

ജോണി:—വീട്ടിൽ പോകണ്ടേ?

ബീന:—വേണ്ട.

ജോണി:—സിസ്റ്ററിന് വാർഡിൽ ഇരുന്ന് അവനെ നോക്കാനുള്ള അനുവാദം കിട്ടിയത് വലിയ അനുഗ്രഹമായി. എനിക്കു പകുതി ആശ്വാസമായി.

ബീന:—പെർമിഷനു് അപേക്ഷിച്ചപ്പോൾ സൂപ്രണ്ട് എന്നോടു ചോദിച്ചു—രാജു എൻെറ ആരാണെന്ന്.

ജോണി:—എന്നിട്ടെന്തോ പറഞ്ഞു?

ബീന:—ഞാൻ പറഞ്ഞു—ഞാൻ പറഞ്ഞു: ''എൻെറ സഹോദരനാണെന്ന്.'' (അവൾ പൊട്ടിക്കരഞ്ഞുപോയി. നിമിഷങ്ങളോളം നിശ്ശബ്ദം)

ജോണി:—എന്നാൽ ഞാനിപ്പോഠം പോകട്ടെ സിസ്റ്റർ. കുറെക്കഴിഞ്ഞു് നിങ്ങഠം വാർഡിലേക്കു വരുമല്ലൊ. ഞാനവിടെക്കാണും.

ബീന:—ഞാൻ വരാം.

ജോണി:—നിങ്ങളിൽ കാണുന്ന ഈ നന്മ മനുഷ്യരിലില്ല....മാലാഖമാരിലേയുള്ളു. ഇതിനൊക്കെ പ്രതിഫലം.......

ബീനാ:—ജോണീ, നിങ്ങളെന്നെ ആശ്വസിപ്പിക്കരുതു്. ഞാൻ കരഞ്ഞു പോകും. എന്നെ കരയിപ്പിക്കല്ലെ.

(ജോണി സാവധാനം കടന്നു പോയി. ബീനയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണു്.)

യവനിക

## രംഗം 10

(ജോണിയുടെ മുറി. പഴയ സജ്ജീകരണങ്ങൾ തന്നെ. യവനിക നീങ്ങുമ്പോൾ രംഗത്താരുമില്ല. അല്പം കഴിഞ്ഞു് രാജു കുളിച്ചു വരുന്ന മട്ടിൽ പ്രവേശിക്കുന്നു. പൈജാമയും ഷർട്ടും ധരിച്ചിരിക്കുന്നു. രാജുവിനെ ജോണി കൈക്കു പിടിച്ചു കൊണ്ടാണു് വരുന്നതു്. കാരണം, അയാൾ ഒരു കയ്യും രണ്ടു കണ്ണുകളും നഷ്ടപ്പെട്ടവനാണിപ്പോൾ.

രാജുവിനെ കട്ടിലിൽ ഇരുത്തിയിട്ടു് ജോണി അങ്ങേവശത്തേക്കു മാറി. തോർത്തു് ഉണക്കാനിട്ടു്, ചീപ്പുമായി പ്രവേശിച്ചു രാജുവിന്റെ തല ചീകി വയ്ക്കുന്നു. പിന്നെ ഷർട്ടിൻെറ ബട്ടൺസൊക്കെ ശരിക്കിട്ടു കൊടുത്തു. പിന്നെ—)

ജോണി:—എന്നിട്ടു് അവസാനമായി താനെന്തു തീരുമാനിച്ചു?

രാജു:—ഞാൻ വരുന്നില്ല ജോണി?

ജോണി:— താനെന്തിനാണീക്കാര്യത്തിൽ ഇത്ര പിടിവാശി കാണിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

രാജു:—ജോണിക്കു് മനസ്സിലാകും. മറിച്ച് ഭാവിക്കുകയാണു്.

ജോണി:—മനസ്സാക്ഷിക്കു നിരക്കാത്തതൊന്നും പറയരുതു കേട്ടോ.

രാജു:—ഞാനിന്നൊരു ചലിക്കുന്ന മാംസപിണ്ഡം മാത്രമല്ലെ ജോണീ? നിങ്ങൾ വിവാഹിതനാകാൻ നാട്ടിൽ പോകുന്നു. സന്തോഷിക്കേണ്ട സന്ദർഭങ്ങളാണു്. അതിനിടയ്ക്കു് എന്നെ കെട്ടി ചുമക്കേണ്ട ഭാരം നിങ്ങളെയേല്പിക്കുന്നതു് എനിക്കിഷ്ടമുള്ള കാര്യമല്ല.

ജോണി:—ഇഷ്ടമില്ലാത്തതു പലതും ചെയ്യാൻ സാഹചര്യങ്ങൾ നമ്മെ നിർബ്ബന്ധിക്കാറില്ലേ?

രാജ്ജു—ഉണ്ട്. അതിനൊരുദാഹരണമാണ് — നിങ്ങളുടെ കൂടെയുള്ള എന്റെ ഈ വാസം. ജോണി വേദനിക്കു മല്ലോ എന്നു കരുതിമാത്രമാണ്. അല്ലെങ്കിൽ, തപ്പി ത്തടഞ്ഞെങ്കിലും ഏതെങ്കിലുമൊരു റെയിൽപ്പാള ത്തിൽചെന്നു ഞാനെന്റെ ജീവിതമവസാനിപ്പിക്കു മായിരുന്നു

ജോണി:—(അസഹ്യതയോടെ ഉറക്കെ)രാജ്ജു?

രാജ്ജു:—എന്താ?

ജോണി:—(വേദനയോടെ) തന്നെ, ഞാൻ കാര്യമായി ശ്രദ്ധിക്കുന്നില്ലെന്നു തോന്നുന്നുണ്ടോ?

രാജ്ജു:—ഇല്ല ജോണീ, ഒരിക്കലുമില്ല. (അയാളുടെ ശബ്ദം ഇടറി.)

ജോണി:—പിന്നെ താൻ ആത്മഹത്യയെക്കുറിച്ച പറ ഞ്ഞതു്?

രാജ്ജു:—ഈ കുരിശു നിങ്ങളെത്രനാരം ചുമക്കും?

ജോണി:—എന്റെ ചുമലുകരം തളരുന്നിടംവരെ.

രാജ്ജു:—നിങ്ങളുടെ ഭാര്യയ്ക്ക് ഒരു പൊട്ടക്കണ്ണനെ ശുശ്രൂഷി ക്കുന്നതു്....

ജോണി:—എനിക്കു കണ്ണുകരം നഷ്ടപ്പെട്ട ഒരനുജനുണ്ടെന്നും, അവൻ ആജീവനാന്തം എന്നോടൊപ്പം താമസിക്കു മെന്നും, അവനെക്കൂടി ശുശ്രൂഷിക്കാൻ സമ്മതമാ ണെങ്കിൽ മാത്രമെ ഈ വിവാഹം ഉറപ്പിക്കാനാവൂ എന്നും ഞാൻ അവർക്കെഴുതിയ കഥയറിയാമോ തനി ക്കു്? അറിയില്ല. നല്ലൊരു തുക സ്ത്രീധനം കിട്ടാമാ യിരുന്നിട്ടും വെറും പാവപ്പെട്ട ഒരു പെൺകുട്ടി മതിയെന്നു ഞാൻ നിർബ്ബന്ധിച്ചതിന്റെ കാരണം തനിക്കറിയാമോ—? അതുമറിയില്ല.

(ജോണിയുടെ ഓരോ വാക്കുകളിലും സഹോദരസ്നേഹം എന്ന വികാരം വിങ്ങിപ്പൊട്ടിനിന്നിരുന്നു. രാജ്ജുവിനു സഹിക്കാൻ കഴി

ഞ്ഞില്ല. "ജോണീ—ീ" എന്നു വിളിച്ചുകൊണ്ട് അവൻ എഴുന്നേററ് മുന്നോട്ടാഞ്ഞു. ജോണി, ആ നിർഭാഗ്യവാനെ കരവലയത്തിലൊതുക്കിനിറുത്തി തഴുകി ആശ്വസിപ്പിച്ചു. അല്പനേരത്തെ നിശ്ശബ്ദത...)

ജോണി:—വെറും രണ്ടാഴ്ചത്തേക്കാണെങ്കിലും ഞാൻ തന്നെ എവിടെ ആക്കിയിട്ടുപോകും? ആരു ശുശ്രൂഷിക്കും?

രാജു:—(പൊട്ടിക്കരഞ്ഞുകൊണ്ട്) എനിക്കു മരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!?

ജോണി:—ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയുന്ന ഒരു മാർഗ്ഗമുണ്ടായിരുന്നു. ഞാനാലോചിച്ചതാണതു്.

രാജു:—എന്തുമാർഗ്ഗം?

ജോണി:—ഒരിക്കൽ ഞാൻ ചെയ്ത തെററിനു പ്രായശ്ചിത്തവും ആകുമായിരുന്നതു്.

രാജു:—എന്താണെന്നു പറയൂ.

ജോണി:—ബീനയെ ഞാൻ വിവാഹംചെയ്യുക.

രാജു:—ങേ — േ—!?

ജോണി:—അതെ. നിലവിലുള്ള സാമൂഹ്യനീതിയുടെ വക്താവായി ചമഞ്ഞു്, ആ പെൺകുട്ടിയെ താൻ വിവാഹം കഴിക്കുന്നതിനെതിരായി സംസാരിച്ചവനാണു ഞാൻ. പിന്നീടെനിക്കു മനസ്സിലായി—, എൻെറ കണ്ണുകൾക്കു മഞ്ഞപ്പിത്തം ബാധിച്ചിരുന്നു എന്നു്.

രാജു:—എന്നാൽപിന്നെ ജോണിക്കു ഇതേക്കുറിച്ചു ബീനയോടു സംസാരിക്കാമായിരുന്നില്ലേ? അവൾ തീർച്ചയായും സമ്മതിച്ചേനെ.

ജോണി:—രാജുവിനു് ആ പെൺകുട്ടിയെ ഇനിയും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്തതു കഷ്ടമാണു്.

രാജു:—അതെന്താണ്—അങ്ങനെ പറഞ്ഞത്?

ജോണി:—എന്താണെന്നു പറയാം. നാട്ടിൽ വിവാഹാലോചനകൾ നടക്കുമ്പോൾ ഞാനൊരു ദിവസം ബീനയെ ഹോസ്റ്റലിൽ ചെന്നുകണ്ടു. എൻെറ ആഗ്രഹത്തെക്കുറിച്ചു സംസാരിച്ചു.

രാജു:—എന്നിട്ട്?

ജോണി:—അവളുടെ വിവാഹം വർഷങ്ങൾക്കുമുമ്പു കഴിഞ്ഞുപോയെന്നു പറഞ്ഞു. ഭർത്താവ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന്. തനിക്കു മനസ്സിലായോ?

രാജു:—(പൊട്ടിവന്ന സങ്കടം കടിച്ചൊതുക്കിക്കൊണ്ട്) മനസ്സിലായി.

(നിമിഷങ്ങളോളം നിശ്ശബ്ദത.)

ജോണി:—അതുകൊണ്ടു നമുക്കൊരുമിച്ചു നാട്ടിലേക്കുപോകാം. തൻെറ വീട്ടുകാരെ ആരെയും അറിയിക്കണ്ട എന്നാണെങ്കിൽ വേണ്ട. കല്യാണംകഴിഞ്ഞ്, ഒരുമിച്ച് മടങ്ങുകയുംചെയ്യാം.

രാജു:—അതുവേണ്ട ജോണി.

ജോണി:—എന്തുകൊണ്ട്?

രാജു:—(രക്ഷപ്പെടാനെന്നവണ്ണം) ശരി. ഞാൻ ഒന്നുകൂടി ആലോചിക്കട്ടെ. പിന്നെപ്പറയാം.

ജോണി:—നാളെ ടിക്കററ് റിസർവ്വ്ചെയ്യേണ്ടതാണ്.

രാജു:—നാളെയല്ലേ—? സമയമുണ്ടല്ലൊ.

ജോണി:—എന്നാൽ ഞാൻ പോകട്ടെ. കാപ്പി എടുത്ത് തന്നിട്ടുപോകാം.

രാജു:—ഓ.

(ജോണി അങ്ങേവശത്തുചെന്ന് ഫ്ളാസ്കിൽനിന്നു കാപ്പി പകരുന്നു.)

രാജു:—ജോണി, ആ സിഗററുപാക്കററുകൂടി ഇങ്ങെടുത്തോ.

(സിഗരററുപാക്കററും തീപ്പെട്ടിയും അടുത്തുകൊണ്ടുവന്നു വെച്ചിട്ട് കാപ്പിഗ്ലാസ് രാജുവിൻെറ കയ്യിൽ കൊടുത്തു. എന്നിട്ട്—)

ജോണി.—ഇനി ഞാൻ പൊയ്ക്കോട്ടെ.

രാജു:—ശരി.

ജോണി:—ഞാൻ ഉച്ചയ്ക്കുവരും. ഇവിടെയിരുന്ന് അതു മിതും ഓത്ത് കരയരുത്.

രാജു:—ഇല്ല.

(ജോണി പുറത്തേക്കുപോയി. രംഗത്ത് രാജു ഒററയ്ക്കായി. അകലെനിന്ന് ഒരു റേഡിയോഗാനം ഒഴുകിയെത്തി. രാജുവിൻെറ അപ്പോഴത്തെ മാനസിക വ്യാപാരങ്ങളെ പ്രതിഫലിപ്പിക്കുന്ന—വേദന വിങ്ങിവിതുമ്പുന്ന—ഒരു ശോകഗാനം. കാപ്പി പകുതി കുടിച്ചിട്ട്, ബാക്കി ടീപ്പോയിയിന്മേൽവച്ചു. ഒറ്റക്കയ്യുകൊണ്ട് ഒരു സിഗററ്റെടുത്ത് ചുണ്ടിൽവച്ചു, തീപ്പെട്ടിതുറന്ന് കൊള്ളിയെടുത്തു കത്തിക്കാനുള്ള ശ്രമമായി. തീപ്പെട്ടി തെറിച്ചെവിടെയോ വീണു. പാവം! അതു വീണ്ടും കൈക്കലാക്കാൻവേണ്ടി തപ്പിത്തിരയുകയാണ്...ബീന കടന്നുവരുന്നു. രംഗം കണ്ട് അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ രാജുവിനെ പിടിച്ചെഴുന്നേല്പിച്ചു വീണ്ടും കസേരയിലിരുത്തി—പാട്ടു നിലച്ചു.

രാജു:—ആരാണിതു്?

ബീന:—ഞാനാണ്.

(ബീന, തീപ്പെട്ടി തെരഞ്ഞെടുത്ത് സിഗററു കത്തിച്ചുകൊടുക്കുന്നു.)

ബീന:—രാജു?

രാജു:—ഉം.

ബീന:—എന്തൊക്കെയാണ് വിശേഷങ്ങൾ?

രാജു:—(വേദന നിറഞ്ഞ പുഞ്ചിരിയോടെ) ഒരുപാടു വിശേഷങ്ങൾ ഉണ്ട്.

ബീന:—കേൾക്കട്ടെ.

രാജു:—രാവിലെ കുതിരസ്സവാരിക്ക് പോയിരുന്നു. പിന്നെ കുറെ നേരം നീന്തിക്കുളിച്ചു. കുളിച്ചുകയറി ഒരു കപ്പ്

ഓവൽടിന്നും കഴിച്ചിരിക്കുമ്പോഴാണ് ബീന വരുന്നതു്.

ബീന:—(വിഷാദത്തോടെ) ആ നാക്കിൻെറ നീളം ഇനിയും കുറഞ്ഞിട്ടില്ല.

രാജു:—ങാ,—ഇനി അതുംകൂടി ചലിക്കാതാകണം. അപ്പോഴെല്ലാം പൂർത്തിയാകും.

[ബീനയ്ക്കു താൻ പറഞ്ഞതബദ്ധമായി എന്നു തോന്നി. അവൾ, താൻ കൊണ്ടുവന്ന പൊതിയഴിച്ചു് മുന്തിരിപ്പഴം രാജുവിൻെറ കയ്യിൽവച്ചുകൊടുത്തു.]

ബീന:—കുതിരസവാരിയൊക്കെ കഴിഞ്ഞു് ക്ഷീണിച്ചിരിക്കുകയല്ലെ? ഇതു കുറെ കഴിക്കു്.

രാജു:—ഇന്നവധിയാണോ?

ബീന:—അല്ല. ഹാഫ്ഡേയാണ്. പന്ത്രണ്ടരയ്ക്കു് ഡ്യൂട്ടിക്കു പോകണം. (രാജു ധരിച്ചിരിക്കുന്ന ഷർട്ടിൽ സൂക്ഷിച്ചുനോക്കിയിട്ടു്) ഈ ഷർട്ടിനിയും കീറിയില്ലേ രാജു?

രാജു:—ഏതു ഷർട്ടു്?

ബീന:—അന്നൊരിക്കൽ ഞാൻ രാജുവിനൊരു ഷർട്ടു വാങ്ങിത്തന്നില്ലെ? അതാണല്ലോ ഈ ഇട്ടിരിക്കുന്നതു്.

രാജു:—എന്തോ? ജോണി എടുത്തു ധരിപ്പിച്ചിട്ടു് പോയതാണ്. പിന്നെ....ബീനേ.. ?

ബീന:—എന്തോ?

രാജു:—ഞാൻതന്ന സാരി ബീന ഉടുക്കാറില്ലെ?

ബീന:-(ഗദ്ഗദത്തോടെ) അതാണല്ലൊ രാജു ഞാനിപ്പോഴും ഉടുത്തിരിക്കുന്നതു്.

രാജു:—നീ അതൊന്നുടുത്തു കാണുന്നതിനുമുമ്പ് എൻെറ കണ്ണുപോയല്ലൊ ബീനെ.

ബീന:—എനിക്കീ സാരി നല്ല ചേർച്ചയാണെന്നു് കൂട്ടുകാരൊക്കെ പറയും.

രാജു:—ഉം. (മുന്തിരിപ്പഴം തിരിച്ചുകൊടുത്തുകൊണ്ടു്) അവിടെ എവിടെയെങ്കിലും വച്ചേക്കു.

ബീന:—എന്തേ കഴിക്കാത്തതു്?

രാജു:—എനിക്കു മതി.

ബീന:—(പൊതി തിരിച്ചുവാങ്ങിക്കൊണ്ടു്) ജോണിയെവിടെ?

രാജു:-ഓഫീസിൽ പോയി.

ബീന:—പിന്നെ, രാജുവിനെന്താ വേണ്ടതു്?

രാജു:—ഒന്നും വേണ്ട.

ബീന:—ഒന്നും...?

രാജു:—അങ്ങിനെ ചോദിച്ചാൽ, ഒന്നു കിട്ടിയാൽകൊള്ളാമെന്നുണ്ടു്.

ബീന:—എന്താണു്, പറയൂ.

രാജു:—എൻെറ ഒരു കണ്ണിനെങ്കിലും ഒരു നിമിഷനേരത്തേക്കു് കാഴ്ചകിട്ടിയാൽകൊള്ളാമെന്നുണ്ടു്. നിന്നെ ഒരു നോക്കു കാണാൻ മാത്രം.

ബീന:—വെറുതേ എന്നെ കരയിപ്പിക്കല്ലെ രാജു.

രാജു:—ആരംഭംമുതലേ ഞാൻനിന്നെ കരയാൻ മാത്രമാണു് സഹായിച്ചിട്ടുള്ളതു്.

ബീന:—ഓർമ്മയായ നാരംമുതൽ ഞാൻ കരഞ്ഞിട്ടേയുള്ളു. ചിരിച്ചിട്ടില്ല.

രാജു:—എന്നിട്ടും, ആരോരുമില്ലാത്ത എന്നെ ഈ നിലയിലും നീ ശുശ്രൂഷിക്കാൻ വരുന്നതെന്തിനാണു് ബീനേ?

ബീന:—ആരേക്കാളുമധികമായി ഞാൻ രാജുവിനെ സ്നേഹിക്കുന്നതുകൊണ്ടു്.

രാജു:—നിൻെറയീസ്നേഹത്തിനു പകരം നൽകാൻ എൻെറ പക്കൽ ഇനി യാതൊന്നുമില്ല.

ബീന:—പ്രതിഫലം കൊതിച്ചല്ല ഞാൻ അങ്ങയെ സ്നേഹിച്ചതു്.

രാജു:—ബീനേ?

ബീന:—എന്തോ.

രാജു—ഞാനൊന്നു പറയട്ടെ?

ബീന: -രാജു പറയൂ.

രാജു:—ഞാൻ പറയുന്നതു് കേട്ട നീയെൻെറ നേരെ കൊഞ്ഞനം കാട്ടരുതു്. ങാ... ഒരു പക്ഷെ അങ്ങിനെ ചെയ്താലും അതു കാണാൻ എനിക്കു് കണ്ണില്ലല്ലൊ.

[നിശബ്ദമായ ചില നിമിഷങ്ങൾ]

രാജു:—ബീന പോയോ?

ബീ:—ഇല്ല രാജു. ഞാൻ കേൾക്കുന്നുണ്ടല്ലോ.

രാജു:—എൻെറ മാന്യതയെപ്പററി തത്വപ്രസംഗം നടത്തിയ സമൂഹവും, എൻെറ നല്ല ഭാവിക്കുവേണ്ടി ഒരു വിവാഹബന്ധത്തിലേർപ്പെടുത്തിയ വീട്ടുകാരും,.... ആരുമില്ലിപ്പോഠം. എന്നോടു് സ്നേഹപൂർവ്വം ഒരു വാക്കുപറയുവാൻ നീയും ജോണിയും മാത്രമെയുള്ളു. അടുത്ത മാസത്തിൽ ജോണിയുടെ വിവാഹമാണു്. പിന്നെ ഞാൻ....

ബീന:—പക്ഷെ ഞാൻ ബാക്കി കാണും. എന്നെ ആരും കെട്ടാനില്ലല്ലൊ. ഞാൻ നെഴ്സല്ലെ?

രാജു:—(കുററബോധവും വേദനയും കലന്ന സ്വരത്തിൽ) എന്തിനാ ബീനേ, ശവത്തിൽ കുത്തി നോവിക്കുന്നതു്.

ബീന:—ശവത്തിൽ കുത്തുകയല്ല രാജു. ജീവിതകാലം മുഴുവൻ രാജുവിനെ ശുശ്രൂഷിക്കുവാൻ, ലോകത്തിലെ മറേറതൊരു സ്ത്രീയേക്കാളുമുപരി കൊതിച്ചവളാണു് ഞാൻ. പക്ഷെ, നിങ്ങളൊക്കെ മാനിക്കുന്ന സമുദായത്തിലെ ആ ഉയന്ന മണ്ഡലമുണ്ടല്ലൊ...അവരുടെ മുമ്പിൽ എന്നെപ്പോലുള്ളവർ കള്ളനാണയങ്ങളാണു്. പണത്തിനോ പ്രതാപത്തിനോ വേണ്ടി ഞാൻ കൊതിച്ചിട്ടില്ല. എൻെറ ദാഹം ഒരു ഭത്താവിനുവേണ്ടിയു

26817

മായിരുന്നില്ല. എൻെറ ആത്മാവ് ദാഹിച്ചതു് ഒരിററു സ്നേഹത്തിനുവേണ്ടി മാത്രമായിരുന്നു. രാജു ... ഞാനിന്നും അങ്ങയെ സ്നേഹിക്കുന്നു. ഒട്ടും കുറവില്ലാതെ.

രാജു:—ഒട്ടും കുറവില്ലാതെ നീയിന്നുമെന്നെ സ്നേഹിക്കുന്നുണ്ടല്ലൊ. ശരി. ഞാൻ പറയാൻവന്നതു പറയട്ടെ?

ബീന:—പറയൂ.

രാജു:—നീ എനിക്കു വേണ്ടി ഒട്ടേറെ ബുദ്ധിമുട്ടുകൾ സഹിച്ചവളാണു്. ഒരിക്കൽക്കൂടി അല്പം ബുദ്ധിമുട്ടാമോ?

ബീന:—ഒരിക്കലല്ല. ഒരായിരം പ്രാവശ്യംകൂടി ഞാൻ രാജുവിനുവേണ്ടി ബുദ്ധിമുട്ടാം.

രാജു:—എന്നാൽ എനിക്കൊരു ഡബിൾ ഡോസ് മോർഫിയ ഇഞ്ചക്ഷൻ തരാമോ?

ബീന:—(മനസ്സിലാകാതെ) എന്തിനു്?

രാജു:—മരിക്കാൻ!

[ബീന ഞെട്ടിപ്പോയി. അവളുടെ മുഖം ചുവന്നു. ഉറച്ച ശബ്ദത്തിൽ......)

ബീന:—ഓഹോ, പിന്നെ വേറൊന്നും വേണ്ടേ?

രാജു:—ബീനേ, ഞാനവസാനമായി നിന്നോടാവശ്യപ്പെടുന്ന കാര്യമായിരിക്കുമിതു്. നീയെന്നെ സഹായിക്കില്ലെ?

ബീന:—(നിശ്ശബ്ദം. അവൾ നിന്നു് വിങ്ങിക്കരയുകയാണു്)

രാജു:-നീയെൻെറ പൊട്ടിയ കണ്ണുകളിലേക്കു നോക്കു. എന്നെ ഒരു പിച്ചക്കാരനായി തെരുവീഥിയിൽ കാണാനിടവരുന്നതിനേക്കാൾ....

ബീന:-(സഹിക്കാനാവാതെ) മിണ്ടാതിരുന്നില്ലെങ്കിലുണ്ടല്ലൊ....

രാജു:—നീ ചെയ്യില്ല, അല്ലേ?

ബീന:-(നിഷേധാത്മകത്തിൽ) പിന്നെ! ഞാൻ സിറിഞ്ചു നിറച്ചല്ലൊ.

രാജു:-(എല്ലാ നിയന്ത്രണങ്ങളും വിട്ട് പൊട്ടിക്കരഞ്ഞു കൊണ്ട്) എങ്കിൽ, കടന്നുപോകൂ എൻെറ മുമ്പിൽ നിന്നു്. മേലാൽ എന്നെ ആശ്വസിപ്പിക്കാൻ വരരുതു്.

[ബീനയ്ക്കു് ഒരു ഷോക്കേററതുപോലെ തോന്നി. രാജുവിൻെറ വാക്കുകൾ അവളുടെ കാതിലെത്തിയതു തന്നെ വൈകിയാണ്......... മെല്ലെ അവളുടെ ചുണ്ടുകൾ വിതുമ്പാൻ തുടങ്ങി.]

ബീന:-ഞാൻ രാജുവിൻെറ മുമ്പിൽ വരരുതു്....? ഞാൻ രാജുവിൻെറ മുമ്പിൽ വരരുതു്, ഇല്ലേ?

രാജു:-(ഒന്നും ശബ്ദിച്ചില്ല.)

ബീന:-സാദ്ധ്യമല്ല രാജു എനിക്കു് അങ്ങയെ കാണണം. ഒരു നോക്കു കണ്ടിട്ടു് ഒന്നും മിണ്ടാതെ ഞാൻ തിരിച്ചുപോയ്ക്കൊള്ളാം.

രാജു:-ഇനി നീയെന്നെ കാണുന്നെങ്കിൽ, അതീമുറിയിൽ വച്ചായിരിക്കുകയില്ല. ഏതെങ്കിലും തെരുവീഥിയിലോ കടത്തിണ്ണയിലോ വച്ചായിരിക്കും.

ബീന:-രാജുവിനു് അങ്ങിനെയൊരു കാലം വന്നാൽ, അന്നു് കൈപിടിച്ചു് വഴികാണിക്കാൻ ഞാനുണ്ടാവും....; ബീനയുണ്ടാവും രാജു.

[പൊട്ടിക്കരഞ്ഞുകൊണ്ടു ബീന നടന്നകന്നു. രാജുവിൻെറ ചുണ്ടുകൾ 'ബീനേ' എന്നു ശബ്ദിച്ചു. അണിയറയിൽ, ആദ്യം കേട്ട ഗാനത്തിൻെറ ബാക്കിഭാഗം ഉയരുന്നു. രാജു മെല്ലെ എഴുന്നേററു് രണ്ടടി മുമ്പോട്ടു നീങ്ങി. ടീപ്പോയിമേൽവച്ചിരുന്ന ഗ്ലാസ്സും കാപ്പിയും താഴെവീണു തകർന്നു. ആ തകർച്ചയിൽ, നിരാലംബനായ ആ ഹതഭാഗ്യൻെറ ഹൃദയത്തിൻെറ തകർച്ചയും പ്രതിദ്ധ്വനിച്ചിരുന്നു. രംഗം സാവധാനം ഇരുളുന്നു......ഇപ്പോൾ രാജുവിൻെറ മുഖം മാത്രം സ്പോട്ട് ലൈററിൽ കാണാം. കാഴ്ചയററ ആ കണ്ണുകളിൽനിന്നും ജലപ്രവാഹമുണ്ടു്. പശ്ചാത്തലത്തിൽ ഗാനം അപ്പോഴും തുടരുകയാണു്.]

ഒരു നിമിഷം.

യവനിക.

15 FEB 1991
5 NOV 1994
06 FEB 1999

# ദാഹിക്കുന്ന ആ

## കുര്യാക്കോസ്

DC Library
*00026817*
T62 K95

ഇരുപത്തിയഞ്ചുകാരനായ ഒരു യുവാവു് ക്ഷയരോഗബാധിതനായി ബോംബെയിലുള്ള ഒരു ആശുപത്രിയിൽ കഴിയുകയായിരുന്നു. രോഗവിമുക്തനായ അയാൾ, തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ബീന എന്ന നഴ്സിൽ അനുരക്തനായിത്തീരുന്നു. മരുന്നുകൾകൊണ്ടും പണംകൊണ്ടും സർവ്വോപരി സ്നേഹംകൊണ്ടും രാജുവിനെ വീണ്ടെടുത്ത ബീനയെ വിവാഹംചെയ്യുവാൻ രാജുവിനെ പിതാവു് അനുവദിക്കുന്നില്ല. പിതാവിന്റെ നിർബ്ബന്ധത്താൽ രാജു വേറെ ഒരു യുവതിയെ വിവാഹം കഴിക്കുന്നു. ഭാഗ്യവിപര്യയം നിമിത്തം ഒരപകടത്തിൽപെട്ടു് രാജുവിന്റെ ഭാര്യ മരിച്ചു. രാജു അന്ധനായിത്തീരുകയുംചെയ്തു. ബീനയുടെ പരിചര്യയാണു് രാജുവിനെ രക്ഷിച്ചതു്. നിസ്സഹായനായ രാജുവിനെ ശുശ്രൂഷിക്കുന്നതിനുള്ള ഭാരം അവൾ ഏറ്റെടുക്കുന്നതോടെ നാടകം അവസാനിക്കുന്നു.

ബോംബയിലെ ഒരു നഴ്സസ് ക്വാർട്ടേഴ്സിലും ഒരു താഴ്ന്നതരം ജോലിക്കാരന്റെ മുറിയിലുമായി നടക്കുന്ന സംഭവങ്ങളിലൂടെ വ്യക്തിവൈചിത്ര്യം പ്രദർശിപ്പിക്കുന്ന കുറേ കഥാപാത്രങ്ങളെയാണു് ശ്രീ. കുര്യാക്കോസ് കാണികളുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്. പ്രധാനപാത്രങ്ങൾ ഹൃദയത്തെ സ്പർശിക്കും. അപ്രധാനപാത്രങ്ങളിൽ ചിലർ ചിരിപ്പിക്കുകയും സഹതാപം ഉത്തേജിപ്പിക്കുകയുംചെയ്യുന്നു രംഗപ്രയോഗത്തിൽ വിജയകരമാകുന്ന നാടകങ്ങളിൽ ഒന്നാണിതു്".

വിദ്യാർത്ഥിമിത്രം—കോട്ടയം.

# ദാഹിക്കുന്ന ആത്മാവ്



പി.വി. കുരിയാക്കോസ്

T62
K95

Indic Digital Archive Foundation
gpura.org